# ലൂർദ് ജ്യോതി

പാരിഷ് ബുള്ളറ്റിൻ, ചെമ്പേരി





വാല്യം 9 । ലക്കം 2
2023 ജൂലൈ । ആഗസ്റ്റ് । സെപ്തംബർ

lourdejyothi@gmail.com

www.sreesankaracharya.ac.in

# തൊഴിലാണ് ലക്ഷ്യമെങ്കിൽ ശ്രീ ശങ്കരാചാര്യ..

VIBES®
Virtual Interactive Business Experiment System

SAP®



- Professional Accounting
- Graphic Designing
- Video Editing & VFX
- Interior Designing
- Office Automation
- Hardware & Networking

SES Since 1995
SREE SANKARACHARYA
COMPUTER CENTRE ®

SREE SANKARACHARYA COMPUTER CENTRE PVT. LTD.
Corporate Office: KANNUR-2. Ph: 0497 2705 706, +919249991999

BUS STAND SREEKANDAPURAM, PH: 9605577555

# ഉൾത്താളുകളിൽ


| | |
|---|---|
| എഡിറ്റോറിയൽ | - 2 |
| പരി.കന്യാകറിയം സ്വർഗ്ഗാരോപിത | - 3 |
| അറിയാൻ ഓർമ്മിക്കാൻ | - 5 |
| സഭാവാർത്തകൾ | - 6 |
| ലോഗോസ് ബൈബിൾ ക്വിസ് | - 7 |
| വി.തോമാശ്ലീഹ നിർഭയനായ ക്രിസ്തു ശിഷ്യൻ | - 8 |
| ഭാരതത്തിന്റെ ഭാഗ്യതാരം | - 12 |
| വി.ജോൺ മരിയ വിയാനി | - 14 |
| പരി.അമ്മയുടെ സ്വർഗ്ഗാരോപണത്തിരുനാൾ | - 17 |
| സ്വാതന്ത്ര്യാനന്തര ഭാരതം | - 21 |
| അർച്ചന - കവിത | - 26 |
| വഴിത്താര തീർത്തവർ | - 27 |
| ജ്യോതിക | - 30 |
| ആരോഗ്യ രംഗം | - 34 |
| വിശുദ്ധനാട് തീർത്ഥാടനം | - 40 |
| പുതുപൂക്കൾ | - 44 |
| സ്വർഗ്ഗീയ ഭവനത്തിൽ | - 45 |
| വാർത്തകൾ | - 46 |
| നവദമ്പതികൾ | - 51 |
| നിറം കൊടുക്കൂ | - 53 |
| അനുദിന സുവിശേഷം | - 54 |








LOURDE JYOTHI


**രക്ഷാധികാരി**

റവ.ഫാ. ജോർജ് കാഞ്ഞിരക്കാട്ട്

ഫോൺ: 9400897861

**സഹരക്ഷാധികാരി**

റവ.ഫാ. തോമസ് മരശ്ശേരി

റവ.ഫാ. തോമസ് കുമ്പളംതാനത്ത്

**ചീഫ് എഡിറ്റർ**

ശ്രീ. ജ്യോതിരാജ് അയ്യങ്കാനാൽ

ഫോൺ: 9447086681

**അസോസിയേറ്റ് എഡിറ്റർ**

ശ്രീ. സിബി പുന്നക്കുഴിയിൽ

ഫോൺ: 9447548451

**സെക്രട്ടറി**

ശ്രീ. സജിത്ത് കൊച്ചുപറമ്പിൽ

**എഡിറ്റേഴ്സ്**

സി. ഗ്രാസിയ FCC

സി. തേജസ് DST

ശ്രീ. സജീവ് ചെറുവത്തൂർ

ശ്രീ. ജോസ് കാളിയാനിയിൽ

ശ്രീ. ഷൈബി കുഴിവേലിപ്പുറത്ത്

ശ്രീമതി. ജോളി സെബാസ്റ്റ്യൻ കാരക്കുന്നേൽ

ശ്രീ. അഖിൽ മുതുകുളത്തിൽ

**അഡ്വർടൈസ്മെന്റ്**

ശ്രീ. സുനിൽ കണ്ടത്തിൽ

ശ്രീ. ജുവൽ കൊട്ടാരത്തിൽ

ശ്രീ. ജോയി പുതുമനക്കുന്നത്ത്

**ആർട്ടിസ്റ്റ്**

ശ്രീ. എബി പൂവേലിൽ

**വിതരണം**

വാർഡ് പ്രതിനിധികൾ

# ലൂർദ് ജ്യോതി

പാരിഷ് ബുള്ളറ്റിൻ

ലൂർദ് മാതാ ഫൊറോന പള്ളി

ചെമ്പേരി ഫോൺ: 9400062733

Layout & Printing

ALPHONSA PRINTERS

Ph: 7510914620

alphonsachemperi@gmail.com


For private Circulation only

# എഡിറ്റോറിയൽ...

കഴിഞ്ഞ കുറച്ച് നാളുകളായി മാധ്യമങ്ങളിലൂടെ നമ്മൾ കാണുകയും വായിക്കുകയും ചെയ്യുന്നത് ലോകമെങ്ങും, പ്രത്യേകിച്ച് ഇന്ത്യയുടെ വിവിധ ഭാഗങ്ങളിലും നടക്കുന്ന ക്രൈസ്തവ പീഡനങ്ങളുടെ വാർത്തകളാണ്. ഓരോ ക്രൈസ്തവനെ സംബന്ധിച്ചിടത്തോളം ഏറ്റവും ദു:ഖകരമായ വാർത്തകളാണിത്. ഈശോയെ രക്ഷകനായി സ്വീകരിച്ചു എന്ന ഒറ്റ കാരണത്താൽ പീഡനമേൽക്കുന്നവരും കുറവല്ല. ഒരു പക്ഷേ ജീവിതത്തിലെ ഇതുപോലുള്ള സഹനങ്ങളായിരിക്കാം ഒരു ക്രൈസ്തവന് ദൈവത്തോടുള്ള സ്നേഹവും വിശ്വാസവും വിശ്വസ്തതയും കാണിക്കാനുള്ള അവസരങ്ങൾ. നമ്മുടെ ജീവിതത്തിലും ഇതപോലുള്ള സഹനങ്ങൾ ഉണ്ടായേക്കാം.

വിശ്വാസികളുടെ പിതാവായ അബ്രാഹത്തിന്റെയും പൂർവ യൗസേപ്പിന്റെയും അനുഭവങ്ങൾ നമ്മൾ പഴയനിയമത്തിൽ വായിക്കുന്നുണ്ട്.

വി. പത്രോസ് ശ്ലീഹ തന്റെ ലേഖനത്തിൽ ഇപ്രകാരം പറയുന്നുണ്ട്."പ്രിയപ്പെട്ടവരെ നിങ്ങളെ പരിശോധിക്കാനായി അഗ്നിപരീക്ഷകൾ ഉണ്ടാകുമ്പോൾ അപ്രതീക്ഷിതമായി എന്തോ സംഭവിച്ചാലെന്നപോലെ പരിഭ്രമിക്കരുത്" (1 പത്രോസ് 4:12)

വേദനയനുഭവിക്കുന്ന നമ്മുടെ സഹോദരങ്ങളെ നമുക്ക് ചേർത്ത് നിർത്താം. പ്രാർത്ഥനയിലൂടെ ഹൃദയ ഐക്യത്തിലൂടെ പ്രവർത്തനങ്ങളിലൂടെ അവരെ ശക്തിപ്പെടുത്താം. നമ്മുടെ മിഷണറിമാരെയും നമുക്ക് ഓർക്കാം.

"ദൈവത്തെ സ്നേഹിക്കുന്നവർക്ക് അവിടുത്തെ പദ്ധതി അനുസരിച്ച് വിളിക്കപ്പെട്ടവർക്ക് അവിടുന്ന് എല്ലാം നന്മയ്ക്കായി പരിണമിപ്പിക്കുന്നുവെന്ന് നമുക്ക് അറിയാമല്ലോ" (റോമ 8:28)

ഏവർക്കും മാതാവിന്റെ സ്വർഗ്ഗാരോപണത്തിന്റെയും സ്വാതന്ത്ര്യദിനത്തിന്റെയും മംഗളങ്ങൾ ഹൃദയപൂർവം നേരുന്നു.

**ചീഫ് എഡിറ്റർ**
**ജ്യോതിരാജ് അയ്യങ്കാനാൽ**



# പരിശുദ്ധ കന്യകാമറിയം സ്വർഗ്ഗാരോപിത



പരിശുദ്ധ മറിയം ആത്മശരീരങ്ങളോടെ സ്വർഗത്തിലേക്ക് എടുക്കപ്പെട്ടു എന്നത് 1950 നവംബർ 1 ന് പരി.പിതാവ് പന്ത്രണ്ടാം പിയൂസ് മാർപാപ്പ Munificentissimus എന്ന തിരുവെഴുത്തിലൂടെ വിശ്വാസ സത്യമായി പ്രഖ്യാപിച്ചു. “അമലോത്ഭവയും നിത്യകന്യകയും ദൈവമാതാവുമായ മറിയം” തന്റെ ഇഹലോകവാസം പൂർത്തിയക്കിയപ്പോൾ ആത്മശരീരങ്ങളോടെ സ്വർഗത്തിലേക്ക് സംവഹിക്കപ്പെട്ടു.”1946 മുതൽ പന്ത്രണ്ടാം പിയൂസ് മാർപാപ്പ സഭയിലെ എല്ലാ മെത്രാൻമാരുടെയും വിശ്വാസികളുടെയും അഭിപ്രായം ആരാഞ്ഞതിനുശേഷമാണ് ഈ വിശ്വാസ സത്യം പ്രഖ്യാപിച്ചത് എന്നതിനാൽ ഏറ്റവും ജനകീയമായി പ്രഖ്യാപിക്കപ്പെട്ട വിശ്വാസ സത്യം എന്ന പ്രത്യേകതയും ഇതിനുണ്ട്.

സ്വർഗ്ഗാരോപണം എന്ന വിശ്വാസസത്യത്തിന് വി. ഗ്രന്ഥത്തിൽ അടിസ്ഥാനമുണ്ട്. 1 കോറി 15:23 ൽ ഓരോരുത്തരും താന്താങ്ങളുടെ ക്രമമനുസരിച്ചായിരിക്കും ഉയിർക്കുക. ആദ്യം ക്രിസ്തു. പിന്നെ അവനുള്ളവരും. ക്രിസ്തുവിനുള്ളവരിൽ ഏറ്റവും പ്രധാനപ്പെട്ടവൾ എന്ന നിലയിൽ മറിയത്തിന്റെ ഉയിർപ്പും സ്വർഗ്ഗാരോപണവും യുഗാന്ത്യത്തിന് മുമ്പേ സംഭവിച്ചു എന്ന് ന്യായമായും കരുതാം. കുടാതെ മത്താ 27:52–53 ൽ വിശുദ്ധർ യേശുവിന്റെ മരണനേരത്ത് ഉയിർക്കുന്നതിന്റെ വിവരണമുള്ളതിനാൽ യുഗാന്ത്യത്തിന് മുമ്പേയുള്ള ഉയിർപ്പ് എന്ന ആശയം വി.ഗ്രന്ഥത്തിന് അന്യമാണെന്ന് കരുതാനാവില്ല.

ലൂക്ക: 1:28 ൽ മറിയത്തെ കൃപനിറഞ്ഞവൾ എന്നാണ് വിളിക്കുന്നത്. കൃപ തന്നെയായ മറിയത്തിന് അക്ഷയത്വം നൽകാൻ ദൈവം തിരുമനസ്സായി എന്ന് കരുതുന്നത് തികച്ചും യുക്തിസഹമാണ്. മരണം പാപത്തിന്റെ ഫലമാകയാൽ പാപരഹിതയായവൾ മരണമെന്ന ഉറക്കത്തെ മറികടന്ന് സ്വർഗ്ഗത്തിലെത്തി എന്ന വിശ്വാസം യുക്തിഭദ്രമാണ്.

വെളിപാട് 12:1 പരമാർശിക്കുന്ന സ്ത്രീ ഒരേ സമയം സഭയുടെയും മറിയത്തിന്റെയും പ്രതീകമാകയാൽ "സ്വർഗ്ഗത്തിലേക്ക് സംവഹിക്കപ്പെടുന്ന ആ സ്ത്രി" സ്വർഗാരോപിതയാകുന്ന മറിയത്തെക്കുറിച്ചുള്ള പരോക്ഷ സൂചനയായി വ്യാഖ്യാനിക്കാം. സങ്കീ: 13:1–8 ൽ വാഗ്ദാനപേടകം അക്ഷയമായ തടികൊണ്ട് നിർമ്മിച്ചതാണെന്ന പരമാർശവും ഉത്തമഗീതം 8:5 ൽ തന്റെ മണവാളനോട് ചാരിനിൽക്കുന്ന വധുവിനെക്കുറിച്ചുള്ള പരമാർശവും മറിയത്തിന്റെ അക്ഷയത്വത്തെയും സ്വർഗ്ഗപ്രവേശനത്തേയും സൂചിപ്പിക്കുന്നതായി സഭാപിതാക്കൻമാർ വ്യാഖ്യാനിച്ചിട്ടുണ്ട്.

പാപരഹിതയായിരുന്നു എന്നതും ക്രിസ്തുവിനെ സംവഹിച്ച ശരീരം എന്നതും അവിടുത്തെ രക്ഷാകര പദ്ധതിയിൽ ആദ്യന്തം സഹകാരിയായി വളർത്തിയവൾ എന്നതും നിത്യകന്യകയായ അവളുടെ ശരീരത്തിന് ദൈവം അക്ഷയത്വവും സ്വർഗപ്രവേശനവും ഉറപ്പുവരുത്താൻ കാരണമായി.

പൗരസ്ത്യ സഭകൾ ആറാം നൂറ്റാണ്ടുമുതലും റോമൻസഭ ഏഴാം നൂറ്റാണ്ടുമുതലും ആഗസ്ത് 15 ന് മറിയത്തിന്റെ ഉറക്കത്തിരുനാൾ ആഘോഷിച്ചിരുന്നു. ആത്മശരീര വിശുദ്ധിയോടെ ജീവിക്കുന്നവർക്ക് ദൈവം നൽകുന്ന സമ്മാനമാണ് സ്വർഗ്ഗാരോപണം.

**സ്നേഹത്തോടെ,**
**ഫാ.ജോർജ് കാഞ്ഞിരക്കാട്ട്**
**വികാരിയച്ചൻ**




# അറിയാൻ ഓർമിക്കാൻ

| | | |
|---|---|---|
| 2023 ജൂലൈ | 3 | – ദുക്റാന തിരുനാൾ |
| | 25 | – വി. യാക്കോബ് ശ്ലീഹ തിരുനാൾ |
| | 26 | – വി. യൊവാക്കിം, വി. അന്ന |
| | 28 | – വി. അൽഫോൻസാമ്മാ തിരുനാൾ |
| | 31 | – വി. ഇഗ്നേഷ്യസ് ലയോള തിരുനാൾ |
| 2023 ആഗസ്റ്റ് | 1 | – വി. അൽഫോൻസ് ലിഗോരി തിരുനാൾ |
| | 4 | – വി. ജോൺ മരിയ വിയാനി |
| | 6 | – നമ്മുടെ കർത്താവിന്റെ രൂപാന്തരീകരണം |
| | 14 | – വി. മാക്സ്മില്ല്യൻ കോൾബേ |
| | 15 | – മാതാവിന്റെ സ്വർഗ്ഗാരോപണം |
| | | – ഇന്ത്യൻ സ്വാതന്ത്ര്യദിനം |
| | 28 | – വി. അഗസ്റ്റ്യൻ തിരുനാൾ |
| | 29 | – വി. എവുപ്രാസ്യ തിരുനാൾ |
| 2023 സെപ്റ്റംബർ | 1 | – എട്ടുനോമ്പാരംഭം |
| | 5 | – വി. മദർ തെരേസ തിരുനാൾ |
| | 8 | – മാതാവിന്റെ പിറവിത്തിരുനാൾ |
| | 13 | – വി. അന്തോനീസിന്റെ തിരുനാൾ |
| | 14 | – വി. കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ |
| | 21 | – വി. മത്തായി ശ്ലീഹ |
| | 29 | – മാലാഖാമാരായ വി. മിഖായേൽ, വി. ഗ്രബിയേൽ, വി. റഫായേൽ തിരുനാൾ |

# സഭാ വാർത്തകൾ

- ഓസ്ട്രേലിയായിലെ മെൽബൺ സീറോ മലബാർ രൂപതയുടെ രണ്ടാമത്തെ ബിഷപ്പായി മാർ ജോൺ പനത്തോട്ടത്തിൽ സി.എം.ഐ. അഭിഷിക്തനായി. മെൽബൺ ബിഷപ്പായിരുന്ന മാർ ബോസ്കോ പുത്തൂർ വിരമിച്ചതിനെ തുടർന്നാണ് മാർ ജോൺ പനത്തോട്ടത്തിൽ മെൽബൺ രൂപത ബിഷപ്പാവുന്നത്.
- കൊഹിമ രൂപതാ വൈദികൻ ഫാ. ബെന്നി വർഗീസ് എടത്തട്ടേലിനെ ഇറ്റാനഗർ (അരുണാചൽ പ്രദേശ്) രൂപതയുടെ രണ്ടാമത്തെ ബിഷപ്പായി ഫ്രാൻസീസ് മാർപാപ്പ നിയമിച്ചു. ഇറ്റാനഗർ ബിഷപ്പ് ജോൺ തോമസ് വിരമിച്ചതിനെ തുടർന്നാണ് പുതിയ നിയമനം.
- കത്തോലിക്കാ സഭയുടെ വിശ്വാസ കാര്യാലയം അധ്യക്ഷനായി അർജന്റീനിയൻ ആർച്ച് ബിഷപ്പ് ഡോ. വിക്ടർ മാനുവൽ ഫെർണാണ്ടസിനെ ഫ്രാൻസീസ് മാർപാപ്പ നിയമിച്ചു. 2017 മുതൽ വിശ്വാസകാര്യാലയം അധ്യക്ഷനായിരുന്ന കർദിനാൾ ലൂയിസ് ലദാരിയ ഫെറർ വിരമിച്ചതിനെ തുടർന്നാണ് പുതിയ നിയമനം.
- പോർച്ചുഗൽ തലസ്ഥാനമായ ലിസ്ബണിൽ 17-ാമത് ലോകയുവജന സംഗമം ഓഗസ്റ്റ് 1 മുതൽ 6 വരെ നടക്കും. ഫ്രാൻസീസ് മാർപാപ്പ ലോകയുവജന സംഗമത്തിൽ പങ്കെടുക്കും. 2019 ലെ ലോകയുവജന സംഗമം നടന്നത് പനാമയിലായിരുന്നു. വി.ജോൺ പോൾ രണ്ടാമൻ മാർപാപ്പയാണ് ലോക യുവജനസംഗമത്തിന് തുടക്കമിട്ടത്. യുവജനങ്ങളാണ് സഭയുടെ ഭാവി എന്നത് ഉദ്ഘോഷിക്കാനും യുവജന പ്രേഷിതത്വത്തിന്റെ പ്രസ്ക്തി ബോധ്യപ്പെടുത്താനുമാണ് ലോക യുവജന സംഗമം സംഘടിപ്പിക്കുന്നത്.
- ലോക യുവജന സംഗമത്തിൽ പങ്കെടുക്കാൻ പോർച്ചുഗലിൽ എത്തുന്ന ഫ്രാൻസീസ് പാപ്പ ഫാത്തിമയിൽ എത്തുന്നതിന്റെ ലക്ഷ്യം വെളിപ്പെടുത്തി വത്തിക്കാൻ. യുക്രൈൻ ഉൾപ്പെടെ യുദ്ധക്കെടുതിയിലായ സകല രാജ്യങ്ങൾക്കും വേണ്ടി ദൈവമാതാവിന്റെ മാധ്യസ്ഥ്യം തേടാൻ വേണ്ടിയാണ് ഫ്രാൻസീസ് പാപ്പ മരിയൻ ദർശനത്തിൽ പുണ്യഭൂമിയായി മാറിയ ഫാത്തിമയിലെത്തുന്നത്. ഓഗസ്റ്റ് 2 മുതൽ 6 വരെ നീളുന്ന പോർച്ചുഗൽ പര്യടനത്തിൽ 5-ാം തിയ്യതിയാണ് പാപ്പ ഫാത്തിമ സന്ദർശിക്കുന്നത്.
- മംഗോളിയൻ പ്രസിഡണ്ടിന്റെയും രാജ്യത്തെ സഭാ അധികാരികളുടെയും ക്ഷണം സ്വീകരിച്ച് ഓഗസ്റ്റ് 31 മുതൽ സെപ്റ്റംബർ 4 വരെ ഫ്രാൻസീസ് പാപ്പ മംഗോളിയയിൽ അപ്പസ്തോലിക പര്യടനം നടത്തും.
- 2023 ഒക്ടോബർ 4 മുതൽ 29 വരെ ഫ്രാൻസീസ് മാർപാപ്പ വിളിച്ചുചേർക്കുന്ന മെത്രാൻമാരുടെ സിനഡ് വത്തിക്കാനിൽ നടക്കും.

# ലോഗോസ് ബൈബിൾക്വിസ്



1, എലിസബത്ത്  തന്റെ പുത്രനെ പ്രസവിച്ചപ്പോൾ അവളോടൊത്ത് സന്തോഷിച്ചവർ ആരെല്ലാം?
2. ആരുടെ ഭവനത്തിലാണ് നമുക്ക് ശക്തനായ ഒരു രക്ഷകനെ ഉയർത്തിയത്?
3. ശിമയോന്റെ  സ്വദേശം എവിടെ?
4. ഇവൻ തന്നെയോ ക്രിസ്തു എന്നത് യോഹന്നാനെ പറ്റി ചിന്തിപ്പിച്ചത് ആര്?
5. പിശാച് എത്ര നാളത്തേക്ക് യേശുവിനെ വിട്ടുപോയി എന്നാണ് വചനം പറയുന്നത്?
6. സിനഗോഗിൽ ഉണ്ടായിരുന്ന അശുദ്ധാത്മാവ്  യേശു ആരാണെന്നാണ് പറഞ്ഞത്?
7. യേശു എവിടെ ആയിരിക്കുമ്പോൾ ആണ്  കുഷ്ടരോഗി അവന്റെ അടുക്കൽ വന്നത്?
8. ഓരോ വർഷവും എങ്ങനെയാണ് തിരിച്ചറിയപ്പെടുന്നത്?
9. യേശു യോഹന്നാന് നൽകുന്ന  സ്ഥാനം എന്ത്?
10. പിശാച് ബാധിതനെ സുഖപ്പെടുത്തിയശേഷം തിരിച്ചുവന്നപ്പോൾ യേശുവിനെ സ്വാഗതം ചെയ്തത് ആര്?

**ശ്രീമതി ലിസ്സി ജോയി പാറത്താനത്ത്**
**ക്വിസ്മാസ്റ്റർ**

## ലോഗോസ് ബൈബിൾ ക്വിസ് - 2023
## പഠനഭാഗങ്ങൾ

ജോഷ്വ 13-24 | പ്രഭാഷകൻ 27-33
വി.ലൂക്ക 1-8 | 2 കോറി 1-6

### പരീക്ഷാതീയതികൾ

| | |
|---|---|
| രൂപതാതലം | : 2023 സെപ്റ്റ. 24, 2.00 pm -3.30 pm |
| സംസ്ഥാനതലം | : 2023 നവംബർ 5, 2.00 pm -3.30 pm |
| മെഗാഫൈനൽ | : 2023 നവംബർ 18-19, 2.00 pm -3.30 pm |

**രജിസ്ട്രേഷൻ : 2023 ജൂൺ 1 മുതൽ ജൂലൈ 31 വരെ**




# വിശുദ്ധ തോമാശ്ലീഹ നിർഭയനായ ക്രിസ്തു ശിഷ്യൻ

ക്രിസ്തു സന്ദേശം കേരളത്തിലെത്തിച്ച വി.തോമാശ്ലീഹ ഒരു പരിചിന്തന വിഷയവും ആധ്യാത്മിക അനുഭവവുമായിത്തീരണം. 'അവനോടൊപ്പം മരിക്കാൻ നമുക്കും പോകാം' എന്ന സഹശിഷ്യന്മാരോടുള്ള ആഹ്വാനത്തിലൂടെ വി. തോമസിന്റെ പ്രകാശമായവനിലുള്ള വിശ്വാസതീക്ഷണതയും ധൈര്യവും തുറന്ന വിശ്വാസപ്രകടനവുമാണ് വ്യക്തമാക്കുന്നത്. ഈശോയുടെ കൂടെപ്പോയാൽ, അവന്റെ സാക്ഷ്യത്തിനായി ഇറങ്ങിത്തിരിച്ചാൽ എന്തൊക്കെ സഹനങ്ങൾ ഏറ്റെടുക്കേണ്ടി വരുമെന്ന ഉറച്ച ബോദ്ധ്യം അവനുണ്ടായിരുന്നു. ഗുരുവിന്റെ വാക്കുകളും പ്രവർത്തികളും ക്രിസ്തുശിഷ്യനിൽ നിറഞ്ഞു കവിഞ്ഞു എന്ന് വ്യക്തം. ഗുരുവിനോടൊപ്പം ഒറ്റപ്പെടലിന്റെ, പീഡാസഹനങ്ങളുടെ, കുരിശുമരണത്തിന്റെ വഴികളിലൂടെ നമുക്കും പോകാമെന്ന ആഹ്വാനം നടത്താൻ ധൈര്യം കാണിച്ച ഈശോയുടെ ഊർജസ്വലനായ ശിഷ്യൻ.

ഞാൻ പോകുന്നിടത്തേക്കുള്ള വഴി നിങ്ങൾക്കറിയാമെന്ന് ഈശോ പറഞ്ഞപ്പോൾ തോമസ് പറഞ്ഞു."കർത്താവേ, നീ എവിടേക്ക് പോകുന്നു എന്ന് ഞങ്ങൾക്കറിഞ്ഞുകൂടാ. പിന്നെ വഴി ഞങ്ങൾ എങ്ങനെ അറിയും"? ഗുരുവിനോടുള്ള നിഷ്കളങ്കമായ, ഭയരഹിതമായ ക്രിസ്തു ശിഷ്യന്റെ ചോദ്യത്തിന് മുമ്പിൽ സ്വർഗത്തിലേക്കുള്ള വഴിയും സത്യവും

ജീവനും ഞാനാകുന്നു എന്ന വലിയ ആധ്യാത്മിക സത്യം ലോകം മുഴുവനും വേണ്ടി വെളിപ്പെടുത്തുന്നു. ഈശോ പോകുന്ന സ്ഥലവും വഴിയും തോമസ്സിനും സഹശിഷ്യന്മാർക്കും നമുക്കും വ്യക്തമാക്കാൻ അവിടുന്ന് തിരുമനസ്സായി.

ഉയിർത്തെഴുന്നേറ്റ കർത്താവിനെ ഞങ്ങൾ കണ്ടു എന്ന് മറ്റ് ശിഷ്യന്മാർ തോമസ്സിനോട് പറഞ്ഞപ്പോൾ ഗുരുവിനോടൊപ്പം ജീവിച്ച് അവന്റെ പീഡാസഹനങ്ങളും കൈകാലുകളിലെ ആണിപ്പഴുതുകളും പാർശ്വത്തിലെ മുറിവുകളും വ്യക്തമായി അറിയാമായിരുന്ന തോമസ് അവ കണ്ട് തൊട്ടറിഞ്ഞാലേ വിശ്വസിക്കുകയുള്ളു എന്ന് യേശുവിന്റെ ഉത്ഥാനത്തിലുള്ള സംശയം ഭയലേശമന്യേ വീണ്ടും ഉന്നയിക്കുന്നു.

ഉത്ഥിതനായ ഈശോയുടെ പാർശ്വത്തിൽ കൈത്തലം ചേർത്ത് വെയ്ക്കുവാൻ, ആണിപ്പാടുകളിൽ സ്പർശനമേകാൻ അതിലൂടെ 'എന്റെ കർത്താവേ, എന്റെ ദൈവമേ' എന്ന നിലവിളിയിലൂടെ സമ്പൂർണ്ണ സമർപ്പണം നടത്താൻ ഈശോ ക്ഷണിച്ചത് തോമസ്സിനെ മാത്രമാണ്.

കാറും കോളും നിറഞ്ഞ കടൽതാണ്ടി തീക്ഷ്ണമായ ജീവിതാനുഭവങ്ങളിലൂടെ വഴിയും സത്യവും ജീവനുമായവനെ പകർന്നു നൽകി നിത്യജീവനെ പുൽകാനുള്ള തോമസ്സിന്റെ ജീവിതയാത്ര ഇവിടെ അവസാനിക്കുന്ന ഒന്നല്ല. "എന്റെ കർത്താവേ," എന്ന നിലവിളിയുടെ അർത്ഥം അവന്റെ പാർശ്വത്തിലെ തിരുമുറിവിന്റെ ആഴം അവിടെ നിന്നും കിനിഞ്ഞിറങ്ങിയ ദൈവസ്നേഹത്തിന്റെ, രക്ഷയുടെ ബഹിർസ്ഫുരണം, അതാണ് ഭാരതജനതയ്ക്കായി ക്രിസ്തു ശിഷ്യൻ പകർന്നു നൽകിയത്.

മറ്റുള്ളവർ ഈശോയെ കണ്ടു എന്നതിൽ സംതൃപ്തനാകാതെ ഞാൻ തൊട്ടറിഞ്ഞ, എന്നെ തൊട്ട ആഴങ്ങളറിയാത്ത വിശ്വാസ സത്യത്തിലേക്ക് നടന്നടുക്കുവാൻ എനിക്കവനെ കണ്ടാൽ മാത്രം പോരാ അവനെ സ്വന്തമാക്കണമെന്ന ആഗ്രഹമാണ് "അവിശ്വാസിയാകാതെ വിശ്വാസിയായിരിക്കുക"

എന്ന സാന്ത്വനം സ്വന്തം ബോധ്യമാക്കി മാറ്റാൻ തോമസ്സിനെ സഹായിച്ചത്. സംശയങ്ങളും പ്രതിസന്ധികളും തിളക്കമാർന്ന വിശ്വാസചൈതന്യത്തിന്റെ പാരമ്യത്തിലേക്ക് നയിക്കുമെന്ന താണ് വി. തോമാശ്ലീഹ നമുക്ക് നൽകുന്ന ജീവിത സാക്ഷ്യം.ജീവിതത്തിന്റെ അനിശ്ചിതത്വങ്ങളിൽ നമ്മെ ബോധ്യ പ്പെടുത്തുന്ന സമാനതകളില്ലാത്ത ദൈവാശ്രയബോധവും ജ്ഞാനവുമാണ് തോമസ് ഈശോയിൽ നിന്ന് നമുക്കായി നേടി ത്തന്നത്.

ഏ.ഡി. 52 ൽ തോമാശ്ലീഹ കപ്പലിറങ്ങിയ മുസിരിസ് (കൊടുങ്ങല്ലൂർ)സ്ഥാപിച്ച പള്ളികൾ, പ്രാർത്ഥിച്ചിരുന്ന മല കൾ, പ്രേഷിത പ്രവർത്തനങ്ങളെ പ്രഘോഷിക്കുന്ന പാട്ടുകൾ, ഏ.ഡി. 72 ൽ രക്തസാക്ഷിത്വം വരിച്ച മൈലാപ്പൂർ, ചിന്നമല, ശ്ലീഹായുടെ കബറിടം, മാർത്തോമാക്രിസ്ത്യാനികൾ എന്ന നമ്മുടെ വിശ്വാസ പാരമ്പര്യം, ചരിത്രകൃതികൾ എന്നിവ യൊക്കെ വി. തോമാശ്ലീഹ ഭാരതത്തിനു നൽകിയ ക്രിസ്തു സാക്ഷ്യത്തിന്റെ, പ്രേഷിതചൈതന്യത്തിന്റെ നേർ സാക്ഷ്യങ്ങ ളാണ്.

സംശയത്തിന് അണുവിട ഇടംനൽകാതെ ഹൃദയാ ന്ധകാരവും അന്ധവിശ്വാസങ്ങളുമകറ്റി സമ്പൂർണ വിശ്വാസവും അചഞ്ചലമായ പ്രേഷിത പ്രവർത്തന ചൈതന്യത്തിന്റെ മാറ്റൊ ലിയും നമ്മുടെ ജീവിത്തിൽ സൃഷ്ടിക്കാൻ ഈശോയുടെ കരു ത്തുറ്റ ശിഷ്യന്റെ ജീവിതം നമ്മോടും ആവശ്യപ്പെടുന്നു.

വിശ്വാസ പാരമ്പര്യങ്ങളിലും പൈതൃകങ്ങളിലും സാംസ്കാരികാഭ്യുന്നതികളിലും ഊറ്റം കൊള്ളുന്നവരാണ് നമ്മൾ. നമുക്ക് ലഭിച്ചു എന്നവകാശപ്പെടുന്ന ക്രൈസ്തവ വിശ്വാസം അതിന്റെ പൂർണതയിൽ എത്രമാത്രം പ്രോജ്വലിപ്പി ക്കാൻ നമുക്ക് കഴിയുന്നു എന്ന് ചിന്തിക്കേണ്ടത് ഈ കാലഘ ട്ടത്തിന്റെ അനിവാര്യതയാണ്. ക്രിസ്തു സന്ദേശത്തിന്റെ തീജ്വാല ഭാരതത്തിലെത്തിച്ച ക്രിസ്തുശിഷ്യൻ പകർന്നു നൽകിയ വിശ്വാസത്തിന്റെ പേരിൽ വിട്ടുവീഴ്ചയില്ലാത്ത മനോ

ഭാവങ്ങളുമായി പോരടിക്കുന്ന, അവകാശവാദങ്ങളുന്നയിക്കുന്ന സമൂഹം വരും തലമുറയുടെ വിശ്വാസരാഹിത്യത്തിന് തന്നെ കാരണക്കാരായിത്തീരാം. തോമാശ്ലീഹ നമുക്ക് പകർന്നു നൽകിയത് ക്രിസ്തുവിനെയാണ്. മറ്റൊന്നും അദ്ദേഹം കൊണ്ടുവരികയോ കൊണ്ടുപോവുകയോ ചെയ്തിട്ടില്ലെന്ന് നാം തിരിച്ചറിയുമ്പോഴാണ് ക്രൈസ്തവ വിശ്വാസത്തിന്റെ, ആ സ്നേഹജ്വാലയുടെ പ്രവാഹകരാകാൻ നമുക്ക് സാധിക്കുക. നമ്മുടെ ഭവനങ്ങളിലും സമൂഹത്തിലും നമ്മൾ ആയിരിക്കുന്ന ഇടങ്ങളിലും ക്രൈസ്തവവിശ്വാസത്തിൽ അധിഷ്ഠിതമായ കൊച്ചു സ്നേഹസാന്ത്വനമായിത്തീരാൻ ഈ ദു:ഖറാനത്തിരുനാൾ സഹായിക്കട്ടെ.

**ജോസ് കാളിയാനിൽ**

## ബൈബിൾ ക്വിസ് കഴിഞ്ഞ ലക്കം ഉത്തരങ്ങൾ

| | |
|---|---|
| 1 മനുഷ്യന്റെ സ്വഭാവം | (പ്രഭാഷകൻ 27:6) |
| 2. സുദൃഢമാണ് | (27:11) |
| 3. ഭൂസ്വത്ത് | (28:24) |
| 4. വാക്ക് പാലിച്ച് | (29:3) |
| 5. ജാമ്യം | (29:18) |
| 6. അത്യുന്നതന്റെ | (29:11) |
| 7. ദുശ്ശാഠ്യം കാണിക്കും | (30:8) |
| 8. സംസ്ക്കാര സമ്പത്ത് | (31:19) |
| 9. പ്രഭാതത്തിൽ ഉണർന്ന് അവിടുത്തേ അന്വേഷിക്കുന്നവന് | (32:14) |
| 10.ജ്ഞാനി | |

**ബൈബിൾ ക്വിസ് ഉത്തരങ്ങൾ പേര്, വീട്ടുപേര്, ഫോൺ നമ്പർ എന്നിവ എഴുതി കവറിലിട്ട് 2023 സെപ്റ്റംബർ 15ന് മുമ്പായി പള്ളി മുറിയിൽ എത്തിക്കുക. കവറിന് മുകളിൽ ബൈബിൾ ക്വിസ് എന്നെഴുതണം. ഒരു കുടുംബത്തിൽ നിന്നും ഒരാൾ മാത്രമേ പങ്കെടുക്കാവൂ. ശരിയുത്തരം നല്കുന്നവരിൽ നിന്നും നറുക്കെടുത്ത് 2 വിജയികൾക്ക് സമ്മാനം നല്കുന്നതാണ്.**

*കഴിഞ്ഞ ലക്കം "നിറംകൊടുക്കൂ "മത്സര വിജയി*

**ഇവാൻ ജയേഷ് പേരയ്ക്കാട്ടുപൊതിയിൽ**



പുഞ്ചിരി ഒരു തിരിവെട്ടമാണ്.
സങ്കടപ്പെടുന്നവരുടെ
മുഖത്തേക്ക് നോക്കി ഞാൻ
സ്നേഹപൂർവം പുഞ്ചിരിക്കും.
(വി.അൽഫോൻസ)

# ഭാരതത്തിന്റെ ഭാഗ്യതാരം

അമേരിക്കൻ സ്വാതന്ത്ര്യസമരത്തിൽ ഏറെ ശ്രദ്ധേയനായിരുന്ന വ്യക്തിയാണ് രാജ്യതന്ത്രജ്ഞനും തത്വചിന്തകനുമായിരുന്ന ബഞ്ചമിൻ ഫ്രാങ്ക്ളിൻ. ഫിലാഡൽഫിയായിലെ അദ്ദേഹത്തിന്റെ വീടിനു മുന്നിലൂടെ ഒരു വഴി ഉണ്ടായിരുന്നു. കല്ലും കുഴികളും നിറഞ്ഞ ഊടുവഴി. രാത്രി ആ വഴി കടന്നുപോകുന്ന പലരും ഏറെ കഷ്ടപ്പെടുന്നത് അദ്ദേഹത്തിന്റെ ശ്രദ്ധയിൽപ്പെട്ടു. അദ്ദേഹം ഒരു റാന്തൽ വിളക്ക് തെളിച്ച് വീടിനു മുമ്പിലെ മരത്തിൽ തൂക്കിയിട്ടു. ആളുകൾ അതുവഴി സന്തോഷത്തോടെ യാത്ര ചെയ്തു. ഇതിൽ നിന്നാണ് വഴി വിളക്കിന്റെ ആരംഭം കുറിക്കുന്നത്. ക്രിസ്തുവാകുന്ന പ്രകാശം ഉള്ളിൽ തെളിച്ച് കിട്ടിയവർ അത് തങ്ങൾ ജീവിക്കുന്ന ചുറ്റുപാടുകളിൽ പ്രകാശിപ്പിക്കാൻ ആരംഭിക്കുന്നു. യേശുവിൽ നിന്നും പ്രകാശം സ്വീകരിച്ച് ആനേകരെ യേശുവിലേക്ക് ആകർഷിച്ച വിശുദ്ധയാണ് അൽഫോൻസ.

അഗ്നിശുദ്ധിയിലൂടെ നാഥനായി അർപ്പിച്ച ജീവിതം, അതായിരുന്നു അൽഫോൻസാമ്മയുടേത്. 36 വർഷത്തെ അജ്ഞാതവും ഹ്രസ്വവുമായ അവളുടെ ജീവിതത്തിന് തിരശ്ശീല വീഴുമ്പോൾ, ഒരു പത്രവാർത്തയോ, റേഡിയോ പ്രക്ഷേപണമോ അന്നുണ്ടായിരുന്നില്ല. അധികമാരും ആ വാർത്ത അറിഞ്ഞിട്ടുമുണ്ടായിരുന്നില്ല. കാരണം ലോകമറിയുന്ന വൻകാര്യങ്ങളൊന്നും അവൾ ചെയ്തിട്ടില്ല. എങ്കിലും ലോകം അവളെ

അറിഞ്ഞു. അതെ, വിജ്ഞാനികളെ ലജ്ജിപ്പിക്കാൻ ലോകദൃഷ്ടിയിൽ അശക്തമായവയേയും നിസ്സാരങ്ങളയായവയേയും അവഗണിക്കപ്പെട്ടവരേയും ഇല്ലായ്മയെത്തന്നെയും തെരഞ്ഞെടുത്തുയർത്തുന്ന ദൈവം. ദൈവത്തിനും സഹജീവികൾക്കുമായി എരിഞ്ഞുതീർന്ന കൊച്ചുമെഴുകുതിരിയായ അൽഫോൻസാമ്മയേയും വിശുദ്ധിയുടെ മുടി ചൂടിച്ചു. ലോകമാകുന്ന മണലാരണ്യത്തിലൂടെ ജീവിത ക്ലേശമാകുന്ന ഭാരവും വഹിച്ച് കഷ്ടപ്പെട്ട് നീങ്ങുന്ന പഥികർക്ക് താങ്ങും തണലും ശുദ്ധജലവും ആശ്വാസവും ലഭിക്കുന്ന നല്ല ഒരു മരുപ്പച്ചയായി തീർന്നിരിക്കുകയാണവൾ. ലോകം അവളെ വിശേഷിപ്പിക്കുക 'ഭരണങ്ങാനത്തിന്റെ പുഷ്പ'മെന്നും 'കേരളസഭയുടെ റാണി'യെന്നും 'ഭാരതത്തിന്റെ ഭാഗ്യതാര'മെന്നുമാണ്. അവൾ തെളിച്ചുതന്ന നിറദീപം അണയാത്ത വഴിവിളക്കായി മാറട്ടെ നമ്മുടെ ഈ കൊച്ചുജീവിതങ്ങൾ.

**സി. ഷിജി. എഫ്.സി.സി.**


**ലൂർദ് ജ്യോതി പരസ്യ നിരക്ക്**

| | | |
|---|---|---|
| **Back Cover Page (Multi Colour)** | | **Rs. 5000/-** |
| **Front Inner page** | ” | **Rs. 4000/-** |
| **Back Inner Page** | ” | **Rs. 3500/-** |
| **Inner Full Page** | ” | **Rs. 2500/-** |
| **Inner Half Page** | ” | **Rs. 1500/-** |
| **Inner Full Page (Black & White)** | | **Rs. 1000/-** |
| **Inner Half Page** | ” | **Rs. 500/-** |

*Contact:* **സുനിൽ കണ്ടത്തിൽ – 9745606301**

# വിശുദ്ധ ജോൺ മരിയ വിയാനി



ഫ്രാൻസിൽ ലിയോൺസിനു സമീപമുള്ള ഡാർഡില്ലി എന്ന ഗ്രാമത്തിൽ മാത്യു വിയാനിയുടെയും മരിയയുടെയും മകനായി ജോൺ ജനിച്ചു. മതാഭ്യസനം മർദ്ദന വിധേയമായിരുന്ന കാലത്താണ് ജോൺ വിയാനിയുടെ ബാല്യവും യൗവനവും. 1813 ൽ ജോൺ സെമിനാരിയിൽ ചേർന്നു. പഠനം തൃപ്തികരമല്ലെന്നും സ്വഭാവം വിശിഷ്ടമാണെന്നും റെക്ടർ ലിയോൺസിലെ വികാരി ജനറൽ മോൺകർബനെ അറിയിച്ചു. വികാരി ജനറൽ റെക്ടറോട് ചോദിച്ചു: ഭക്തിപൂർവം കൊന്ത ചൊല്ലുമോ..? ദൈവഭക്തിയിൽ ഒന്നാം സ്ഥാനം വിയാനിക്കാണെന്ന് റെക്ടർ പറഞ്ഞു: എങ്കിൽ വിയാനിക്ക് ഞാൻ പട്ടം കൊടുക്കാൻ പോവുകയാണ്. 1815 ഓഗസ്റ്റ് 13 ന് ജോണിന് പട്ടം കൊടുത്തു. രണ്ട് കൊല്ലം ബെയിലിയുടെ കീഴിൽ അസിസ്റ്റന്റ് ആയി ജോലി ചെയ്തു. പിന്നീട് ആർസിലെ വികാരിയായി ജോൺ മരിയ വിയാനിയെ നിയമിച്ചു. കുർബാനയും കുമ്പസാരവും ഇല്ലാതെ ഡാൻസും മദ്യവും മേളവുമായി കഴിഞ്ഞിരുന്ന ആഴ്സ് ഒരു അനുതാപകേന്ദ്രമായി. വിയാനിക്ക് പഠന സാമർത്ഥ്യം ഇല്ലെന്ന് പറയുന്നുണ്ടെങ്കിലും അദ്ദേഹത്തിന്റെ പ്രസംഗങ്ങളും ഉപദേശങ്ങളും എത്ര സുന്ദരമായിരുന്നുവെന്ന് ആബെ മോണൽ എഴുതിയിരിക്കുന്ന ജീവചരിത്രം വിശദമാക്കുന്നുണ്ട്. സ്വർഗം സ്വന്തമാക്കാൻ വേണ്ടി എന്ത് ചെയ്യണമെന്ന് ഒരു വ്യക്തി ചോദിച്ചപ്പോൾ വിശുദ്ധൻ പറഞ്ഞത് ഇപ്രകാരമായിരുന്നു. 'രക്ഷയിലേക്കുള്ള മാർഗ്ഗം എത്രയും ഇടുങ്ങിയതും സങ്കുചിതവുമാണ്'. പ്രായശ്ചിത്തം കൊണ്ട് ശരീരം തീരെ മെലിഞ്ഞതായിരുന്നുവെ

ങ്കിലും നേത്രങ്ങൾ അവസാനംവരെ ദൈവസ്നേഹത്തെ പ്രതി ബിംബിച്ചിരുന്നു. കാര്യമായ രോഗമൊന്നും അദ്ദേഹത്തിന് ഉണ്ടാ യിട്ടില്ല. ഒരാഴ്ചത്തെ ആലസ്യത്തിന് ശേഷം 73-ാം വയസ്സിൽ 1859 ആഗസ്റ്റ് 4-ാം തിയ്യതി അദ്ദേഹം ദിവംഗതനാവുകയാണുണ്ടായത്.

ഒരിക്കൽ ജോൺ മരിയ വിയാനി ജനങ്ങളോട് പറഞ്ഞു: എനിക്ക് 2 എഴുത്ത് ലഭിച്ചു. ഒന്ന് എന്നെ വാനോളം പുകഴ്ത്തിയി രിക്കുന്നു. മറ്റേത് എന്നെ അങ്ങേയറ്റം അപലപിച്ചിരിക്കുന്നു. ആദ്യ ത്തേത് എന്റെ മൂല്യം വർധിപ്പിച്ചില്ല. രണ്ടാമത്തേത് എനിക്ക് യാഥാർത്ഥത്തിലുള്ള ശ്രേഷ്ഠതയ്ക്ക് കുറവ് വരുത്തിയതുമില്ല.... ഈ പ്രശാന്ത മനോഭാവ മാണ് ആധ്യാത്മിക പുരോഗതിക്ക് അഭിലഷണീ യമായിട്ടുള്ളത്. ഈ വിശുദ്ധന്റെ പ്രാർത്ഥന യുടെ ചൈതന്യം ഉൾക്കൊണ്ടുകൊണ്ട് സ്വർഗം സ്വന്തമാക്കാൻ നമുക്ക് ഒരുമിച്ച് ജീവിച്ചു തുട ങ്ങാം...



**ഫാ. തോമസ് മരശ്ശേരി**





GERMAN
പുതിയ ബാച്ചിലേക്കുള്ള
ADMISSION
ആരംഭിക്കുന്നു
@ ചെമ്പേരി വിമൽ ജ്യോതി
എഞ്ചിനീയറിംഗ് കോളേജ്
ആഗസ്റ്റ് ബാച്ചിലേക്കുള്ള
അഡ്മിഷൻ തുടരുന്നു
APPLY ONLINE
www.sanjoseacademy.in
IELTS OET
GERMAN UKVI
NEET - JEE / KEAM ▸ K-TET ▸ K MAT
SANJOSE ACADEMY
VIMAL JYOTHI
CHEMPERI-KANNUR
8281750777, 8281730777



# പരിശുദ്ധ അമ്മയുടെ സ്വർഗ്ഗാരോപണ തിരുനാൾ

പരിശുദ്ധ അമ്മയുടെ പേരിലുള്ള ഏറ്റവും പഴക്കമേറിയ തിരുനാളാണ് സ്വർഗ്ഗാരോപണ തിരുനാൾ.

പരിശുദ്ധ അമ്മയുടെ സ്വർഗ്ഗാരോപണ തിരുനാളിന്റെ ചരിത്രത്തിലൂടെ നാം കടന്നുപോകുമ്പോൾ പരിശുദ്ധ അമ്മ മരിച്ചത് വാർദ്ധക്യത്തിലോ രോഗാവസ്ഥയിലോ അല്ല എന്ന് നമുക്ക് കാണാൻ സാധിക്കും. തന്റെ മകന്റെ മരണശേഷം 14 വർഷത്തോളം മുഴുവൻ സമയവും രോഗികളെ ശുശ്രൂഷിക്കുകയും മറ്റുള്ളവരെ സഹായിക്കുകയും ചെയ്തുകൊണ്ട് തന്റെ മകനെക്കുറിച്ച് പഠിപ്പിച്ച് പരിശുദ്ധ അമ്മ ജീവിച്ചു. തനിക്ക് ലോകം വിട്ടുപോകുവാൻ സമയമായി എന്ന് മനസ്സിലാക്കിയ പരിശുദ്ധ അമ്മ തന്റെ അടുത്തുള്ള അപ്പസ്തോലൻമാരോട് താൻ നിത്യമായ ഉറക്കത്തിലേക്ക് പോകുകയാണെന്ന് പറഞ്ഞ് ഇഹലോകവാസം വെടിഞ്ഞു. അപ്പസ്തോലൻമാർ പരിശുദ്ധ അമ്മയുടെ ശരീരം സീയോൻമലയിലെ കല്ലറയിൽ സംസ്ക്കരിച്ചു. എന്നാൽ മരണ സമയത്ത് അടുത്തില്ലായിരുന്ന തോമാശ്ലീഹായ്ക്ക് പരിശുദ്ധ അമ്മയുടെ ഭൗതീകശരീരം അവസാനമായി ഒന്ന് കാണണമെന്നും കൈകളിൽ ചുംബിച്ച് അനുഗ്രഹം പ്രാപിക്കണമെന്നുമുള്ള അതിയായ ആഗ്രഹത്താൽ പത്രോസ്ശ്ലീഹ കബറിടം തുറക്കാൻ അനുവദിച്ചു. പരിശുദ്ധ അമ്മയുടെ കബറിടത്തിന് അരികിലേക്ക് അടുക്കുംതോറും അന്തരീക്ഷത്തിൽ ചെറുസംഗീതത്തിന്റെയും സുഗന്ധത്തിന്റെയും അനു

ഭവം അവർക്ക് തോന്നി. പരിശുദ്ധ അമ്മയുടെ ശരീരത്തിന് പകരം ഒരു കൂട്ടം പൂക്കളാണ് അവർ അവിടെ കണ്ടത്. ഈശോ വന്ന് പരിശുദ്ധ അമ്മയെ ഉടലോടെ സ്വർഗത്തിലേക്ക് കൂട്ടിക്കൊണ്ടുപോയി എന്നാണ് ഇതുകൊണ്ട് അർത്ഥമാക്കുന്നത്. ഇതാണ് പരിശുദ്ധ അമ്മയുടെ സ്വർഗ്ഗാരോപണത്തെക്കുറിച്ചുള്ള വിശ്വാസം. പിന്നീട് ഹോളിസെപ്പൾച്ചർ ദൈവാലയം നിർമ്മിക്കപ്പെതിന് ശേഷം ക്രിസ്തുവുമായി ബന്ധമുള്ള വിശുദ്ധ സ്ഥലങ്ങളെല്ലാം പുനർനിർമ്മിക്കപ്പെടുകയും ജറുസലേമിലെ ക്രിസ്തുവിശ്വാസികൾ യേശുവിന്റെ ഓർമ്മ പുതുക്കലുകൾ കൊണ്ടാടുകയും ചെയ്തു. അങ്ങനെ പരിശുദ്ധ അമ്മയുടെ കബറിടത്തെ ചുറ്റിപ്പറ്റിയുള്ള ഓർമ്മകളും ആഘോഷിക്കപ്പെട്ടുതുടങ്ങി. ഏഴാം നൂറ്റാണ്ട് മുതൽ "ദൈവമാതാവിന്റെ നിദ്ര" എന്ന പേരിൽ പരിശുദ്ധ കന്യാകാമറിയത്തിന്റെ തിരുനാൾ റോമിൽ ആഘോഷിക്കപ്പെട്ടു. പിന്നീട് മാതാവിന്റെ മരണത്തേക്കാൾ ഉപരിയായി ദൈവീകമായ പലതും ഇതിൽ അടങ്ങിയിരിക്കുന്നുണ്ടെന്നു മനസ്സിലാക്കുകയും "പരിശുദ്ധ മറിയത്തിന്റെ സ്വർഗ്ഗരോപണ തിരുനാൾ എന്ന് ഈ ആഘോഷത്തെ വിളിക്കാൻ തുടങ്ങുകയും ചെയ്തു.

1950 നവംബർ ഒന്നാം തിയ്യതി പന്ത്രണ്ടാം പിയൂസ് മാർപാപ്പയാണ് "അത്യുദാരനായ ദൈവം" (മൂണിഫിചന്തിസീ മൂസ് ദേവൂസ്) എന്ന പ്രമാണരേഖയിലൂടെ "മാതാവിന്റെ സ്വർഗ്ഗാരോപണം" കത്തോലിക്കാസഭയുടെ വിശ്വാസസത്യമായി പ്രഖ്യാപിച്ചത്. പരിശുദ്ധ കന്യകാമാതാവ് ഭൂമിയിലിലെ തന്റെ ജീവിതത്തിന്റെ അവസാനത്തിൽ ഉടലോടെ സ്വർഗത്തിന്റെ മഹത്വത്തിലേക്ക് എടുക്കപ്പെട്ടു എന്ന വിശ്വാസത്തെ പ്രഖ്യാപിക്കുകയാണ് മാർപാപ്പ ഇതിലൂടെ ചെയ്തത്. തീർച്ചയായും അപ്പസ്തോലൻമാരിൽ നിന്നും നമുക്ക് ലഭിച്ചിട്ടുള്ള വിശ്വാസത്തിന്റെ ഒരു ഭാഗം തന്നെയാണ് ഈ വിശ്വാസവും.

"പരിശുദ്ധ മറിയത്തിന്റെ ശരീരവും ആത്മാവും സ്വർഗത്തിന്റെ മഹത്വത്തിലേക്ക് എടുക്കപ്പെട്ടു." എന്ന വസ്തുതയായിരുന്നു പാപ്പായുടെ വിശദീകരണത്തിന്റെ കാതൽ. ഇതോട് കൂടി പുരാതന വിശ്വാസം കത്തോലിക്കാസിദ്ധാന്തം ആവുകയും ദൈവത്താൽ

വെളിപ്പെടുത്തപ്പെട്ട ഒരു സത്യമാണ് സ്വർഗാരോപണം എന്ന് പ്രഖ്യാപിക്കപ്പെടുകയും ചെയ്തു.

ക്രൂശിനായ ഈശോ നാഥൻ തന്റെ അമ്മയായ പരിശുദ്ധ മറിയത്തെ ചൂണ്ടിക്കാണിച്ച് യോഹന്നാൻ ശ്ലീഹായോട് ഇപ്രകാരം പറയുന്നുണ്ട്. "ഇതാ, നിന്റെ അമ്മ" ഈശോയുടെ ഇതേ വാക്കുകൾ തന്നെയാണ് നാം നമ്മുടെ വിശ്വാസ കൈമാറ്റത്തിൽ മറിയത്തോട് ഏറ്റു പറയുന്നതും ദൈവീക പുണ്യങ്ങൾ ആയ വിശ്വാസം, ശരണം, സ്നേഹം എന്നിവയുടെ വിളനിലമാണല്ലോ മറിയം. സ്നേഹമാണ് എല്ലാ പുണ്യങ്ങളുടെയും ഉത്ഭവ കേന്ദ്രം. ഈശോ നാഥൻ നമുക്ക് നൽകിയ ഒരേയൊരു കല്പന "സ്നേഹിക്കുക" എന്നതാണ്. സ്നേഹത്തിന്റെ നിരസനം പാപമാണ്. സ്നേഹത്തെ നിരസിക്കാത്തവളും പൂർണത പ്രാപിച്ചവളുമായ പരിശുദ്ധ മറിയത്തെപ്പോലെ വിശുദ്ധിയിൽ ജീവിക്കുവാൻ ആണ് ഈ സ്വർഗ്ഗാരോപണത്തിരുനാൾ നമ്മോട് ആഹ്വാനം ചെയ്യുന്നത്.

ഈശോയുടെ സ്വർഗ്ഗാരോഹണത്തേക്കാൾ മഹത്വപൂർണ്ണമായിരുന്നിരിക്കണം മറിയത്തിന്റെ സ്വർഗ്ഗാരോപണം. ദൈവപുത്രനെ സ്വീകരിക്കുവാൻ മാലാഖമാർ മാത്രം വന്നുവെങ്കിൽ മറിയത്തെ സ്വീകരിക്കുവാൻ മിശിഹായും വാനവഗണം മുഴുവനും എത്തിയെന്ന് "വിശുദ്ധ പീറ്റർ ഡാമിയൻ"സാക്ഷ്യപ്പെടുത്തുന്നു. ജന്മപാപത്തിന്റെ എല്ലാ കറകളിൽ നിന്നും സംരക്ഷിക്കപ്പെട്ടിരുന്ന അമലോത്ഭവമറിയം അവളുടെ ഭൗതികയാത്ര പൂർത്തിയായപ്പോൾ സ്വർഗീയ മഹത്വത്തിലേക്ക് ആത്മശരീരങ്ങളോടെ സംവഹിക്കപ്പെട്ടു. കർത്താവ് അവളെ പ്രപഞ്ചത്തിന്റെ രാജ്ഞിയായി ഉയർത്തി.

നാഥൻമാരുടെ നാഥനും പാപത്തെയും മരണത്തെയും കീഴടക്കിയവനുമായ തന്റെ പുത്രനോട് അവൾ കൂടുതൽ അനുരൂപപ്പെടുന്നതിന് വേണ്ടിയാണത്. പുത്രന്റെ കൂടെ സ്വർഗത്തിലിരുന്ന് കൊണ്ട് ഭൂമിയിൽ ജീവിച്ചിരുന്നപ്പോഴത്തേതിനേക്കാൾ മാധ്യസ്ഥ്യം വഹിക്കുന്നുണ്ട്. ദൈവം കഴിഞ്ഞാൽ ഏറ്റവും കൂടുതലായി നമ്മൾ ശരണപ്പേടേണ്ടത് പരിശുദ്ധ മറിയത്തിലാണ്. മറിയത്തെ കണ്ടെത്തിയവൻ സകല നന്മയും കണ്ടെത്തിയിരിക്കുന്നു. അവൻ സകല കൃപകളും പുണ്യങ്ങളും കണ്ടെത്തുന്നു. കാരണം മറിയം തന്റെ

ശക്തമായ മാധ്യസ്ഥ്യത്തിലൂടെ ദൈവികവരപ്രസാദത്തിൽ ഒരുവനെ സമ്പന്നനാക്കാൻ വേണ്ടതെല്ലാം സമൃദ്ധമായി നേടിക്കൊടുക്കുന്നു. ഈ ലോകത്തിലായിരിക്കുമ്പോൾ എന്തുമാത്രം അനുകമ്പ സഹിക്കുന്ന മനുഷ്യരോട് അവൾക്കുണ്ടായിരുന്നു എന്ന് മനസ്സിലാക്കുവാൻ കാനായിലെ കല്ല്യാണവിരുന്ന് മാത്രം നോക്കിയാലും മതി. മറ്റുള്ളവർ ആവശ്യപ്പെടാൻ പോലും അവൾ കാത്തുനിന്നില്ല. പരിഹാരത്തിന് വേണ്ടി ആരോട് പറയണമെന്നും എപ്പോൾ എങ്ങനെ പറയണമെന്നും അവൾക്കറിയാം. തന്റെ വത്സല മാതാവിന്റെ അപേക്ഷയും നിർദ്ദേശങ്ങളും ഈശോ തള്ളിക്കളയുന്നില്ല. മാതാവ് ആവശ്യപ്പെട്ടത്കൊണ്ടാണ് ഈശോ ഉടൻ അത്ഭുതം പ്രവർത്തിച്ചത് എന്ന് നാം സുവിശേഷത്തിൽ കാണുന്നുണ്ട്. മനുഷ്യർക്ക് കൃപകൾ കൊണ്ടുവരാൻ ഭൂമിയിലേക്ക് ഇറങ്ങുകയും നമ്മുടെ പ്രാർത്ഥനകൾക്ക് ദൈവാനുഗ്രഹം നേടിയെടുക്കാൻ സ്വർഗത്തിലേക്ക് കരകയറുകയും ആണ് അവൾ എപ്പോഴും ചെയ്തുകൊണ്ടിരിക്കുന്നത്. 'സ്വർഗത്തിലെ ഗോവണി' എന്നാണ് വിശുദ്ധ പീറ്റർ ഡാമിയൻ പരി.മറിയത്തെ വിളിച്ചത്. കന്യാകാത്വത്തിന് അന്തരം വരാത്ത മാതാവേ, നീ മോക്ഷത്തിൽ ആനന്ദമഹിമയോട് കൂടെ മുടി ധരിക്കപ്പെട്ട നാഴിക വാഴ്ത്തപ്പെട്ടതാകട്ടെ! എല്ലാവർക്കും മാതാവിന്റെ സ്വർഗ്ഗാരോപണത്തിന്റെയും സന്തോഷപൂർണമായ സ്വാതന്ത്ര്യ ദിനത്തിന്റെയും മംഗളങ്ങൾ സ്നേഹപൂർവം നേരുന്നു.



**ശോഭ ടോം മറ്റത്തിനാനിക്കൽ**
(ആന്റി ഡ്രഗ്ഗ്സ്സ് സ്റ്റുഡൻസ് യൂണിയൻ(ADSU) അതിരൂപത ചീഫ് ആനിമേറ്ററും മണിക്കടവ് സെന്റ് തോമസ് ഹയർസെക്കൻഡറി സ്കൂൾ അധ്യാപികയും ആണ്)

*ലൂർദ്ജ്യോതിയിൽ വിവാഹം, ജന്മദിനം, ജൂബിലി, മാമോദീസ,*
*ചരമവാർഷികം, സ്ഥാപനങ്ങൾ, മുതലായ പരസ്യങ്ങൾ നല്കുന്നതിന്*
**സുനിൽ കണ്ടത്തിൽ – 9745606301** എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.



# സ്വാതന്ത്ര്യാനന്തര ഭാരതം സ്വപ്നങ്ങളും യാഥാർത്ഥ്യങ്ങളും

## ഒരു തിരിഞ്ഞുനോട്ടം.....

ഇന്ത്യൻ സ്വാതന്ത്ര്യം വജ്ര ജൂബിലി പൂർത്തിയാക്കി. ഒരു തലമുറയുടെ സുദീർഘമായ സ്വപ്നത്തിന്റെ പൂർത്തീകരണമായിരുന്നു അത്. ജനാധിപത്യത്തിന്റെ പുത്തൻ വാതായനങ്ങൾ തുറന്ന് ഇന്ത്യ സ്വതന്ത്രമായത് ലോകമെങ്ങുമുള്ള ഇന്ത്യക്കാരെ അഭിമാന പുളകിതരാക്കി. രാഷ്ട്രത്തിന്റെ സ്വാതന്ത്ര്യത്തിനായി സ്വജീവൻ ബലിയർപ്പിച്ച വീര യോദ്ധാക്കളുടെ അശ്രാന്ത പരിശ്രമത്തെ ആദരപൂർവം നമ്മുക്ക് നമിക്കാം. നൂറ്റാണ്ടുകളോളം ഒരു ജനതയെ ചങ്ങലക്കിട്ട ബ്രിട്ടീഷ് സാമ്രാജ്യത്തെ ഗാന്ധിജിയുടെ നേതൃത്വത്തിൽ നിരായുധരായി നേരിട്ട് വിജയം കൈവരിച്ചത് ലോകം ഇന്നും വിസ്മയത്തോടെയാണ് കാണുന്നത്. ചരിത്രത്തിൽ തങ്കലിപികളിൽ കുറിച്ചിട്ടിരിക്കുന്ന ഈ സമരമാർഗം ഓരോ ഇന്ത്യക്കാരനെയും എക്കാലവും പ്രചോദിതരാക്കും. ഓഗസ്റ്റ് 15 ന് ചെങ്കോട്ടയിൽ ഇന്ത്യൻ ത്രിവർണ പതാക ഉയരുമ്പോൾ ഓരോ ഇന്ത്യക്കാരന്റെ ശിരസ്സും അഭിമാനത്താൽ ഉയർന്ന് നിൽക്കും. പ്രതിബന്ധങ്ങൾക്കും ബഹുസ്വരതകൾക്കിടയിലും നാം നേടിയെടുത്ത രാഷ്ട്രീയ സ്വാതന്ത്ര്യം ഇന്നും മാറ്റ്

കുറയാതെ നിലനിർത്താൻ നമുക്ക് കഴിയുന്നത് നിസ്സാരമല്ല.

**ചോരവീണ മണ്ണിൽ നിന്ന്**

ബാലാരിഷ്ടതകൾ നിറഞ്ഞ സ്വാതന്ത്ര്യാനന്തര ഇന്ത്യയുടെ തുടക്കം ദുരിതങ്ങളുടെയും കാലാപങ്ങളുടേതുമായിരുന്നു. രാഷ്ട്രീയ അനിശ്ചിതത്വങ്ങളും സാമ്പത്തിക ശാസ്ത്ര മുരടിപ്പുകളും പിച്ചവെച്ച കാലത്ത് ഇന്ത്യയെ വല്ലാതെ മാർഗ്ഗതടസ്സം സൃഷ്ടിച്ചു. അരോചകമായ സാമൂഹിക ചുറ്റുപാടുകളും, ഉച്ചനീചത്വങ്ങളും, ദയനീയമായ വിദ്യാഭ്യാസ മേഖലകളും ഇന്ത്യയുടെ ഭാവിക്ക് വിലങ്ങുതടിയായി. പക്ഷേ ഇന്ത്യ അതെല്ലാം അതിജീവിച്ചു. വിഘ്നങ്ങൾ ഇന്ത്യ ചങ്കൂറ്റത്തോടെ നേരിട്ടു. പൂർവപിതാക്കൻമാർ സ്വപ്നം കണ്ടതുപോലെ സ്വാതന്ത്ര്യത്തിലേക്കും ജീവിതത്തിലേക്കും ഇന്ത്യ ഉയിർത്തെണീറ്റു. ഏറ്റവും വലിയ ജനാധിപത്യ രാജ്യമായി ലോകരാഷ്ട്രങ്ങൾക്കിടയിൽ ഇപ്പോൾ ഇന്ത്യ വളർച്ചയുടെ പടവുകൾ കയറുകയാണ്.

**സ്വാതന്ത്ര്യം തന്നെ ജീവിതം**

“വർഷങ്ങൾക്ക് മുൻപ് നാം വിധിയുമായി ഒരു സന്ധിയിൽ ഏർപ്പെട്ടു. ഇപ്പോൾ ആ പ്രതിജ്ഞ വീണ്ടെടുക്കേണ്ട സമയമായിരിക്കുന്നു. ലോകം ഉറങ്ങുന്ന ഈ അർദ്ധരാത്രിയിൽ ഇന്ത്യ ജീവിതത്തിലേക്കും സ്വാതന്ത്ര്യത്തിലേക്കും ഉണരും.”

സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് നെഹ്റു ചെയ്ത പ്രസംഗത്തിൽ നിന്ന് ഇന്ത്യയുടെ സ്വപ്നം വളരെ വ്യക്തമാണ്. സ്വാതന്ത്ര്യവും ജീവിതവും ആയിരുന്നു ഇന്ത്യ കണ്ട സ്വപ്നം. ഇന്ത്യൻ ഭരണഘടനയുടെ ആമുഖവും നമ്മുടെ സ്വപ്നങ്ങൾ അടിവരയിട്ട് അവതരിപ്പിച്ചിട്ടുണ്ട്. എന്നിട്ടും നാം പലപ്പോഴും വീണുപോയി... ജനാധിപത്യ തത്വങ്ങൾ നാം കാറ്റിൽ പറത്തി.

**ദാരിദ്ര്യം; സമ്പത്ത് - അത് ഞങ്ങളുടെ തുറുപ്പ്ചീട്ട്**

സാമ്പത്തിക അസമത്വം നാൾക്കുനാൾ കൂടിവരികയാണിവിടെ. രണ്ടറ്റവും കൂട്ടിമുട്ടിക്കുന്നതിനായി ഒരു വിഭാഗം തോട്ടിപ്പണിയെടുത്തും, റിക്ഷ വലിച്ചും മാനം വിറ്റും, വെയിലും മഴയുമേറ്റ് പാടത്ത് കിളച്ചും ദാരിദ്ര്യത്തിന്റെ ഓവുചാലുകളിലും വഴിയോരത്തും നരകതുല്യം ജീവിച്ചുതീർക്കുമ്പോൾ എവിടെയാണ് ഭരണഘടന ഉറപ്പു നൽകുന്ന സമത്വം? രാഷ്ട്രീയ നേട്ടങ്ങളുടെ ചട്ടുകങ്ങളായും വോട്ട് കുത്തുന്ന ഉപകരണങ്ങളായും ഇവരെക്കാലവും ഭിക്ഷാപാത്രവുമായി ഭരണകൂടത്തിന്റെ പടിവാതിൽക്കൽ കാത്തുനിൽക്കും. അര വയറെങ്കിലും നിറയ്ക്കാൻ. ഉടുതുണിയൊന്നു മാറ്റിയുടുക്കാനും സുരക്ഷിത

മായി ഒന്ന് തലചായ്ച്ചുറങ്ങാനും. അത് കൊണ്ട് പട്ടിണി ജനാധിപത്യത്തിന് ഒരു അലങ്കാരമാണ്.

**ദീപസ്തംഭം; ഞങ്ങൾക്കും കിട്ടണം പണം**

ജനാധിപത്യം ഭൂരിപക്ഷഭരണമാണ്. പക്ഷേ മഹാ ഭൂരിപക്ഷ ജനവിധികളും അപകടകരമാണ്. അത് സ്വേച്ഛാധിപത്യ പ്രവണതകൾക്കും സ്വജനപക്ഷപാതത്തിനും, ജനകീയ പ്രതിഷേധത്തിനും വഴി മറും. ഇന്ത്യൻ കർഷകർ മാസങ്ങളോളം തെരുവിൽ അലമുറയിട്ടിട്ടും അതൊന്ന് കേൾക്കാൻ ജനാധിപത്യ ഭരണകൂടം അമാന്തിച്ചത് എന്തുകൊണ്ട്? ഇന്ത്യയുടെ അഭിമാനമായ ഗുസ്തിതാരങ്ങൾ ഈ അടുത്ത കാലത്ത് തെരുവിൽ നടത്തിയ ഐതിഹാസിക സമരവും വേണ്ടത്ര പരിഗണനയോ പ്രാധാന്യമോ ലഭിക്കാതെ അവസാനിപ്പിക്കേണ്ടിവന്നത് എന്തുകൊണ്ട്? എതിർ ശബ്ദങ്ങൾ തിർത്തും അവഗണിക്കപ്പെട്ടു.

രാഷ്ട്രീയ പ്രവർത്തനം ഇന്ന് ജനസേവമല്ല. മറിച്ച് പണസമ്പാദന മാർഗമായി മാറിക്കഴിഞ്ഞു. അഴിമതിയും കുംഭകോണവും കള്ളപ്പണം വെളുപ്പിക്കലും സർവസാധാരണമാകുമ്പോൾ ഇന്ത്യൻ ജനാധിപത്യം പുഴുക്കുത്തേറ്റ് തളർന്നിരിക്കുന്നു. പാവപ്പെട്ടവന്റെ പിടി അരിയിൽ പോലും കയ്യിട്ടുവാരി നികുതി പിരിച്ച് ഉലകം ചുറ്റി ആർഭാട ജീവിതം നയിക്കുന്നവരും, ചില്ലുമേടകളിലിരുന്ന് നിയമം ഉണ്ടാക്കുന്നവരും ജനാധിപത്യത്തിന് വലിയ ഭാരമാണ്.

**ദുർഗന്ധം; റിസോർട്ട് രാഷ്ട്രീയ നാടകം**

രാഷ്ട്രീയ ധാർമികതയും വിശ്വസ്തതയും അധികാരത്തിനും പണത്തിനും അടിയറവ് വെക്കുന്ന വർത്തമാന രാഷ്ട്രീയ സംഭവവികാസങ്ങൾ അറപ്പുളവാക്കുന്നതാണ്. ജനവിധി കാറ്റിൽ പറത്തി തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളെ കോടികൾ കൊടുത്ത് വാങ്ങുന്ന ഇടപാടിന്റെ പേരാണോ ജനാധിപത്യം? ഇന്ത്യയിൽ പലയിടത്തും ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന 'റിസോർട്ട് രാഷ്ട്രീയം' ജനാധിപത്യത്തിന്റെ മരണമണിയുടെ മുഴക്കമല്ലേ? ജനാധിപത്യത്തിന്റെ ശ്രീകോവിലിൽ നടക്കുന്ന കോലാഹലങ്ങളും വാഗ്വാദങ്ങളും തമ്മിലടിയും പൊതുജനത്തിന്റെ കണ്ണിൽ പൊടിയിടുന്ന വെറും നാടകങ്ങൾ മാത്രമായി. ക്രിമിനൽ കേസ് പ്രതികളും അടിസ്ഥാന വിദ്യാഭ്യാസം പോലുമില്ലാത്തവരും കയ്യൂക്കിലൂടെയും കൗശല വിദ്യകളിലൂടെയും ജനപ്ര

തിനിധികളാകുമ്പോൾ മറ്റെന്താണ് നാം പ്രതീക്ഷിക്കേണ്ടത്?

**നീതിപീഠമേ കണ്ണടയ്ക്കല്ലേ?**

കലാപ ബാധിതർക്കൊപ്പം നിന്ന് നീതിക്ക് വേണ്ടി പൊരുതിയ സാമൂഹ്യപ്രവർത്തകരേയും ഉദ്യോഗസ്ഥരേയും ഗൂഢാലോചന കുറ്റം ചുമത്തി തടവിലാക്കിയപ്പോൾ ഭരണകൂട ഭീകരതയുടെ കാർക്കശ്യം നാം കണ്ടു. എന്നാലും ഇതിലൊരാൾക്ക് ജാമ്യം നീട്ടിക്കൊടുക്കുവാൻ സുപ്രീംകോടതി രാത്രിയിൽ അടിയന്തിര സിറ്റിംഗ് നടത്തിയത് നീതിപീഠത്തിലുള്ള വിശ്വാസം കൂട്ടുന്നു. ശബ്ദമില്ലാത്തവർക്ക് ശബ്ദമായ സ്റ്റാൻസാമി എന്ന ബലഹീനനായ പുരോഹിതനെ ചങ്ങലക്കിട്ട് തുറുങ്കിലടച്ച് ഇഞ്ചിഞ്ചായി കൊന്നപ്പോൾ ഭരണകൂടം നീതിയുടെ കണ്ണും കാതും കൊട്ടിയടച്ചു. തന്റെ ഭാഗം പറയാനുള്ള അവകാശം പോലും നിഷേധിച്ചു. കാപ്പ ചുമത്തി ട്രയൽ പോലുമില്ലാതെ നിശബ്ദമാക്കിയവരുടെ എണ്ണം അനുദിനം പെരുകുന്നത് ഒരു ജനാധിപത്യ രാജ്യത്താണെന്ന് ഓർക്കണം. പേന പടവാളാക്കി പൊരുതി ജീവൻ ത്യജിക്കേണ്ടിവന്ന ഗൗരി ലങ്കേഷ്, നരേന്ദ്ര ദബോൽക്കർ എം.എം. കൽബുർക്കി, കോവിദ് പൻസാരേ.... ഇവരുടെ നിലവിളി ജനാധിപത്യത്തിന് ഭൂക്ഷണമോ? എരിവയർ ഒന്ന് നിറക്കാൻ ഒരുപിടി അന്നം മോഷ്ടിച്ചവന് പോലും കൊലക്കയർ നൽകിയവർ നിർബാധം ഇവിടെ വിഹരിക്കുമ്പോൾ ജനാധിപത്യമേ ഞാൻ ലജ്ജിക്കുന്നു.

**മതം രാഷ്ട്രീയം; ഭായി ഭായി**

മതവും രാഷ്ട്രീയവും കെട്ടുപിണഞ്ഞ ഇന്ത്യൻ മതേതരത്വം ഇന്ന് വലിയ വെല്ലുവിളി നേരിടുന്നുണ്ട്. മതത്തെ രാഷ്ട്രീയക്കാരന്റെ തൊഴുത്തിൽ കെട്ടി ചില മതഭ്രാന്തൻമാർ ഇവിടെ സ്വതന്ത്രമായി മേഞ്ഞു നടക്കുന്നത് അപകടകരമാണ്. ന്യൂനപക്ഷങ്ങളെ ഭയചകിതരാക്കിയും, പുണ്യ സ്ഥലങ്ങൾ പിടിച്ചെടുത്തും, അവഹേളിച്ചും നിഷ്കാസനം ചെയ്ത് ഇന്ത്യൻ മതേതരത്വം അസഹിഷ്ണുതയുടേയും വെറുപ്പിന്റെയും കേദരമായി മാറുന്നു. മണിപ്പൂരിൽ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന അതിഭീകരമായ അന്തരീക്ഷം മുൻക്കൂട്ടി തയ്യാറാക്കിയ തിരക്കഥയുടെ ഭാഗമാണെന്ന നിഗമനം ശരിവെക്കുന്നതാണ് അവിടെ നിന്ന് വരുന്ന റിപ്പോർട്ടുകൾ. നീറോ ചക്രവർത്തിമാരേയെല്ല, ജനാധിപത്യത്തിലും മാനുഷികതയിലും വിശ്വസിക്കുന്ന നേതാക്കളെയാണ് നമുക്ക് ഇനി ആവശ്യം. അല്ലെങ്കിൽ വളരെ പെട്ടെന്ന് തന്നെ ഭരണ

ഘടന ഉറപ്പു നൽകുന്ന മതസ്വാതന്ത്ര്യം ഇവിടെ വെറും കെട്ടുകഥകൾ ആയി മാറിയേക്കാം.

**അസമത്വത്തിന്റെ കണ്ണുനീർത്തുള്ളികൾ**

പെൺകുഞ്ഞുങ്ങൾ തെരുവിൽ വില്പനച്ചരക്കാകുമ്പോൾ പെൺഭ്രൂണം തെരഞ്ഞുപിടിച്ച് കശാപ്പ് ചെയ്യപ്പെടുമ്പോൾ, സ്ത്രീധനം കൊലക്കത്തി ആകുമ്പോൾ ഗാർഹിക പീഡനവും അടിച്ചമർത്തലും നിർബാധം തുടരുമ്പോൾ; തുല്യപരിഗണനയ്ക്കായി ഇന്നും പോരാട്ടം തുടരുമ്പോൾ ജനാധിപത്യമേ പറയു... സ്ത്രീ ദേവതയോ, പരിചാരകയോ, അഭിസാരികയോ?

**മൗനം: ആധിപത്യത്തിന്റെ കത്രികപൂട്ട്**

മാധ്യമങ്ങൾ ജനാധിപത്യത്തിന്റെ നാലാംതൂണുകളാണ്. വിവരങ്ങളുടെയും അഭിപ്രായങ്ങളുടെയും സ്വതന്ത്രപ്രവാഹം ജനാധിപത്യത്തിന് മുതൽക്കൂട്ടാണ്. എന്നിട്ടിപ്പോൾ മാധ്യമസെൻസർഷിപ്പ് ഒരുതരം ഭരണകൂട കടന്നുകയറ്റം ആയി മാറിക്കഴിഞ്ഞു. ഭരണകൂടത്തിനെതിരെ മിണ്ടിപ്പോയാൽ അലോസരപ്പെടുത്തുന്ന ചോദ്യങ്ങൾ ഉരിയാടിയാൽ; പിന്നെ തീട്ടലും വിരട്ടലും, പ്രലോഭനവും, വിലക്കും, കേസും കണ്ടു കെട്ടലും. മാധ്യമങ്ങളെയും ജനകീയ കലാരൂപമായ സിനിമയേയും നവമാധ്യമങ്ങളേയും വരുതിയിലാക്കാനും വായടിപ്പിക്കാനും ഭരണകൂടം നിരന്തരം ശ്രമിക്കുമ്പോൾ ആവിഷ്ക്കാര സ്വാതന്ത്ര്യവും അഭിപ്രായ സ്വാതന്ത്ര്യവും വെറും പാഴ്വാക്കായി. മാധ്യമസ്വാതന്ത്ര്യം ജീവശ്വാസം പോലെയാണ്. പക്ഷേ ലോകരാഷ്ട്രങ്ങൾക്കിടയിൽ മാധ്യമസ്വാതന്ത്ര്യ പട്ടികയിൽ ഇന്ത്യയുടെ നിരാശജനകമയ സ്ഥാനം എല്ലാം വിളിച്ചോതുന്നുണ്ട്.

**സംഗ്രഹം : പ്രത്യാശ, പ്രാർത്ഥന**

ടാഗോറിന്റെ പ്രശസ്തമായ
പ്രാർത്ഥനയോടെ നിർത്താം
“എവിടെ അകതാര് നിർഭയമാകുന്നു;
എവിടെ ശിരസ്സ് ഉയർന്നു നിൽക്കുന്നു....
എവിടെ ഇടുങ്ങിയ ഉൾഭിത്തികളാൽ ലോകം
വിഭജിക്കപ്പെടാതിരിക്കുന്നു....
ആ സ്വതന്ത്ര ആരാമത്തിലേക്കു
എന്റെ രക്ഷിതാവേ എന്റെ നാടിനെ
ഉണർത്തിടണമേ”



**മനോജ് ഓരത്തേൽ**




ലൂർദിൽ വിളങ്ങി വാഴും
അമലോത്ഭവ കന്യേ
ലോകൈകനാഥേ ധന്യേ
വന്ദനം നമോ സ്തുതേ!
മാതൃസ്നേഹത്തിൻ സത്ത
ഹൃത്തിൽ നിറച്ച തായേ
മാലോകർ വാഴ്ത്തിപ്പാടും
റാണി നീ വിമലാംബേ
ഭൂലോക പാപം നീക്കാൻ
ചിത്തമൊരുക്കി മോദേ
ഭൂവാസികൾക്കു നിത്യം
ശക്തി സങ്കേതമാം നീ
താതന്റെ പ്രിയപുത്രി
രക്ഷകന്നമ്മേ നാഥേ
തോരാക്കണ്ണീർ കയത്തിൽ
മർത്യനാലംബം നീയേ
അത്മാവിന്നാഴങ്ങളിൽ
ധ്യാനമായ് നിറയുന്നു
ആകുലമകറ്റിടും
നിൻ സ്നേഹചരിതങ്ങൾ

സഹനചൂളയിൽ ഞാൻ
ഉഴലും വേളകളിൽ
സെഹിയോൻ സ്മരണകൾ
സാന്ത്വനം പകർന്നീടും
സ്വർഗ്ഗത്തിൻ സന്തോഷമേ
മന്നിതിൻ സൗഭാഗ്യമേ
സ്വർലോക നാഥേ നിത്യ
കന്യകേ കൃപാനിധേ
ചെമ്പേരി നാടിനെന്നും
നന്മചൊരിയുമമ്മേ
ചേലെഴും തവപാദേ
അർപ്പിക്കുന്നർച്ചനകൾ



**സാലി ജോസ്**
**വെള്ളിയാംകണ്ടത്തിൽ**




## റവ.ഫാ.ജേക്കബ് പുത്തൻപുര
(1978 -1981)

**ബ**ഹുമാനപ്പെട്ട ഫ്രാൻസീസ് ആറുപറ അച്ചന് ശേഷം ചെമ്പേരി ഇടവകയെ നയിക്കാൻ നിയുക്തനായത് ബഹുമാനപ്പെട്ട ജേക്കബ് പുത്തൻപുര അച്ചനാണ്. ലളിതമായ ജീവിതശൈലിയും നിഷ്കളങ്കമായ പെരുമാറ്റവും അർപ്പണ മനോഭാവവും സർവ്വോപരി ഈശ്വര വിശ്വാസവും കൊണ്ട് ചെമ്പേരിയുടെ ചരിത്രം തിരുത്തിക്കുറിച്ച മഹാനാണ് ബഹുമാനപ്പെട്ട ജേക്കബ് പുത്തൻപുര അച്ചൻ. ചെമ്പേരിയുടെ വികസനത്തിന് ചെമ്പേരി പുഴയ്ക്ക് ഒരു പാലം അനിവാര്യമാണെന്ന് അച്ചൻ തിരിച്ചറിഞ്ഞു. അത് അനുവദിച്ചുകിട്ടുന്നതിന് ഇടവകാസമൂഹത്തിന്റെ നേതൃത്വത്തിൽ ഗവൺമെന്റിനെ സമീപിക്കുകയും ഏറെ താമസിയാതെ പാലം അനുവദിക്കുകയും ചെയ്തു. 1980 ൽ അന്നത്തെ എം.എൽ.എ. ആയിരുന്ന സി.പി. ഗോവിന്ദൻനമ്പ്യാരുടെ സഹായത്തോടെ ഫാ. ജേക്കബ് പുത്തൻപുരയുടെ നേതൃത്വത്തിൽ തെരഞ്ഞെടുക്കപ്പെട്ട ജനകീയ കമ്മറ്റി പാലത്തിന്റെ നിർമാണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. അങ്ങനെ ചെമ്പേരിക്കാരുടെ ചിരകാല സ്വപ്നം പൂവണിഞ്ഞു. ബഹുമാനപ്പെട്ട ജേക്കബ് അച്ചൻ ഇടവകയിലെ ഓരോ കുടുംബത്തെയും അടുത്തറിയുന്നതിനായി വീട് സന്ദർശനം ഒരു പ്രത്യേക ദൗത്യമായി കരുതി. മിക്ക ദിവസങ്ങളിലും ഭവനങ്ങൾ സന്ദർശിച്ച് അവരുടെ വേദനകളും ദുരിതങ്ങളും മനസ്സിലാക്കി അതിനുവേണ്ട നിർദ്ദേശങ്ങളും ഉപദേശങ്ങളും അത് പരിഹ

രിക്കുന്നതിന് അച്ചൻ കാണിച്ച താല്പര്യവും ചെമ്പേരിക്കാർ ഒരിക്കലും മറക്കുകയില്ല. ചെമ്പേരി ഇടവകയിലെ ഓരോ കുടുംബനാഥനെയും പേരെടുത്ത് വിളിക്കാൻ തക്ക ഒരു സ്നേഹബന്ധം അച്ചനുണ്ടായിരുന്നു. 4 വർഷത്തെ സേവനത്തിന് ശേഷം 1981 മെയ്മാസം അദ്ദേഹം ചെമ്പേരി ഇടവകയോട് യാത്ര പറഞ്ഞു. തലശ്ശേരി രൂപതയിലെ വിവിധങ്ങളായ ഇടവകയിലെ സേവനത്തിനുശേഷം അച്ചന്റെ മാതൃരൂപതയായ താമരശ്ശേരിയിലേക്ക് സ്ഥലം മാറി പോയി. അച്ചന്റെ ഹൃദയത്തിൽ ചെമ്പേരി എന്നും നിറഞ്ഞുനിന്നിരുന്നു. അവസാനമായി 2019ലെ തിരുനാൾ ദിനത്തിൽ നമ്മുടെ ഇടവകയിൽ വന്നു ദിവ്യബലി അർപ്പിച്ച് പഴയ സ്നേഹബന്ധം പുതുക്കാൻ അച്ചൻ കാണിച്ച താല്പര്യം ചെമ്പേരിക്കാരുടെ മനസ്സിൽ ഇന്നും നിറഞ്ഞുനിൽക്കുന്നു. 2020 മെയ് മാസം 12-ാം തിയ്യതി താമരശ്ശേരി രൂപതയുടെ പ്രീസ്റ്റ് ഹോമിൽ വെച്ച് അച്ചൻ നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. മെയ് 13 താമരശ്ശേരി രൂപതയിലെ ഈരുട് എന്ന സ്ഥലത്ത് അച്ചന്റെ ഭൗതീക ശരീരം അടക്കം ചെയ്തു. അച്ചനിലൂടെ നമ്മുടെ ഇടവകയ്ക്ക് ലഭിച്ച എല്ലാ അനുഗ്രഹങ്ങളെയും നന്ദിയോടെ ഓർക്കുകയും അച്ചന്റെ ആത്മാവിന്റെ നിത്യശാന്തിയ്ക്കു വേണ്ടി പ്രാർത്ഥിക്കുകയും ചെയ്യാം.

*തയ്യാറാക്കിയത് :* **ഷൈബി കുഴിവേലിപ്പുറത്ത്**
**സജീവ് ചെറുവത്തൂർ**

**അടുത്ത ലക്കം ലൂർദ്ജ്യോതിയിൽ പ്രസിദ്ധീകരിക്കേണ്ട ലേഖനം, കഥ, കവിത (ക്രിസ്തീയ മൂല്യങ്ങളിൽ അധിഷ്ഠിതമായവ) കത്തുകൾ, തുടങ്ങിയവ പേരും ഫോൺ നമ്പറും, ഫോട്ടോയും ഉൾപ്പെടെ 2023 ആഗസ്റ്റ് 15ന് മുമ്പായി പള്ളി മുറിയിൽ എത്തിക്കേണ്ടതാണ്. കവറിന്റെ പുറത്ത് ഉള്ളടക്കം രേഖപ്പെടുത്തിയിരിക്കണം.**

# തളിപ്പറമ്പിൽ പണിപൂർത്തിയായ
# ആഡംബര വില്ലകൾ




**5 ലക്ഷം അഡ്വാൻസ്**

**ബാക്കി 15 വർഷത്തെ ലോൺ സൗകര്യം**

**ഗൾഫുകാർക്കും ജോലിക്കാർക്കും മാത്രം**

- സ്വിമ്മിംഗ്പൂളുള്ള തളിപ്പറമ്പിലെ ആദ്യ വില്ല പ്രൊജക്ട്
- 3, 4 ബെഡ്റൂം

Conference Hall | Library | Club House | Gym | Open Well | Shuttle Court
Borewell | 5 Mtr Wide Tarred Road | Childrens Play Area | Bio Gas Plant
Garden | 24x7 Security | Drivers' Dormitory | Waste Management System

# കരുവഞ്ചാലിൽ വിവിധ ഡിസൈനുകളിൽ
# പണിപൂർത്തിയായ വീടുകൾ

**2 ലക്ഷം അഡ്വാൻസ്**

**ബാക്കി 15 വർഷത്തെ ലോൺ സൗകര്യം**

**ഗൾഫുകാർക്കും ജോലിക്കാർക്കും മാത്രം**

- 2, 3, 4 ബെഡ്റൂം
- 7 മുതൽ 14 സെന്റ് വരെ
- ആധുനിക സൗകര്യങ്ങൾ




CMR VILLA PROJECT


Taliparamba, Kannur
www.cmrdevelopers.com

Call: 97 4447 5555



വിശ്വാസ പരിശീലന അധ്യയന വർഷം ഉദ്ഘാടനം





ഗ്രാന്റ്പാരന്റ്സ് ഡേ ആഘോഷം



സെന്റ് തോമസ് ഡേ ആചരണം



സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി
ചെമ്പേരി ശാഖാ ലൂർദ് മാതാ കോൺഫറൻസിന്റെ
സുവർണ ജൂബിലി ആഘോഷം






# സ്വർഗ്ഗീയ ഭവനത്തിൽ 15ാം വർഷം

## 24.07.2023



## ദർ എം.ജെ. ജോസഫ് മുതുകുളത്തിൽ (കുഞ്ഞേട്ടൻ)

പുറഞ്ഞാൺ, ചെമ്പേരി

ആത്മാവിന് നിത്യശാന്തി
നേർന്നുകൊണ്ട്,

മക്കൾ, മരുമക്കൾ,
കൊച്ചുമക്കൾ, ബന്ധുമിത്രാദികൾ

**DAR. M.J. JOSEPH MEMORIAL INDUSTRIES**

**PURANJAN,CHEMPERI**



SINCE 1964

# ST. JOSEPH'S HOSPITAL

TO SERVE WITH LOVE

Karuvanchal, Kannur, Kerala

www.karuvanchalstjosephshospital.in

9400062912 | 04602245203

ISO 9001 CERTIFIED

24 EMERGENCY SERVICE

ST. JOSEPH'S HOSPITAL 59 Years Experience



| 24 x 7 SERVICES<br>24 x 7 സേവനങ്ങൾ | OTHER SERVICE<br>മറ്റ് സേവനങ്ങൾ |
|---|---|
| EMERGENCY DEPARTMENT (RMO)<br>എമർജൻസി ഡിപ്പാർട്ട്മെന്റ് (RMO) | MAJOR & MINOR OPERATION THEATRE<br>മേജർ & മൈനർ ഓപ്പറേഷൻ തീയേറ്റർ |
| DIALYSIS<br>ഡയാലിസിസ് | MICU, NICU, PICU AND VENTILATOR<br>MICU, NICU, PICU & വെന്റിലേറ്റർ |
| PHARMACY<br>ഫാർമസി | PHYSIOTHERAPY<br>ഫിസിയോതെറാപ്പി |
| LABORATORY<br>ലബോറട്ടറി | SPEECH AND HEARING TEST<br>സ്പീച്ച് & ഹിയറിംഗ് ടെസ്റ്റ് |
| X-RAY<br>എക്സ്-റേ | HEALTH CHECKUP PACKAGES<br>ആരോഗ്യ പരിശോധന പാക്കേജുകൾ |
| BLOOD STORAGE<br>ബ്ലഡ് സ്റ്റോറേജ് | GOVERNMENT, PRIVATE HEALTH INSURANCE<br>ഗവൺമെന്റ്, സ്വകാര്യ ആരോഗ്യ ഇൻഷുറൻസ് |
| AMBULANCE<br>ആംബുലൻസ് | CSSD<br>സി.എസ്.എസ്.ഡി. |
| ECG<br>ഇ.സി.ജി. | PALLIATIVE CARE UNIT<br>പാലിയേറ്റീവ് കെയർ യൂണിറ്റ് |
| HOME CARE SERVICE<br>ഹോം കെയർ സർവ്വീസ് | CANTEEN<br>കാന്റീൻ |
| MORTUARY<br>മോർച്ചറി | |

| DEPARTMENT | ഡിപ്പാർട്ട്മെന്റ് |
|---|---|
| GENERAL MEDICINE | ജനറൽ മെഡിസിൻ |
| ORTHOPEDICS | ഓർത്തോപീഡിക്സ് |
| ENT | ഇ.എൻ.ടി. |
| GENERAL SURGEON | ജനറൽ സർജൻ |
| GYNECOLOGY | ഗൈനക്കോളജി |
| PEDIATRICS | പീഡിയാട്രിക്സ് |
| RADIOLOGY | റേഡിയോളജി |
| DENTAL | ഡെന്റൽ |
| ANESTHESIOLOGY | അനസ്തേഷ്യോളജി |
| DERMATOLOGY | ഡെർമറ്റോളജി |
| PULMONOLOGY | പൾമണോളജി |
| NEPHROLOGY | നേഫ്രോളജി |
| CARDIOLOGY | കാർഡിയോളജി |
| UROLOGY | യൂറോളജി |
| GASTROENTEROLOGY | ഗ്യാസ്ട്രോ എന്ററോളജി |
| NEUROLOGY | ന്യൂറോളജി |
| COUNSELLING PSYCHOLOGY | കൗൺസിലിംഗ് സൈക്കോളജി |

ജ്യോതിക
Jyothika

ഫാ.മാത്യു മണ്ണാപറമ്പിൽ



ഈ ലക്കത്തിൽ സഭയ്ക്കുവേണ്ടി വിശ്വാസ സമൂഹത്തിനുവേണ്ടി ജീവരക്തസാക്ഷിത്വം വഹിച്ച് വിശുദ്ധിയുടെ വഴിയെ നടന്നു നീങ്ങിയ ആദർശ ധീരനും കർമ്മയോഗിയുമായ പാട്നയിലെ സസ്രാം ഇടവകയുടെ ചെമ്പേരി ഇടവകാംഗവുമായ ഫാ. മാത്യു മണ്ണാപറമ്പിലിന്റെ രക്തസാക്ഷിത്വത്തിന്റെ ഓർമകൾ പങ്കുവെക്കുന്നു. സഹോദരൻ ശ്രീ. വിൻസെന്റ് മണ്ണാപറമ്പിലുമായി നടത്തിയ അഭിമുഖത്തിൽ നിന്ന്

***ഫാ. മാത്യു മണ്ണാപറമ്പിലിന്റെ ജനനം എവിടെയായിരുന്നു? ഏത് വർഷമാണ് ചെമ്പേരിയിലേക്ക് വന്നത്?**

ഫാ.മാത്യു മണ്ണാപറമ്പിലിന്റെ ജനനം 1938 ജൂലൈ 14 ന് പാലാ രൂപതയിലെ അറക്കുളം ഇടവകയിൽ ആയിരുന്നു. മണ്ണാപറമ്പിൽ വർഗ്ഗീസ് - മറിയം ദമ്പതികളുടെ 9 മക്കളിൽ മൂന്നാമത്തെ മകനാണ് മത്തായി എന്നു വിളിപ്പേരുള്ള ഫാദർ മാത്യു. 8 ആൺകുട്ടികളും ഒരു പെൺകുട്ടിയും അടങ്ങുന്ന കുടുംബം 1950 ൽ ആണ് ചെമ്പേരിയിൽ എത്തി പൊൻമലയിൽ താമസം ആരംഭിക്കുന്നത്.

***ഫാദർ മാത്യുവിന്റെ വിദ്യാഭ്യാസം എവിടെയായിരുന്നു.?**

3-ാം ക്ലാസ്സ് വരെ പാലായിലെ അറക്കുളത്ത് പഠിച്ചു. അതിനു ശേഷമാണ് കുടുംബസമേതം ചെമ്പേരിയിലേക്കു വരുന്നത്. 4-ാം ക്ലാസ്സ് മുതൽ 7-ാം ക്ലാസ്സ് വരെ ചെമ്പേരി നിർമല സ്കൂളിലും 8,9,10 ക്ലാസ്സുകൾ തളിപ്പറമ്പ് മൂത്തേടത്ത് ഹൈസ്കൂളിലുമാണ് പഠിച്ചത്. കോഴിക്കോട് ദേവഗിരി കോളേജിൽ പ്രീഡിഗ്രി പഠിച്ചു.

***ഏത് വർഷമാണ് സെമിനാരിയിൽ ചേർന്നത്? എവിടെ നിന്നാണ് വൈദിക പഠനം പൂർത്തിയാക്കിയത്?**

1972 മാർച്ച് 22ന് രാവിലെ 8 മണിക്ക് ഈശോ സഭാംഗമായിരുന്ന കോഴിക്കോട് രൂപതാ മെത്രാൻ റൈറ്റ് റവ.ഡോ.അൽദോ മരിയ പത്രോണിയിൽ നിന്നും ചെമ്പേരി പള്ളിയിൽ വെച്ച് ഫാ. മാത്യു വൈദികപട്ടം സ്വീകരിച്ചു.

***തിരുപ്പട്ട സ്വീകരണത്തിനുശേഷം അച്ചൻ എവിടേക്കാണ് മിഷൻ പ്രവർത്തനത്തിനായി പോയത്?**

തിരുപ്പട്ടസ്വീകരണത്തിന് ശേഷം അച്ചൻ പാട്നയിലേക്കു പോയി. ബീഹാറിലെ ഗ്രാമ

പ്രദേശങ്ങളിൽ സേവനം ചെയ്യുന്ന ഒരു മിഷണറി ആകണമെന്നതായിരുന്നു അച്ചന്റെ ആഗ്രഹം. പാവങ്ങളോട് പ്രത്യേക സ്നേഹവും അനുകമ്പയും ഉണ്ടായിരുന്നതിനാൽ അവിടെ സമൂഹനന്മയ്ക്കായി പ്രവർത്തിച്ചുപോന്നു.

**** ഏത് വർഷമാണ് സസ്രാം ഇടവകയിൽ വൈദികനായി നിയമിക്കപ്പെട്ടത്? വൈദികനായ എത്ര വർഷം സേവനം ചെയ്തു?***

1975 ൽ ആയിരുന്നു സസ്രാം ഇടവകയിൽ വൈദികനായി നിയമിതനാകുന്നത്. വൈദികനായി 8 വർഷം സേവനം അനുഷ്ഠിച്ചു. എല്ലാ വർഷവും അവധിക്ക് വീട്ടിൽ വരുമായിരുന്നു.

****എപ്പോഴാണ് വീട്ടിൽ അവസാനമായി വന്നത്?***

1979 മർച്ചിൽ ആണ് അവസാനമായി വീട്ടിൽ വന്നത്. രണ്ട് ദിവസം കഴിഞ്ഞപ്പോൾ അച്ചൻ വിഷമിച്ചിരിക്കുന്നത് കണ്ട് അമ്മ ചോദിച്ചു എന്ത് പറ്റിയെന്ന്? അപ്പോൾ അച്ചൻ പറഞ്ഞു. ഞാൻ പള്ളി ഏല്പിച്ചിട്ട് പോന്നത് ഫാദർ മേനിനെയാണ്. അദ്ദേഹത്തെ കൊള്ളക്കാർ വെടിവെച്ച് കൊന്നു. ഇനി ഒരു പക്ഷേ അടുത്തത് എന്നെയായിരിക്കാം എന്നും പറയുകയുണ്ടായി.

****ഫാദർ മാത്യുവിന്റെ മരണവുമായ ബന്ധപ്പെട്ട കാര്യങ്ങൾ ഒന്ന് വ്യക്തമാക്കാമോ?***

തീർച്ചയായും. വീട്ടിൽ നിന്ന് തിരികെ പോയതിന് ശേഷം 1980 മാർച്ച് 7 നാണ് അദ്ദേഹം കൊള്ളക്കാരുടെ വെടിയേറ്റ് മരിച്ചു എന്ന വാർത്ത അറിയുന്നത്. അന്ന് ഫോൺ സംവിധാനങ്ങൾ ഒന്നും തന്നെ ഇല്ലാതിരുന്നതിനാൽ 3 ദിവസത്തിന് ശേഷമാണ് വീട്ടിൽ അറിയുന്നത്. സസ്രാമിൽ നിന്നും കോഴിക്കോട്ടേക്കും അവിടെ നിന്നും തലശ്ശേരിക്കും പിന്നീട് ചെമ്പേരിക്കും അറിയിക്കുകയാണ് ചെയ്തത്. അപ്പോഴേക്കും പേരക്കാട്ട് പൊതിയിൽ അച്ചന്റെ സാന്നിധ്യത്തിൽ പാട്നയിലെ സസ്രാം പള്ളിയിൽ മൃതസംസ്ക്കാര കർമ്മങ്ങൾ നടന്നുകൊണ്ടിരിക്കുകയായിരുന്നു. ഞങ്ങൾക്കാർക്കും അതുകൊണ്ട് മൃതസംസ്ക്കാരത്തിന് പോകാൻ സാധിച്ചില്ല.

**** അച്ചനെ കൊള്ളക്കാർ ആക്രമിക്കാനുണ്ടായ സാഹചര്യം എന്താണ് ?***

ക്രൂരമായ ഈ കൊലപാതകം മുൻക്കൂട്ടി ആസൂത്രണം ചെയ്തതായിരുന്നു. പാട്നയിലെ പാവപ്പെട്ട ക്രിസ്ത്യൻ സമൂഹത്തിന്റെ ഭൗതികവും സാമൂഹികവുമായ വികസനങ്ങൾക്കായും സ്കൂൾ അധികൃതർക്ക് ശമ്പളം നൽകുന്നതിനായും യു.എസ്. ൽ നിന്ന് ലഭിച്ച തുക അച്ചന്റെ റൂമിൽ ഉണ്ടായിരുന്നു. ഫാദറിന്റെ കൊലപതാകം പണത്തിന്റെ മാത്രം പ്രശ്നമായിരുന്നില്ല. ഫാദറിന്റെ പ്രവർത്തനങ്ങളിൽ അസൂയ തോന്നിയിരുന്ന ചിലരുടെ ഇടപെടലും ഇക്കാര്യത്തിൽ ഉണ്ടായിരുന്നു. 1980 മാർച്ച് 7 രാത്രി 8 മണിക്ക് സസ്രാം പള്ളിയിൽ എഴുപത്തഞ്ചോളം വിശ്വാസികളുമായി സന്ധ്യാപ്രാർത്ഥനയ്ക്ക് ശേഷം വചനം പങ്കുവെച്ച് കൊണ്ടിരുന്നപ്പോൾ ഒരുപറ്റം കൊള്ളക്കാർ അച്ചനെ വളയുകയും അച്ചനോട് റൂമിലേക്ക് പോകാൻ ആവശ്യപ്പെടുകയും ചെയ്തു. റൂമിലെത്തിയ കൊള്ളക്കാർ പണം കവർച്ച ചെയ്യുകയും അച്ചനെ സ്വന്തം കട്ടിലിൽ തന്നെ ഇരുത്തി വെടിവെച്ച് കൊല്ലുകയുമാണ് ചെയ്തത്.

വെടിയൊച്ച കേട്ട് അച്ചന്റെ മുറിയിലേക്ക് ഓടിക്കയറിയ ജനസമൂഹം കണ്ടത് കട്ടിലിൽ മരിച്ചുകിടക്കുന്ന ഫാദർ മാത്യുവിനെയാണ്. മുറിയിലെ സാധന സാമഗ്രികൾ ഒക്കെയും അടിച്ചുതകർത്ത നിലയിലും രേഖകൾ വലിച്ചെറിഞ്ഞ നിലയിലുമായിരുന്നു.

***അച്ചന്റെ മൃതസംസ്ക്കാരത്തിന് പോകാൻ സാധിച്ചില്ല എന്നു പറഞ്ഞു. പിന്നീട് എപ്പോഴെങ്കിലും നിങ്ങൾ സസ്രായിൽ പോയിരുന്നോ?**

പോയിരുന്നു. അനിയൻമാരായ വക്കച്ചൻ, ചാക്കോച്ചൻ, ജോസ് എന്നിവർ 41ന് പോയി. മരണ വാർഷികത്തിൽ ഞങ്ങൾ കുറച്ചുപേരും പോയിരുന്നു. അച്ചൻ മരിക്കുമ്പോൾ 42 വയസ്സായിരുന്നു. ചാച്ചനും അമ്മയും ജീവിച്ചിരുപ്പുണ്ടായിരുന്നു. അച്ചന്റെ രക്തം പുരണ്ട ളോഹയും ബൈബിളും അവിടെ നിന്ന് എടുത്തുകൊണ്ടു വരികയും ഓർമ്മയ്ക്കായി സൂക്ഷിക്കുകയും ചെയ്തു. അച്ചൻ മരിക്കുന്ന സമയത്ത് ഞങ്ങളുടെ വിവാഹ നിശ്ചയം കഴിഞ്ഞിരുന്നു. അതുകൊണ്ട് 41 ദിവസത്തിന് ശേഷം പ്രത്യേക ആഘോഷങ്ങളൊന്നും തന്നെ ഇല്ലാതെയാണ് വിവാഹം നടത്തിയത്.

***അച്ചൻ എങ്ങനെയുള്ള ആളായിരുന്നു? അച്ചന്റെ സ്വഭാവ രീതികൾ വ്യക്തമാക്കാമോ?**

ആദർശങ്ങളെ മുറുകെ പിടിച്ചുകൊണ്ട് സത്യത്തിനും നീതിക്കും വേണ്ടി പോരാടിയിരുന്ന ഒരു ധീരനായ നേതാവ് തന്നെയായിരുന്നു ഫാദർ മാത്യു. വളരെ പ്രസന്നവദനനും കർമ്മയോഗിയുമായിരുന്നു. പാവങ്ങളോട് പ്രത്യേകം അനുകമ്പയുള്ള വ്യക്തി ആയിരുന്നതിനാൽ സ്വന്തം ജീവിതം മറ്റുള്ളവരുടെ നന്മയ്ക്കുവേണ്ടി വിനിയോഗിച്ചു. നസ്രാം ഇടവകയുടെ പുരോഗമനം അച്ചന്റെ സ്വപ്നമായിരിന്നു. വിശ്വാസ സമൂഹത്തോട് ആഴമേറിയ സ്നേഹമായിരുന്നു. കൊള്ളക്കാർ പലപ്രാവശ്യം ഇടവകയിലുള്ള കന്യാസ്ത്രീമഠവും വിദ്യാഭ്യാസ സ്ഥാപനവും ആക്രമിക്കാൻ വന്നു. എന്നാൽ അച്ചൻ അതെല്ലാം തടയുമായിരുന്നു. ഏറ്റെടുത്തിരിക്കുന്ന ഉത്തരവാദിത്വങ്ങൾ ഏറ്റവും ആത്മാർത്ഥതയോടും കൃത്യനിഷ്ഠയോടും കൂടെ ചെയ്യുമായിരുന്നു. തന്റെ അടുക്കൽ സഹായത്തിന് എത്തുന്ന ആരെയും വെറും കയ്യോടെ പറഞ്ഞു വിടാറില്ല.

സസ്രാം ഇടവക ജനത്തെ ഒറ്റക്കെട്ടായി മുൻപോട്ടു നയിക്കുന്ന ഒരു നല്ല ഇടയനായിരുന്നു ഫാദർ മാത്യു. കുട്ടികളെ വളരെയേറെ സ്നേഹിച്ചിരുന്ന അച്ചന്റെ വിയോഗം ഇടവകാജനത്തിന് താങ്ങാവുന്നതായിരുന്നില്ല.

***അച്ചന്റെ മരണവാർത്തയറിഞ്ഞ സസ്രാം ഇടവകാജനത്തിന്റെ പ്രതികരണം എങ്ങനെയായിരുന്നു?**

അച്ചന്റെ വിയോഗം ഇടവക ജനത്തിന് താങ്ങാവുന്നതായിരുന്നില്ല.

***സസ്രാം ഇടവക സമൂഹം അച്ചന്റെ സ്മരണ എപ്രകാരമാണ് നിലനിർത്തി പോരുന്നത്?**

സസ്രാം പള്ളിയിൽ അച്ചന്റെ സ്മരണക്കുവേണ്ടി ഇടവകാജനം അച്ചന്റെ ഒരു പ്രതിമ തന്നെ സ്ഥാപിച്ചിട്ടുണ്ട്. അച്ചൻ കിടന്നിരുന്ന റൂമും കട്ടിലും ഇപ്പോഴും സൂക്ഷിക്കുന്നു. സ്വന്തം ദൈവജനത്തിനു വേണ്ടി ധീരമായി പോരാടി വീരമൃത്യു വരിച്ച അച്ചനാണ് ഫാ. മാത്യു മണ്ണാപറമ്പിൽ. അതുകൊണ്ട് തന്നെ സസ്രാം ഇടവകയിൽ വീണ അച്ചന്റെ ചുടുനിണം കൊണ്ട് ഇടവക



യിൽ പിന്നീട് ഒരുപാട് വികസനങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു എന്ന് വിശ്വാസികൾ പറയുന്നു. ഇടവകയുടെ ഓരോ പ്രവർത്തനങ്ങൾക്കും അച്ചന്റെ മാധ്യസ്ഥം തേടി പ്രാർത്ഥിക്കാറുണ്ട്. അച്ചനിൽ കൂടി നസ്രാം ഇടവകയിലും കുടുംബങ്ങളിലും ഒരു വൈദിക സാന്നിധ്യം ഞങ്ങൾ അനുവഭിക്കുന്നു എന്നും ഇടവകാംഗങ്ങൾ പറയുന്നു.

സസ്രാം ഇടവകയിൽ നിന്നും 50 കിലോമീറ്റർ അകലെയുള്ള പാട്നയിലെ ഈശോ സഭയിലെ പ്രൊവിൻസ് ഹൗസിലേക്കും അച്ചന്റെ മൃതശരീരഭാഗങ്ങൾ കൊണ്ടുപോവുകയും അവിടെയും കല്ലറ പണിത് പ്രത്യേക പ്രാർത്ഥനകൾ നടത്തുകയും ചെയ്യുന്നു.

***അച്ചന്റെ മരണശേഷം കുടുംബാംഗങ്ങളുടെ ചിന്താഗതി എന്തായിരുന്നു?***

അകാലത്തിൽ പൊലിഞ്ഞ ഞങ്ങളുടെ സഹോദരന്റെ വിയോഗത്തിൽ ഞങ്ങൾ കുടുംബാംഗങ്ങൾ ഒത്തിരിക്കാലം വളരെയേറെ വിഷമിച്ചു. ദു:ഖിച്ചു.

പിന്നീട് ഞങ്ങൾ സ്വയം സമാധാനിക്കാൻ ശ്രമിച്ചു. കുറഞ്ഞ കാലത്തെ ഈ ഭൂമിയിലെ ജീവിതം കൊണ്ടുതന്നെ ഒരുപാട് നന്മപ്രവർത്തികൾ മറ്റുള്ളവർക്കായി ചെയ്യാൻ അച്ചന് സാധിച്ചു. അച്ചന്റെ വേർപാട് മറ്റുള്ളവരുടെ ക്ഷേമത്തിനുവേണ്ടി പ്രവർത്തിച്ചതിന്റെ ഭാഗം തന്നെ ആയിരുന്നതിനാൽ അച്ചന്റെ സേവനങ്ങൾ പാട്നയ്ക്കും നസ്രാം ഇടവകയ്ക്കും മറക്കാനാവാതെ നിലകൊള്ളും. നമ്പാരം ഇടവക ജനത്തിന്റെ പ്രാർത്ഥനയാലും പിന്തുണയാലും അച്ചൻ ഒരു വിശുദ്ധനായിത്തീരും എന്നാണ് ഞങ്ങളുടെ വിശ്വാസം. അച്ചന്റെ അനുഗ്രഹം സസ്രാം ദൈവജനത്തിനും ഞങ്ങളുടെ കുടുംബത്തിലും ധാരാളമായി ഉണ്ട്. അച്ചന്റെ വ്യത്യസ്തമായ ചിന്താഗതികളും പ്രവർത്തന ശൈലികളും ആധുനികയുഗത്തിന് മാതൃകാപരമാണ്.

ക്രിസ്തുവിന്റെ വഴിയെ നടന്ന് ക്രിസ്തുവിനായി സാക്ഷ്യം വഹിച്ച് തന്റെ ആവശ്യങ്ങൾ ആത്മാർത്ഥതയോടെ നിർവ്വഹിച്ചുകൊണ്ടിരുന്ന ആ ഉത്തമ പുരോഹിതൻ സ്വർഗത്തിൽ വിശുദ്ധന്മാരോടൊപ്പം ചേർന്ന് നമുക്കായി മാധ്യസ്ഥം വഹിക്കുന്നുണ്ടെന്ന് ഞങ്ങൾ വിശ്വസിക്കുന്നു.

തയ്യാറാക്കിയത്

**ഷൈബി കുഴിവേലിപ്പുറത്ത്**
**ജോളി സെബാസ്റ്റ്യൻ കാരക്കുന്നേൽ**



## ആരോഗ്യ രംഗം

# പകർച്ചവ്യാധികളെ കരുതിയിരിക്കുക

കാലവർഷം തുടങ്ങി. ഇനി പകർച്ചവ്യാധികളുടെ കാലമാണ്. കൊതുകുജന്യവും ജലജന്യവുമായ പകർച്ചവ്യാധികൾ ശരിയായ മാലിന്യ സംസ്ക്കരണം ഇല്ലാത്തതും കൊതുകുകളുടെ പ്രജനന കേന്ദ്രങ്ങൾ പരിസരങ്ങളിൽ കൂടുതൽ ഉള്ളതും വ്യാപനത്തിന് ഇടയാക്കുന്നു. തോട്ടം മേഖല കൂടുതൽ ഉള്ള നമ്മുടെ പ്രദേശത്ത് കൊതുകുജന്യ രോഗങ്ങൾക്കെതിരെ ജാഗ്രത പാലിക്കേണ്ടതാണ്. പകച്ചവ്യാധി പ്രതിരോധത്തിന്റെ ഭാഗമായി വൃത്തിയുള്ള കേരളം-വലിച്ചെറിയൽ മുക്ത കേരളം കാമ്പയിൻ ആരോഗ്യ ജാഗ്രത - 2023 എന്ന പേരിൽ നടന്നുവരുന്നു. ആശാസ്ത്രീയമായ മാലിന്യപരിപാലനം പകർച്ചവ്യാധികളുടെ വ്യാപനത്തിനും ജലസ്രോതസ്സുകളുടെ മലിനീകരണത്തിനും കാരണമാകുന്നതിനാൽ മാലിന്യ സംസ്കരണം ശുചീകരണ പ്രവർത്തനങ്ങളും കൊതുകുനിവാരണ പ്രവർത്തനങ്ങളും കൃത്യമായും കാര്യക്ഷമമായും നടത്തേണ്ടതാണ്.

## കൊതുകുജന്യരോഗങ്ങൾ

ഡെങ്കിപ്പനി, ചിക്കുൻഗുനിയ, സിക്ക, മലമ്പനി, മന്തുരോഗം, ജപ്പാൻജ്വരം എന്നിവാണ് കൊതുകുകൾ വഴി പകരുന്ന പ്രധാന രോഗങ്ങൾ. നമ്മുടെ പ്രദേശത്തെ സംബന്ധിച്ചിടത്തോളം കൊതുകുജന്യ രോഗങ്ങളിൽ സാധ്യത കൂടുതൽ ഡെങ്കിപ്പനിക്കാണ്. അതിനാൽത്തന്നെ ഈ രോഗത്തെ കുറിച്ച് കുടുതൽ മനസ്സിലാക്കേണ്ടതും അതിനെതിരെ പ്രതിരോധ പ്രവർത്തനങ്ങൾ സംഘടിപ്പിക്കേണ്ടതും ആവശ്യമാണ്.

ഈഡിസ് കൊതുകുകൾ വഴി പകരുന്ന രോഗമാണ് ഡെങ്കിപ്പനി. പനിയോടൊപ്പം തലവേദന, കണ്ണിനുപിറകിൽ വേദന, പേശീവേദന, സന്ധിവേദന എന്നിവയാണ് ഡെങ്കിപ്പനിയുടെ പ്രധാന ലക്ഷണങ്ങൾ. കൂടാതെ ശരീരത്തിൽ ചുവന്നുതടിച്ചപാടുകളും ഉണ്ടാകും. ഭൂരിഭാഗം പേർക്കും സാധാരണ വൈറൽപനി (ജലദോഷപ്പനി) പോലെ ഇത് ഭേദമാകുന്നു. എന്നാൽ പ്രായാധിക്യമുള്ളവർ, ഒരു വയസ്സിൽ താഴെയുള്ള കുഞ്ഞുങ്ങൾ, പ്രമേഹം, രക്തസമർദ്ദം, ഹൃദ്രോഗം അർബുദം മുതലായ രോഗമുള്ളവർ, രോഗപ്രതിരോധശേഷി കുറഞ്ഞവർ എന്നീ വിഭാഗക്കാരിൽ ഡെങ്കപ്പനിയെ തുടർന്നുള്ള പ്രശ്ന സാധ്യതകൾ കൂടുതലാണ്. പനിയോടൊപ്പമോ അതിന് ശേഷമോ തുടർച്ചയായ ഛർദി, വയറുവേദന, ഏതെങ്കിലും ശരീരഭാഗത്ത് നിന്ന് രക്തസ്രാവം, കറുത്ത മലം, പെട്ടെന്നുണ്ടാകുന്ന ശ്വാസംമുട്ടൽ, ശരീരം തടിക്കൽ, ശരീരം തണുത്തുമരവിക്കുന്ന അവസ്ഥ തുടങ്ങിയവ (വാണിങ് സൈൻസ്) ഉണ്ടാകുന്നുവെങ്കിൽ ലഭ്യമാകുന്ന വിദഗ്ധ ആശുപത്രിയിൽ എത്രയും പെട്ടെന്ന് എത്തിച്ച് ചികിത്സ എടുക്കുക. രോഗബാധിതർ സമ്പൂർണ വിശ്രമം എടുക്കേണ്ടതാണ്. പനി മാറിയാലും മൂന്ന് നാല് ദിവസം കൂടി ശ്രദ്ധ വേണം. ഉപ്പിട്ട കഞ്ഞിവെള്ളം, കരിക്കിൻവെള്ളം, പഴച്ചാറുകൾ, മറ്റ് പാനീയങ്ങൾ ഇവ ധാരാളം കഴിക്കണം. പകൽ സമയം വിശ്രമിക്കുന്നതും ഉറങ്ങുന്നതും കൊതുക് വലയ്ക്കുള്ളിലായിരിക്കണം.

പെട്ടെന്നുണ്ടാകുന്ന കടുത്ത പനി, തലവേദന, സന്ധിവേദന, സന്ധികളിൽ നീർവീക്കം, ക്ഷീണം, ഛർദി എന്നിവയാണ് ചിക്കുൻഗുനിയയുടെ പ്രധാന ലക്ഷണങ്ങൾ. ഈഡിസ് കൊതുകുകൾ വഴിയാണ് ഈ രോഗം പകരുന്നത്. മറ്റ് വൈറസ് രോഗങ്ങൾക്കെന്നപോലെ ലക്ഷണങ്ങൾക്കനുസരിച്ചാണ് ചികിത്സ നിർണയിക്കുന്നത്. ഈഡിസ് കൊതുകുകൾ വഴി പകരുന്ന മറ്റൊരു രോഗമാണ് സിക്ക വൈറസ് രോഗം. പനി, തലവേദന, ശരീരവേദന, സന്ധിവേദന, തൊലിപ്പുറത്തുണ്ടാകുന്ന ചെറിയ പാടുകൾ (റാഷസ്) ശരീരത്തിൽ തിണർപ്പ്, കണ്ണ് ചുവക്കൽ എന്നിവയാണ് പ്രധാന ലക്ഷണങ്ങൾ. ലക്ഷണങ്ങൾക്കനുസൃതമായ രോഗീപരിചരണം കൊണ്ട് രോഗം ഭേദമാക്കാം. അനോഫിലസ് കൊതുകുകൾ വഴി പകരുന്ന രോഗമാണ് മലമ്പനി. ഇടവിട്ടുള്ള പനിയോടൊപ്പം പേശീവേദനകളും തലവേദനയും ആണ് മലമ്പനിയുടെ പ്രധാന ലക്ഷണങ്ങൾ. 3-14 ദിവസം വരെ ഡോക്ടർ നിർദ്ദേശിക്കുന്ന പ്രകാരം മലമ്പനി ചികിത്സ പൂർണ്ണായും എടുക്കേ

ണ്ടതാണ്. ക്യൂലക്സ്, അനോഫിലസ്, മാൻസോണിയ വർഗങ്ങളിൽ പെട്ട കൊതുകുകൾ വഴിയാണ് മന്ത് രോഗം പകരുന്നത്. മന്ത് വിര കൾ ശരീരത്തിലെ ലസിക വ്യവസ്ഥയെ (lymphtic System) ബാധിച്ച് കൈകാലുകൾ, ലിംഗഅവയവം എന്നിവയ്ക്ക് വീക്കമുണ്ടാകുന്നു. കൈകാലുകളിലെ വീക്കം (lymphedema) വൃക്ഷണ വീക്കം (Hydrocele)എന്നിവ ബാഹ്യലക്ഷണങ്ങളാണ്. പലപ്പോഴും മന്ത് പനിയും ഉണ്ടാക്കുന്നു. കുളിര്, വിറയൽ, ശക്തമായ പനി, തലവേദ ന, നീരുള്ളിടത്ത് ചുവന്നതടിപ്പ്, വേദന എന്നിവ മറ്റു ലക്ഷണങ്ങളാ ണ്. കൊതുകു ജന്യ രോഗങ്ങളിൽ മാരകമായ ഒരു രോഗമാണ് ജപ്പാൻജ്വ രം. ക്യൂലക്സ്, മാൻസോണിയ വിഭാഗം കൊതുകുകൾ വഴിയാണ് ഈ രോഗം പകരുന്നത്. മസ്തിഷ്കം, കേന്ദ്രനാഡീവ്യൂഹം എന്നീ അവയവങ്ങളെ ബാധിക്കുന്ന ഈ രോഗം മൂലം മരണം വരെ സംഭ വിക്കാം. കടുത്ത പനി, കഠിനമായ തലവേദന, ചർദി അതോടൊപ്പമു ണ്ടാകുന്ന സ്വഭാവവ്യത്യാസങ്ങൾ, അപസ്മാര ലക്ഷണങ്ങൾ, അവ യവങ്ങൾക്ക് തളർച്ച, അബോധാവസ്ഥ എന്നിവയാണ് പ്രധാന ലക്ഷ ണങ്ങൾ. തക്കസമയത്ത് രോഗനിർണ്ണയം നടത്തേണ്ടതും ശരിയായ ചികിത്സ ലഭ്യമാക്കേണ്ടതും ആണ്.

**ജലജന്യ രോഗങ്ങൾ**

ജലത്തിൽ കൂടി പകരുന്ന രോഗങ്ങൾ പ്രധാനമായും വയറി ളക്കരോഗങ്ങൾ, കോളറ, മഞ്ഞപ്പിത്തം എ.ഇ, ടൈഫോയ്ഡ് എന്നി വയാണ്. പ്രധാനമായും വൈറസുകൾ, ബാക്ടീരിയ, പരാദജീവികൾ (അമീബിയ, ഗിയാർഡിയ) വഴിയാണ് വയറിളക്കരോഗങ്ങൾ ഉണ്ടാ കുന്നത്. വിബ്രിയോ കോളറ എന്ന ഇനം ബാക്ടീരയ മൂലം ഉണ്ടാ കുന്ന ഒരിനം വയറിളക്ക രോഗമാണ് കോളറ. പെട്ടെന്നുണ്ടാകുന്ന കഠിനമായതും വയറുവേദന ഇല്ലാത്തതുമായ വെള്ളം പോലുള്ള വയറിളക്കമാണ് അതിന്റെ പ്രധാന ലക്ഷണം. മിക്കപ്പോഴും ചർദി ഉണ്ടായിരിക്കും. രോഗചികിത്സ ആരംഭിക്കാൻ രോഗിയുടെ മലം രോഗാണുപരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്. ശരിയായ ചികിത്സ നൽകിയില്ലെങ്കിൽ മരണം വരെ സംഭവിക്കാം. ഏതു വയ റിളക്കവും അപകടകാരിയായി മാറാം എന്നതുകൊണ്ട് തന്നെ വയറി ളക്കത്തിന്റെ ആരംഭത്തിൽ തന്നെ പാനീയ ചികിത്സ തുടങ്ങേണ്ടതാ ണ്. ഒ.ആർഎസ്. മിശ്രിതമോ അത് ലഭ്യമല്ലെങ്കിൽ വീട്ടിൽ തയ്യാറാക്കുന്ന ഗൃഹ പാനീയങ്ങളോ വയറിളക്കത്തിന്റെ ആരംഭത്തിൽ

തന്നെ നൽകാവുന്നതാണ്. ഉപ്പിട്ട കഞ്ഞിവെള്ളം, കരിക്കിൻവെള്ളം, ഉപ്പും പഞ്ചസാരയും ചേർത്ത നാരങ്ങാവെള്ളം, ഉപ്പിട്ട മോരിൻ വെള്ളം തുടങ്ങിയവയെല്ലം കൊടുക്കാവുന്നതാണ്.

സാൽമൊണല്ല ടൈഫി വിഭാഗത്തിൽപ്പെട്ട ബാക്ടീരിയകളാണ് ടൈഫോയ്ഡ് രോഗമുണ്ടാക്കുന്നത്. ടൈഫോയ്ഡ് രോഗിയുടേയോ രോഗവാഹകരുടെയോ മലമൂത്രവിസർജ്ജ്യങ്ങളിൽ നിന്ന് രോഗാണുക്കൾ ആഹാരസാധനങ്ങളിൽ കൂടിയും കുടിവെള്ളത്തിലൂടെയും ശരീരത്തിൽ എത്തിയാണ് രോഗമുണ്ടാക്കുന്നത്. കൂടിവരുന്ന പനി, ശരീരവേദന, ക്ഷീണം, വിശപ്പില്ലായ്മ തുടങ്ങിയവയാണ് ഈ രോഗത്തിന്റെ പ്രധാന ലക്ഷണങ്ങൾ. കരളിനെ ബാധിക്കുന്ന ഒരു വൈറസ് രോഗമാണ് മഞ്ഞപ്പിത്തം (വൈറൽ ഹെപ്പറൈറ്റിസ്), മഞ്ഞപ്പിത്തം എ. ഇ. വിഭാഗങ്ങൾ ആഹാരവും കുടിവെള്ളവും വഴിയാണ് പകരുന്നത്. ശരീരവേദനയോടുകൂടിയ പനി, തലവേദന, ക്ഷീണം, ഓക്കാനം, ചർദി തുടങ്ങയവയാണ് പ്രാരംഭ ലക്ഷണങ്ങൾ. പിന്നീട് മൂത്രത്തിലും കണ്ണിലും ശരീരത്തിലും മഞ്ഞനിറം പ്രത്യക്ഷപ്പെടുന്നു.

## എലിപ്പനി

എലി, പട്ടി, പൂച്ച, കന്നുകാലികൾ തുടങ്ങിയവയുടെ മൂത്രം കലർന്ന ജലാശയങ്ങൾ, ഓടകൾ, കുളങ്ങൾ, കൃഷിയിടങ്ങൾ എന്നിവയിൽ മുൻകരുതൽ ഇല്ലാതെ ഇറങ്ങുകയോ, ജോലി ചെയ്യുകയോ, കുളിക്കുകയോ ചെയ്യുന്നതിലൂടെ രോഗാണുക്കൾ മനുഷ്യശരീരത്തിൽ എത്തുന്നു. ഓട തോട്, കനാലുകൾ, കുളങ്ങൾ, വെള്ളക്കെട്ടുകൾ, തുടങ്ങിയവ വൃത്തിയാക്കുന്നവരിൽ ഈ രോഗ സാധ്യത കൂടുതലാണ്. കൈകാലുകളിൽ (മറ്റു ശരീര ഭാഗങ്ങളിൽ) ഉണ്ടാകുന്ന മുറിവുകൾ, പോറലുകൾ, എന്നിവയിലൂടെ രോഗാണുക്കൾ ശരീരത്തിൽ പ്രവേശിക്കുന്നു. ക്ഷീണത്തോടെയുള്ള പനിയും തലവേദനയും പേശിവേദനയുമാണ് പ്രധാന ലക്ഷണങ്ങൾ. കണ്ണിൽ ചുവപ്പ്, മൂത്രക്കുറവ്, മഞ്ഞപ്പിത്ത ലക്ഷണങ്ങൾ തുടങ്ങിയവയും കണ്ടേക്കാം. രോഗസാധ്യതയുള്ളവർ എലിപ്പനി പ്രതിരോധ ഗുളികയായ ഡോക്സിസൈക്ലിൻ ആഴ്ചയിലൊരിക്കൽ കഴിക്കേണ്ടതാണ്. ആരംഭത്തിൽ തന്നെ ഡോക്ടറെ കണ്ട് ചികിത്സ എടുത്താൽ പൂർണമായും സുഖപ്പെടുത്താവുന്ന രോഗമാണ് എലിപ്പനി.

## കൊതുകു-ജലജന്യരോഗങ്ങൾക്കെതിരെ പ്രതിരോധം നാം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

* സ്വയം ചികിത്സ ഒഴിവാക്കുക.

* ഈഡിസ് കൊതുകുകൾ ശുദ്ധ ജലത്തിലാണ് മുട്ടയിടുന്നത്. അതിന്റെ ഉറവിടങ്ങളായ ചിരട്ട, വലിച്ചെറിഞ്ഞ പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള ദ്രവിക്കാത്ത മാലിന്യങ്ങൾ, ഉപയോഗ ശൂന്യമായപാത്രങ്ങൾ തുടങ്ങിയവ ആഴ്ചയിലൊരിക്കൽ നീക്കം ചെയ്ത് സുരക്ഷിതമായി സംസ്ക്കരിക്കുക.

* ആഴ്ചയിലൊരിക്കൽ കൊതുകിന്റെ ഉറവിടനശീകരണം നടത്തുക. (ഡ്രൈ ഡേ ആചരണം) ഞായറാഴ്ച വീടുകളിലും വെള്ളിയാഴ്ച സ്ഥാപനങ്ങളിലും.

* മാലിന്യങ്ങൾ വലിച്ചെറിയാതെ ഉറവിടത്തിൽ തന്നെ തരംതിരിച്ച് സംസ്ക്കരിക്കുക. അജൈവ മാലിന്യം പൂർണമായും (100%) ഹരിത കർമ്മസേനയ്ക്ക് കൈമാറുക. (വാതിൽപ്പടി ശേഖരണം) ജൈവമാലിന്യം പൂർണമായും (100%) ഉറവിടത്തിൽ ശാസ്ത്രീയമായി സംസ്ക്കരിക്കുക.

* വെള്ളം ശേഖരിച്ചുവെയ്ക്കുന്ന പാത്രങ്ങൾ, ടാങ്കുകൾ, സിമന്റ് തൊട്ടികൾ തുടങ്ങിയവ ആഴ്ചയിലൊരിക്കൽ നന്നായി ഉരച്ചുകഴുകിയതിന് ശേഷം വെള്ളം ശേഖരിക്കുക. ഇവ കൊതുക് കടക്കാത്ത രീതിയിൽ വലയോ തുണിയോ കൊണ്ട് പൂർണമായും മൂടുക.

* റബ്ബർ തോട്ടത്തിലെ ചിരട്ടകൾ വെള്ളം കെട്ടിനിൽക്കാത്ത വിധം കമിഴ്ത്തി വെക്കുക.

* വീടിന്റെ ടെറസ്സും സൺഷേഡും വെള്ളം കെട്ടിനിൽക്കാത്ത വിധം പണിയുക. വെള്ളം കെട്ടിനിൽക്കുന്നുവെങ്കിൽ ആഴ്ചയിലൊരിക്കൽ ഒഴുക്കി കളയുക.

* സെപ്റ്റിക് ടാങ്കിന്റെ വെന്റ് പൈപ്പിന്റെ ആഗ്രം കൊതുകു വല കൊണ്ട് മൂടികെട്ടുക.

* വീടിനു ചുറ്റും കാണുന്ന പാഴ്ച്ചെടികളും ചപ്പുചവറുകളും യഥാസമയം നീക്കം ചെയ്യുക.

* വീടും പരിസരവും പൊതുസ്ഥലങ്ങളും വൃത്തിയായി സൂക്ഷിക്കുക

*കൂത്താടികളെ തിന്നൊടുക്കുന്ന ഗപ്പി, ഗമ്പൂസിയ, മാനത്തുകണ്ണി തുടങ്ങിയ മത്സ്യങ്ങളെ ജലാശയങ്ങളിൽ വളർത്തുക.

*കന്നുകാലിത്തൊഴുത്ത്, പന്നികളെ വളർത്തുന്ന ഷെഡ്, എന്നിവിടങ്ങളിൽ കൊതുക് മുട്ടയിട്ട് വിരിയാനുള്ള സാഹചര്യം ഇല്ലായ്മ ചെയ്യുക.

* കിണറിലെ ജലം മലിനമാകാതെ സൂക്ഷിക്കുക.
* കുടിവെള്ള സ്രോതസ്സുകൾ (കിണർ, പമ്പിങ് സ്റ്റേഷൻ) കൃത്യമായ ഇടവേളകളിൽ ക്ലോറിനേറ്റ് ചെയ്യുക.
* ആഹാര സാധനങ്ങൾ എപ്പോഴും അടച്ചു സൂക്ഷിക്കുക.
* പഴകിയതും മലിനമായതുമായ ആഹാരസാധനങ്ങൾ കഴിക്കാതിരിക്കുക.
* പഴവർഗ്ഗങ്ങളും പച്ചക്കറികളും വൃത്തിയായി കഴുകിയതിന് ശേഷം മാത്രം ഉപയോഗിക്കുക.
* തിളപ്പിച്ചാറിയ വെള്ളം മാത്രം കുടിക്കാനുപയോഗിക്കുക.
* വീടിന്റെ പരിസരത്ത് ചപ്പ്ചവറുകളും ആഹാരസാധനങ്ങളും അലക്ഷ്യമായി വലിച്ചെറിഞ്ഞ് ഈച്ച, എലി എന്നിവയെ ആകർഷിക്കാതിരിക്കുക.
* എലി നശീകരണ നടപടികൾ സ്വീകരിക്കുക.
* പട്ടി, പൂച്ച തുടങ്ങിയ ജീവികളുടെയും കന്നുകാലികളുടെയും മലമൂത്രാദികൾ വ്യക്തി സുരക്ഷയോടെ കൈകാര്യം ചെയ്യുക.
* മൃഗപരിപാലന ജോലികളിൽ ഏർപ്പെടുന്നവർ കയ്യുറകളും കട്ടിയുള്ള സൂട്ടുകളും ഉപയോഗിക്കുക.
* എലിപ്പനി രോഗം വരാൻ സാധ്യതയുള്ളവർ (വയലിൽ പണിയെടുക്കുന്നവർ, തൊഴിലുറപ്പ് തൊഴിലാളികൾ, ഓട, തോട്, കനാൽ, കുളങ്ങൾ എന്നിവ വൃത്തിയാക്കുന്നവർ) ജോലി തുടങ്ങുന്നതിന് മുമ്പ് എലിപ്പനി പ്രതിരോധ ഗുളികയായ ഡോക്സി സൈക്ലിൻ കഴിക്കുക. ആഴ്ചയിലൊരിക്കലാണ് ഈ ഗുളിക കഴിക്കേണ്ടത്.
*കെട്ടിനിൽക്കുന്ന ജലത്തിൽ കുട്ടികൾ വിനോദാവശ്യത്തിനോ മറ്റാവശ്യങ്ങൾക്കോ ഇറങ്ങുന്നത് എലിപ്പനി സാധ്യത ഉണ്ടാക്കുമെന്നതിനാൽ കഴിവതും ഒഴിവാക്കുക. (പ്രത്യേകിച്ച് ശരീരത്തിന് മുറിവുള്ളപ്പോൾ)



**രാജേഷ് ബാബു കെ.**
ഹെൽത്ത് ഇൻസ്പെക്ടർ
പി.എച്ച്.സി. പൂഷറമ്പ് , 9387258404




**സെ**ന്റ് കാതറിൻ ചർച്ചിൽ നിന്നും തിരിച്ച് നടന്ന് എല്ലാവരും ബസിൽ കയറി യാത്ര തുടർന്നു. കുറെദൂരം യാത്ര ചെയ്തപ്പോൾ ലോക പ്രസിദ്ധമായ സ്യൂയെസ് കനാലിന്റെ സമീപം എത്തിച്ചേർന്നു. ചെങ്കടലിനേയും മധ്യധരണ്യാഴിയേയും തമ്മിൽ വേർതിരിക്കുന്ന കരയുടെ ഒരു നേരിയ ഭാഗമുണ്ട്. ആ കര ഭാഗത്തിന് 193 കിലോമീറ്ററോളം വീതിയേയുള്ളു. കരയുടെ ഇത്തരം നേരിയ ഭാഗത്തിന് ഇസ്മസ് എന്നാണ് പറയുന്നത്. മേൽപ്പറഞ്ഞ രണ്ട് കടലുകളേയും ഇസ്മസിന് കുറുകെ ഒരു ജലപാതയിലൂടെ ബന്ധിപ്പിക്കുന്നതിനാണ് സ്യൂയെസ് കനാൽ നിർമ്മിക്കപ്പെട്ടത്. സ്യൂയെസ് കനാലിന് 193 കിലോമീറ്റർ നീളവും 24 മീറ്റർ ആഴവും 205 മീറ്റർ വീതിയുമുണ്ട്. ഈ കനാലിലൂടെ കപ്പലുകൾ അങ്ങോട്ടുമിങ്ങോട്ടും സഞ്ചരിക്കുന്നു.

ഈ കനാലിന്റെ അടിഭാഗത്ത് കൂടെയുള്ള തുരങ്കം ക്രോസ് ചെയ്ത് ഇസ്മസിലൂടെ യാത്രചെയ്ത് വേണം കയ്റോയിലെത്താൻ. ഞങ്ങൾ തുരങ്കപാതയിലൂടെ യാത്ര ചെയ്ത് സ്യൂയെസ് കനാൽ ക്രോസ് ചെയ്ത് ഇസ്മസിലൂടെ യാത്രചെയ്ത് ആഫ്രിക്ക വൻകരയുടെ ഭാഗമായ ഈജിപ്തിന്റെ പ്രദേശത്ത് എത്തിച്ചേർന്നു. (ഇക്കാര്യങ്ങൾ വ്യക്തമാക്കുന്ന ഒരു മാപ്പ് ടൂർ ഗൈഡ് നേരത്തെ തന്നെ ഞങ്ങൾക്ക് തന്നിരുന്നു) വീണ്ടും കുറച്ചുകൂടി യാത്രചയ്ത് കെയ്റോയിൽ എത്തിച്ചേർന്നു.

അന്നേദിവസം പുരാതന ഈജിപ്തിന്റെ തനതുകലയും ജീവിതവും സംസ്ക്കാരവുമെല്ലാം വിളിച്ചോതുന്ന ഫറവോനിക് വില്ലേജ് സന്ദർശിച്ചു. നൈൽ നദിയുടെ ഒരു കൈവഴിയിലൂടെയുള്ള ബോട്ട് യാത്രയിലൂടെ ഇക്കാര്യങ്ങളെല്ലാം വ്യക്തമാക്കുന്ന ടാബ്ലോ പ്രദർശനം കാണാൻ സാധിച്ചു. ഒരു

ഈജിപ്ഷ്യൻ ഗൈഡ് മൈക്കിലൂടെ കാര്യങ്ങൾ വിശദമാക്കിക്കൊണ്ടിരുന്നു. അന്നു രാത്രി നൈൽ നദിയിലൂടെ ഒരു വിനോദ കപ്പൽ യാത്രയുണ്ടായിരുന്നു. അന്നത്തെ രാത്രി ഭക്ഷണവും കപ്പലിലായിരുന്നു. ഭക്ഷണം കഴിച്ചുകൊണ്ടിരുന്നപ്പോൾ ഈജിപ്തിന്റെ തനത് കലാരൂപമായ തനൂര ഡാൻസ് അവതരിപ്പിക്കുന്നത് കണ്ടാസ്വദിച്ചു. രണ്ട് മണിക്കൂർ കപ്പൽയാത്രക്കുശേഷം ഹോട്ടലിൽ തിരിച്ചെത്തി വിശ്രമിച്ചു.

**പിരമിഡ് സന്ദർശനം**

ലോകാത്ഭുതങ്ങളിലൊന്നായ പിരമിഡ് സന്ദർശനമായിരുന്നു യാത്രയുടെ അവസാന ദിവസത്തെ ഒരു പ്രധാന പരിപാടി. അതെ, പിരമിഡ് ഒരത്ഭുതമായിരുന്നു. മനുഷ്യനിർമിതമായ ഒരു മല! ബി.സി. 2600 നോടടുത്ത് കെയ്റോ നഗരത്തിന് സമീപമുള്ള ഗിസ പട്ടണത്തിൽ നിർമിക്കപ്പെട്ട മൂന്ന് വലിയ പിരമിഡുകളാണ് ഞങ്ങൾ സന്ദർശിച്ചത്. അവയിൽത്തന്നെ ഏറ്റവും വലുത് കുംഫു ഫറവോയുടെ ശവകുടീരം ആണ്. അടിഭാഗം 756 അടി വശമുള്ള ഒരു സമചതുരം. നിർമ്മാണകാലത്തെ ഉയരം 481 അടി ആയിരുന്നു. എന്നാൽ ഇപ്പോൾ കാലപ്പഴക്കം കൊണ്ടുണ്ടായ ജീർണത മൂലം ഏകദേശം 450 അടിയായി കുറഞ്ഞു. ഇവ നിർമിച്ചത് പ്രധാനമായും ലൈംസ്റ്റോൺ ബ്ലോക്കുകൾ കൊണ്ടാണ്. ഒരു ബ്ലോക്കിന് ഏകദേശം രണ്ട് ടണ്ണോളം ഭാരമുണ്ടത്രേ! നൈൽ നദിയിൽ ജലനിരപ്പുയരുമ്പോൾ വലിയ ചങ്ങാടത്തിൽ വച്ചായിരുന്നു ഈ കല്ലുകൾ നിർമ്മാണ സ്ഥലത്തേക്ക് എത്തിച്ചിരുന്നത്. പിന്നീട് സഹാറ മരുഭൂമിയിൽ നിന്നും എടുത്ത മണൽ സൗകര്യപ്രദമായ സ്ലോപ്പിൽ വിരിച്ച് അതിലൂടെ മൃഗങ്ങളുടെയും മനുഷ്യരുടെയും സംയുക്തശ്രമത്തിൽ നിരക്കി നീക്കിയാണ് ബ്ലോക്കുകൾ യഥാസ്ഥാനത്ത് ഉറപ്പിച്ചത് എന്ന് കരുതപ്പെടുന്നു. പിരമിഡിന്റെ ഉള്ളിലേക്കുള്ള വാതിൽ വരെയേ ഞങ്ങൾ കയറിയുള്ളു. ഏറെ നേരം മഹാനിർമ്മിതിയുടെ പ്രഭാവം ആസ്വദിക്കുകയും ചിത്രങ്ങൾ പകർത്തുകയും ചെയ്തു. ആ പ്രദേശത്ത് തന്നെ സഹാറ മരുഭൂമിയുടെ ആരംഭ ഭാഗവും കാണാൻ സാധിച്ചു.

**പാപ്പിറസ് ഇൻസ്റ്റിറ്റ്യൂട്ട് സന്ദർശനം**

പാപ്പിറസ് (Papyrus) ചെടിയിൽ നിന്നാണ് ലോകത്ത് ആദ്യമായി കടലാസ് ഉണ്ടാക്കിയതെന്ന് ചരിത്രം പഠിപ്പിക്കുന്നു. പാപ്പിറസ് എന്ന പദത്തിൽ നിന്നാണത്രേ പേപ്പർ എന്ന പദം ഉണ്ടായത്. പാപ്പിറസ് ഈജിപ്തിലെ ഒരു സ്വാഭാവിക സസ്യമാണ്. നമ്മുടെ നാട്ടിലെ ഈറൽ, ചില തരം പുല്ല് എന്നിവയോട് ഒരു വിദൂര സദൃശ്യമുണ്ട് ഈ ചെടിക്ക്.

ചില ലഘുവായ ഉപകരണങ്ങളുടെ സഹായത്താൽ കൈകൊണ്ട് പാപ്പിറസ് ക്യാൻവാസ് നിർമ്മിക്കുകയാണ് ഇവിടെ. അതിൽ ചിത്രങ്ങൾ ആലേഖനം ചെയ്യുന്നു. ക്രൈസ്തവ ചിഹ്നങ്ങൾ ആലേഖനം ചെയ്യപ്പെട്ട കുറച്ച് ക്യാൻവാസുകൾ ഞങ്ങളെല്ലാവരും വാങ്ങിച്ചു. അത്തരം ചിത്രങ്ങൾ ടൂറിസ്റ്റുകൾക്ക് വിൽക്കുന്നത് അവരുടെ ഒരു ഭേദപ്പെട്ട വരുമാനമാർഗവുമാണെന്ന് എനിക്ക് മനസ്സിലായി. ഇതു കൂടാതെ ഈജിപ്ഷ്യൻ സുഗന്ധദ്രവ്യങ്ങൾ വിൽക്കുന്ന ഷോപ്പും സന്ദർശിച്ച് ചെറിയൊരു ഷോപ്പിംഗും നടത്തി.

## തിരുക്കുടുംബ ദേവാലയ സന്ദർശനം

പാപ്പിറസ് ഇൻസ്റ്റിറ്റ്യൂട്ടും പെർഫ്യൂം ഷോപ്പും സന്ദർശിച്ചശേഷം ഉച്ചഭക്ഷണവും കഴിച്ച് തിരുക്കുടുംബദേവാലയം സന്ദർശനമായിരുന്നു യാത്രയിലെ ഏറ്റവും അവസാനത്തെ പരിപാടി. ഇസ്രായേലിൽ, ഹെറോദ് രാജാവിന്റെ പീഡനത്തിൽ നിന്നും രക്ഷ നേടാൻ ദൈവദൂതന്റെ നിർദ്ദേശപ്രകാരം ജോസഫ് തന്റെ ഭാര്യയായ മറിയത്തെയും ഉണ്ണിയേശുവിനെയും കൂട്ടി ഈജിപ്തിലേക്ക് പാലായനം ചെയ്യുകയും ഹെറോദോസിന്റെ മരണം വരെ അവിടെ വസിക്കുകയും ചെയ്തുവെന്ന് വിശുദ്ധ ഗ്രന്ഥം സാക്ഷ്യപ്പെടുത്തുന്നു. അവർ താമസിച്ച സ്ഥലത്താണ് പിന്നീട് തിരുക്കുടുംബ ദേവാലയം നിർമിക്കപ്പെട്ടത്. അവിടെ അല്പനേരം പ്രാർത്ഥിച്ച ശേഷം ഞങ്ങൾ കെയ്റോ എയർപോർട്ടിലേക്ക് പോയി. അവിടെ നിന്നും മസ്കറ്റിലേക്കും. മസ്കറ്റിൽ നിന്നും നെടുംബാശ്ശേരിയിലേക്കും പറന്നു. 06.11.2022 രാവിലെ 7 മണിയോടെ കൊച്ചിയിൽ എത്തിച്ചേർന്നു. നേരത്തെ സൂചിപ്പിച്ച മൂന്നര മണിക്കൂർ 'ലാഭം' ഇപ്പോൾ നഷ്ടപ്പെട്ടിരുന്നു. കിഴക്കോട്ട് പറന്നപ്പോൾ.

രാവിലെ 9 മണിയോടെ ബസ്സിൽ നാട്ടിലേക്ക് തിരിച്ചു. മാർഗമധ്യേ തൃശ്ശൂരിനടുത്തുള്ള MMB (Malabar Missionary Brochers) എന്ന ചാരിറ്റി ഗ്രൂപ്പിന്റെ മോണസ്റ്ററിയിൽ കയറി. പ്രഭാതകർമങ്ങളൊക്കെ നിർവഹിച്ചു. വിശുദ്ധ കുർബാന അർപ്പിച്ച് അവർ നൽകിയ ഭക്ഷണവും കഴിച്ചു. ഇന്ത്യ മുഴുവൻ ശാഖകളുള്ള ഒരു വലിയ പ്രസ്ഥാനമാണ് എം.എം.ബി. ഞങ്ങളുടെ സംഘത്തിലെ സനൽ അച്ചാണ്ടി അച്ചന്റെ പാപ്പനായരുന്നു അതിന്റെ ഡയറക്ടർ.

വീണ്ടും യാത്ര തുടർന്നു. ഏകദേശം രാത്രി 11 മണിയോടെ ഞങ്ങൾ വീട്ടിലെത്തി.

## യേശുവിന്റെ വഴിയേ

ഉറങ്ങുന്നതിന് മുമ്പായി ഞാൻ അല്പദൂരം ധ്യാനനിമഗ്നനായി. നെബോ മലയിൽ തുടങ്ങി തിരുക്കുടുംബ ദേവാലയത്തിൽ അവസാനിച്ച

വിശുദ്ധനാട് തീർത്ഥാടനം എന്താണ് എന്റെ ജീവിതത്തിൽ ഉണ്ടാക്കിയ സ്വാധീനം? ഞാനൊരു നിമിഷം ആഴത്തിൽ ചിന്തിച്ചുപോയി. യാത്രയിലെ ഓരോ ദിവസത്തിന്റെയും ആരംഭത്തിലോ, മധ്യത്തിലോ, അവസാനമോ പ്രിയ വൈദികരോടൊപ്പം നാം വിശുദ്ധ കുർബാന അർപ്പിച്ചിരുന്നു. യാത്രാ വേളകളിൽ പുറംകാഴ്ചകൾക്കപ്പുറം നമ്മിൽ ആത്മീയ ചൈതന്യം നിറക്കാൻ അവർ എപ്പോഴും ശ്രദ്ധിച്ചിരുന്നു. ഓരോ നിമിഷവും യേശുവിനോടൊപ്പമുള്ള ജീവിതമാക്കി മാറ്റാൻ അവർ നമ്മെ സജ്ജരാക്കിക്കൊണ്ടിരുന്നു.

എന്നിരുന്നാലും ഈ യാത്ര എങ്ങനെയാണ് എന്നെ സ്വാധീനിച്ചത്? സ്വാധീനിച്ചുകൊണ്ടിരിക്കുന്നത്? നമ്മുടെ മനസ്സിന്റെ ആന്റിന നാം ട്യൂൺ ചെയ്ത് വെച്ചുകൊണ്ടിരുന്നാൽ യേശുവിന്റെ ശബ്ദം നമുക്ക് കേൾക്കാൻ സാധിക്കുമെന്ന് എനിക്ക് ബോധ്യപ്പെട്ടു. അവിടുത്തെ സാന്നിധ്യം അനുഭവിക്കാൻ സാധിക്കുമെന്ന് മനസ്സിലായി.

'കണ്ണിന് പകരം കണ്ണ്' 'പല്ലിന് പകരം പല്ല്' എന്ന കഠോര നിയമത്തിന് പകരം ശത്രുവിനെപ്പോലും സ്നേഹിക്കാൻ പഠിപ്പിച്ചവനെ, 'നിങ്ങളിൽ പാപം ചെയ്യാത്തവർ ഇവളെ ആദ്യം കല്ലെറിയട്ടെ' എന്ന് വിധിച്ചുകൊണ്ട് ക്രൂരവും ഏകപക്ഷിയവുമായ സദാചാരനിയമത്തിന്റെ അസ്ഥിവാരം തകർത്ത യേശുവിനെ, അഞ്ചപ്പംകൊണ്ട് ആയിരങ്ങളുടെ വയറിന്റെ വിശപ്പടക്കിയവനെ, തന്റെ ലളിത പ്രബോധനങ്ങളിലൂടെ സാമാന്യ ജനത്തിന്റെ ആത്മീയ ദാരിദ്ര്യം മാറ്റിയ യേശുവിനെ, വഴിയും സത്യവും ജീവനും ഞാനാകുന്നു. എന്നിലൂടെയല്ലാതെ ആർക്കും പിതാവിങ്കലേയ്ക്ക് എത്താൻ സാധിക്കുകയില്ല എന്നരുളിയ യേശുവിനെ, 'കുഞ്ഞുങ്ങളെ എന്റെ അടുക്കലേക്ക് വിടുക, കുഞ്ഞുങ്ങളെപ്പോലെയാകാതെ ആർക്കും സ്വർഗരാജ്യം പ്രാപിക്കുവാൻ സാധിക്കില്ല എന്നരുളിയ യേശുവിനെ, ഏറ്റവുമൊടുവിൽ കുരിശിൽ കിടന്നുകൊണ്ട് 'പിതാവേ, ഇവർ ചെയ്യുന്നതെന്തെന്ന് ഇവർ അറിയുന്നില്ല, ഇവരോട് ക്ഷമിക്കേണമേ' എന്ന് അപേക്ഷിച്ചവനെ, മൂന്നാം നാൾ മരിച്ചടക്കപ്പെട്ട് ഉത്ഥാനം ചെയ്തവനെ കേൾക്കുവാനും അനുഭവിക്കാനും സാധിക്കുമെന്ന് ബോധ്യപ്പെട്ടു.



*(തുടരും)*

**എം.എ. മാത്യു മാരിയടിയിൽ**




| | |
|---|---|
| എസ്ര<br>10.04.2023 | D/o ജോസഫ് & റോസമ്മ<br>മടുക്കക്കുഴി |
| ടെസ്സ മരിയ നൈജിൻ<br>15.04.2023 | D/o ജോസഫ് & ട്രീസ<br>അമ്മംതുരുത്തിയിൽ |
| തെരേസ<br>15.04.2023 | D/o ജോൺ & മരിയ<br>പ്ലാക്കിൽ |
| ഡെയിൻ സഖറിയ വിജേഷ്<br>16.04.2023 | S/o വിജേഷ് & നിമോണ<br>കുരികിലംകാട്ട് |
| യോഹന്നാൻ ജോയൽ<br>17.04.203 | S/o ജോയൽ & അൽഫോൻസ<br>വരമ്പകത്ത് |
| ജുവാൻ ജേക്കബ് ജെന്നീസ്<br>20.04.2023 | S/o നോബിൾ & അൽഫോൻസ<br>ചീരംകുഴിയിൽ |
| ഐറിൻ എൽസ റിനു<br>22.04.2023 | D/o മാത്യു & മരിയ<br>പുളിയംപറമ്പിൽ |
| എറോൺ അൽജിത്ത്<br>24.04.2023 | S/o സിറിയക് & മരീന<br>കരിക്കാട്ട് കണ്ണിയേൽ |
| നോറ മരിയ ഫിലിപ്പ്<br>29.04.2023 | D/o ഫിലിപ്പ് & മരിയ<br>കാവനാടിയിൽ |
| ഡീൻ ജോർജ്<br>30.04.2023 | S/o അബ്രാഹം & അൽഫോൻസ<br>നെടുന്താനത്ത് |
| കെന്റി മാത്യു അരുൺ<br>15.05.2023 | S/o തോമസ് & മരിയ<br>മുക്കുഴിക്കൽ |
| ഡാനിയേൽ ജെറാർഡ് സ്റ്റിൽവിൻ<br>20.05.2023 | S/o ജെറാർഡ് & അന്നമ്മ<br>കൊട്ടാരത്തിൽ |
| ജോൺസൺ<br>21.05.2023 | S/o മൈക്കിൾ & ആലീസ്<br>തുളുവനാനിക്കൽ |
| ആൻമരിയ സെബിൻ<br>27.05.2023 | D/o സെബാസ്റ്റ്യൻ & മേരി<br>ഇലവുങ്കൽ |




| | |
|---|---|
| ജോഷാ ആൻസൻ ജോസഫ്<br>27.05.2023 | S/o ജോസഫ് & അൽഫോൻസ<br>വലിയവീട്ടിൽ |
| മാത്യു സന്തോഷ്<br>10.06.2023 | S/o ജോസഫ് & റോസമ്മ<br>തടത്തിൽ |
| ജൂലിറ്റ്<br>17.06.2023 | D/o സെബാസ്റ്റ്യൻ & സൂസൻ<br>ആനിമൂട്ടിൽ |
| ജൂഡ്<br>17.06.2023 | S/o സെബാസ്റ്റ്യൻ & സൂസൻ<br>ആനിമൂട്ടിൽ |




| | |
|---|---|
| റോണി നെടുംതുണ്ടത്തിൽ | 22.03.2023 |
| ജോസഫ് കാവനാടിയിൽ | 30.03.2023 |
| ഡെൻസി സജി കാശാംകാട്ടിൽ | 01.04.2023 |
| തോമസ് പിണക്കാട്ട് | 03.04.2023 |
| ജോസഫ് കാട്ടിപീടികയിൽ | 07.04.2023 |
| മേരി തോമസ് കൊട്ടാരത്തിൽ | 12.04.2023 |
| വർക്കി പാറത്താനത്ത് | 24.05.2023 |
| മേരി ആനകുത്തിയിൽ | 16.06.2023 |
| മോളി മണിമലയിൽ | 19.06.2023 |

# വാർത്തകൾ NEWS

## ലൂർദ്മാതാ സൺഡേസ്കൂൾ

* **ക്രിസ്റ്റീൻ ധ്യാനം :** കുട്ടികൾക്ക് വേണ്ടിയുള്ള ധ്യാനം മെയ് 29,30 തിയ്യതികളിലായി നടന്നു. 29 തിങ്കളാഴ്ച രാവിലെ 9 മണിക്ക് ബഹുമാനപ്പെട്ട വികാരിയച്ചന്റെ ആമുഖഭാഷണത്തോടു കൂടി ധ്യാനം ആരംഭിച്ചു. റവ. ഫാ. വിപിൻ ആനചാരിൽ, റവ. സിസ്റ്റർ തേജസ് ഡിഎസ്ടി. എന്നിവർ ധ്യാന ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

***മതബോധന ഞായർ:** ജൂൺ 4–ാം തിയ്യതി മതബോധന ഞായർ ആയി ആചരിച്ചു. വിശുദ്ധ കുർബാനയ്ക്ക് മുൻപായി അധ്യാപകരുടെ നേതൃത്വത്തിൽ കാഴ്ചസമർപ്പണം നടത്തി. ബഹു: വികാരിയച്ചൻ അധ്യാപകരേയും കുട്ടികളേയും ദൈവതിരുമുമ്പിൽ സമർപ്പിച്ച് പ്രാർത്ഥിച്ചു. വി. കുർബാന മധ്യേയുള്ള വായനകൾ അധ്യാപകർ നടത്തി. വി. കുർബാനയ്ക്ക് ശേഷം വിശ്വാസപരിശീലന വർഷത്തിന്റെ ഉദ്ഘാടനം ബഹു: വികാരി ഫാ. ജോർജ് കാഞ്ഞിരക്കാട്ട് നിർവഹിച്ചു. അസി. വികാരി തോമസ് മരശ്ശേരി, ഹെഡ്മാസ്റ്റർ എന്നിവർ ആശംസകൾ നേർന്നു.

***പ്രവേശനോത്സവം:** ജൂൺ 4 ഞായറാഴ്ച വി. കുർബാനയ്ക്ക് ശേഷം ഒന്നാംക്ലാസ്സിലേക്ക് പുതിയതായി വന്ന കുഞ്ഞുങ്ങളെ ബഹു: വൈദികർ ഈശോ എന്ന് എഴുതിച്ച് പ്രവേശനം നൽകി. തുടർന്ന് കുട്ടികൾക്ക് മധുരപലഹാരങ്ങൾ നൽകി.

***ദുക്റാന തിരുനാൾ:** നമ്മുടെ പിതാവായ മാർത്തോമാശ്ലീഹായുടെ ഓർമദിനമായ ജൂലൈ 3 ന് ആഘോഷമായ വിശുദ്ധ കുർബാനയ്ക്ക് ശേഷം പൊതുസമ്മേളനവും കുട്ടികളുടെ വിവിധ കലാപരിപാടികളും ഉണ്ടായിരുന്നു. തുടർന്ന് പഠനത്തിനും ഹാജറിനുമുള്ള സമ്മാനങ്ങളും വിവിധ എൻഡോവ്മെന്റുകളും നൽകുകയുണ്ടായി.

**എൻഡോവ്മെന്റുകൾ**

1. പി.ടി. ദേവസ്യ പുളിക്കൽ മെമ്മോറിയൽ എൻഡോവ്മെന്റ്
Std. XII ജ്വൽന മരിയ കല്ലംപ്ലാക്കൽ
2. പി.ടി. ദേവസ്യ പുളിക്കൽ മെമ്മോറിയൽ എൻഡോവ്മെന്റ്
Std. XII നിർമല കടമ്പനാട്ട്
3. മത്തായി കോട്ടയിൽ മെമ്മോറിയൽ എൻഡോവ്മെന്റ്
Std. V തേജ തെരേസ് മായയിൽ
4. മറിയാമ്മ ആന്റണി ഇടമണ്ണിക്കൽ മെമ്മോറിയൽ എൻഡോവ്മെന്റ്
Std. X എമിലി ആന്റണി അറക്കൽ
5. അന്റണി തോമസ് ഇടിമണ്ണിക്കൽ മെമ്മോറിയൽ എൻഡോവ്മെന്റ്
Std. VII ജേക്കബ് മുളങ്കാശ്ശേരി
6. കുര്യൻ & മേരി കണ്ടത്തിൽ മെമ്മോറിയൽ എൻഡോവ്മെന്റ്

Std. VII റോസമ്മ എലിസബത്ത് മാത്യു കോട്ടയിൽ

7.മാത്യു മണ്ണാപറമ്പിൽ മെമ്മോറിയൽ എൻഡോവ്മെന്റ്

First Class : Std. IV എയ്ഞ്ചൽ മരിയ മാമ്പള്ളിൽ

Secon Class : Std. IV ജോവാക്കിം നായിപുരയിടത്തിൽ

Scond Class : Std. IV ഫ്രാൻക്ളിൻ പെരുമ്പനാനിക്കൽ

First Class : Std. VIII അക്സ മരിയ ഒറ്റപ്ലാക്കൽ

Scond Class : Std. IV കാമ്മിലസ് ഓരത്തേൽ

8. ജോസഫ് കിഴക്കേക്കര മെമ്മോറിയൽ എൻഡോവ്മെന്റ്

Best Perfomance in Class Std. XII

അൽന മരിയ മാത്യു കൊട്ടാരത്തിൽ
എലിസബത്ത് ഉറുമ്പിൽ
ലൂസിയ വഴക്കുഴ
മേരി മുണ്ടുതറയിൽ
ആൻമരിയ മണലുംകുഴി

## നിർമല യു.പി.സ്കൂൾ

2023 ജൂൺ 1 ന് പ്രവേശനോത്സവത്തോടെ പുതിയ അധ്യയന വർഷത്തിന് തുടക്കം കുറിച്ചു. അക്ഷരദീപം തെളിക്കൽ, പഠനക്കിറ്റ് വിതരണം, കുട്ടികളുടെ വിവിധ കലാപരിപാടികൾ എന്നിവ നടത്തി.

**സർവ്വീസിൽ നിന്നും വിരമിച്ചു:** ദീർഘകാലത്തെ സേവനത്തിന് ശേഷം ലിസമ്മ പി.സി. കുരികിലംകാട്ടിൽ 2023 ഏപ്രിൽ 30 ന് സർവ്വീസിൽ നിന്ന് വിരമിച്ചു.

**വിവിധ ദിനാചരണങ്ങൾ :** പരിസ്ഥിതി ദിനം, വായനാദിനം, യോഗാദിനം, ലോക ലഹരി വിരുദ്ധ ദിനം എന്നീ ദിനങ്ങൾ വിവിധ പ്രവർത്തനങ്ങളോടെ നടത്തി.

ജൂലൈ 1 ഡോക്ടേഴ്സ് ഡേയിൽ ഡോ.സ്റ്റെമിൻ തോമസിനെ ADSU നല്ല പാഠം പ്രവർത്തകർ ആദരിച്ചു.

**ADSU ബെസ്റ്റ് സ്കൂൾ അവാർഡ്:** തലശ്ശേരി അതിരൂപതാ ADSU 2023 വർഷത്തെ മികച്ച പ്രവർത്തനങ്ങൾ നടത്തിയ വിദ്യാലയത്തിനുള്ള അവാർഡ് നിർമല യു.പി. സ്കൂളിന് ലഭിച്ചു. അങ്ങാടിക്കടവ് ഹയർസെക്കണ്ടറി സ്കൂളിൽ വെച്ച് നടന്ന അതിരൂപതാതല യോഗത്തിൽ വെച്ച് ബെസ്റ്റ് സ്കൂളിനുള്ള ഉപഹാരവും ക്യാഷ് അവാർഡും ആനിമേറ്റർ സി. ഷൈലയും കുട്ടികളും ഏറ്റുവാങ്ങി.

**സ്കൂൾ പാർലമെന്റ് തെരഞ്ഞെടുപ്പ് :** ഈ വർഷത്തെ സ്കൂൾ പാർലമെന്റ് തെരഞ്ഞെടുപ്പിൽ സ്കൂൾ ലീഡറായി ജെറോൾ ജോസ്, ഡെപ്യൂട്ടി ലീഡർ ജൂഡിത്ത് ഷൈജു, സെക്രട്ടറി സാനിയ ക്ലെയർ സാബു, ജോ. സെക്രട്ടറി മിഷേൽ മരിയ എന്നിവർ തെരഞ്ഞെടുക്കപ്പെട്ടു.

ജില്ലാ നീന്തൽ മത്സരം: കണ്ണൂർ ജില്ലാ നീന്തൽ മത്സര ചാമ്പ്യൻഷിപ്പിൽ 200,400 മീറ്റർ ഫ്രീ സ്റ്റൈൽ മത്സരത്തിൽ ജിയോൾ റോസ് രണ്ടാംസ്ഥാനം കരസ്ഥമാക്കി.

## നിർമല ഹൈസ്കൂൾ

2023 മാർച്ചിൽ നടന്ന എസ്.എസ്.എൽ.സി. പരീക്ഷയിൽ നിർമല ഹൈസ്കൂൾ 100%വിജയം നേടി. പരീക്ഷ എഴുതിയ 163 കുട്ടികളും വിജയിച്ചു. 55 കുട്ടികൾക്ക് മുഴുവൻ വിഷയങ്ങളിലും A+ ലഭിച്ചു. 15 കുട്ടികൾ 9 വിഷയങ്ങളിൽ A+നേടി.

## നിർമല ഹയർസെക്കണ്ടറി സ്കൂൾ

*2023-24 അധ്യയന വർഷത്തെ പ്രവർത്തനങ്ങൾ 01.06.2023 അസംബ്ലിയോടെ ആരംഭിച്ചു. ബഹു: സ്കൂൾ മാനേജർ റവ.ഫാ.ജോർജ് കാഞ്ഞിരക്കാട്ട് സ്കൂളും പരിസരവും വെഞ്ചരിച്ചു.

* രണ്ടാംവർഷ വിദ്യാർത്ഥികൾക്ക് വേണ്ടി ജൂൺ 19, 20 തിയ്യതികളിൽ പ്രശ്സത മോട്ടിവേഷൻ ട്രെയിനർ നന്ദലാലയുടെ നേതൃത്വത്തിൽ മോട്ടിവേഷൻ ക്ലാസ്സ് സംഘടിപ്പിച്ചു.

* നിർമല സ്റ്റാർസ് സ്പോർട്സ് എന്ന പേരിൽ കായിക പരിശീലന ക്യാമ്പ് ആരംഭിച്ചു. ശ്രീകണ്ഠപുരം എസ്.ഇ.എസ്. കോളേജ് പ്രിൻസിപ്പാൾ ഡൊമിനിക് തോമസ് ക്യാമ്പ് ഉദ്ഘാടനം ചെയ്തു. സ്കൂൾ മാനേജർ റവ.ഫാ. ജോർജ് കാഞ്ഞിരക്കാട്ട് അധ്യക്ഷനായിരുന്നു. 5 മുതൽ 12 വരെ ക്ലാസ്സിലെ കുട്ടികൾക്കായി അത്‌ലറ്റിക്സ്, അക്വാട്ടിക്, ഗെയിംസ് എന്നീ വിഭാഗങ്ങളിലാണ് പരിശീലനം അണ്ടർ 14,17 19 വിഭാഗങ്ങളിലെ കുട്ടികൾക്കായി സോഫ്റ്റ് ബോൾ, ത്രോബോൾ, ഹാൻഡ് ബോൾ, വോളി ബോൾ, ടെന്നിക്കൈറ്റ്, ബാഡ്മിന്റൺ, ടെന്നീസ്, വോളിബോൾ, ബെയ്സ്ബോൾ ഖോ-ഖോ തുടങ്ങിയ ഇനങ്ങളിലാണ് ക്യാംപ് സംഘടിപ്പിച്ചിരിക്കുന്നത്.

*2023 വർഷത്തെ പ്ലസ് ടു പരീക്ഷയിൽ ഉന്നത വിജയം നേടിയ കുട്ടികളെ ആദരിക്കുകയും വിവിധ ഭാഗങ്ങളിൽ മികവ് തെളിയിച്ച കുട്ടികളെ അനുമോദിക്കുകയും എൻഡോവ്മെന്റ് വിതരണം ചെയ്യുകയും ചെയ്തു. ഏരുവേശ്ശി പഞ്ചായത്ത് പ്രസിഡണ്ട് ശ്രീമതി ടെസ്സി ഇമ്മാനുവേൽ ഉദ്ഘാടനം ചെയ്തു. സ്കൂൾ മാനേജർ റവ.ഫാ. ജോർജ് കാഞ്ഞിരക്കാട്ട് അധ്യക്ഷത വഹിച്ചു.

*ലഹരിവിരുദ്ധ ദിനാചരണത്തിന്റെ ഭാഗമായി NSS യൂണിറ്റ്, ഗൈഡ് യൂണിറ്റ് ADSU എന്നിവയുടെ നേതൃത്വത്തിൽ വിദ്യാർത്ഥികൾക്കായി ലഹരിവിരുദ്ധ റാലി സംഘടിപ്പിച്ചു.

* KPSTA യുടെ നേതൃത്വത്തിൽ സ്കൂൾ സ്വദേശി ക്വിസ് മത്സരം പങ്കെടുപ്പിച്ചു. പ്ലസ്ടു ക്ലാസ്സിലെ ആഞ്ജലീന തെരേസ ടോം ഒന്നാംസ്ഥാനം നേടി.

* 2023-24 വർഷത്തെ ആദ്യ മിഡ് ടേം എക്സാം ജൂലൈ 14 ന് ആരംഭിച്ചു.

* 15.07.2023 മമ്പറത്ത് വെച്ച് നടന്ന ജില്ലാതല അക്വാട്ടിക് ചാമ്പ്യൻഷിപ്പിൽ സ്കൂളിനെ പ്രതിനിധീകരിച്ച് 9 കുട്ടികൾ പങ്കെടുത്തു. ഇതിൽ 800 മീറ്റർ സ്റ്റൈൽ ഇനത്തിൽ എഡ്വിൻ ബിനോയ് ഒന്നാം സ്ഥാനവും 1500 മീറ്റർ

രണ്ടാംസ്ഥാനവും 400 മീറ്റർ മൂന്നാംസ്ഥാനവും വൈശാഖ് രാജൻ 1500 മീറ്റർ ഫ്രീ സ്റ്റൈൽ മൂന്നാംസ്ഥാനവും നേടി സ്കൂളിന് അഭിമാനമായി.
*നിർമല ഹയർസെക്കണ്ടറി സ്കൂൾ 2023-24 വിദ്യാരംഗം കലാസാഹിത്യ വേദിയുടെയും സ്കൂളിലെ വിവിധ ക്ലബ്ബുകളുടെയും ഉദ്ഘാടനം കുടിയാൻമല പോലീസ് എ.എസ്.ഐയും പ്രശസ്ത ചലചിത്രതാരവുമായ സദാനന്ദൻ ചേപ്പറമ്പ നിർവ്വഹിച്ചു. സ്കൂൾ അസിസ്റ്റന്റ് മാനേജർ റവ.ഫാ.ജെറിൻ മരശ്ശേരി അധ്യക്ഷനായിരുന്നു.
*നിർമല ഹയർസെക്കണ്ടറി സ്കൂളിൽ എസ്.എസ്.എൽ.സി. പരീക്ഷയിൽ ഉയർന്ന വിജയം നേടിയ കുട്ടികളെ അദരിക്കുന്നതിനായി "വിജയോത്സവം 23 സംഘടിപ്പിച്ചു. സ്കൂൾ മാനേജർ വെരി.റവ.ഫാ. ജോർജ് കാഞ്ഞിരക്കാട്ട് ഉദ്ഘാടനം ചെയ്തു. പി.ടി.എ. പ്രസിഡണ്ട് അധ്യക്ഷനായിരുന്നു.

## മുക്തിശ്രീ

കർഷക ജ്വാലയ്ക്ക് പിന്തുണ പ്രഖ്യാപിച്ചുകൊണ്ട് ചെമ്പേരി ടൗണിൽ കെ.സി.ബി.സി. മദ്യവിരുദ്ധ സമിതിയും, മുക്തിശ്രിയും സംയുക്തമായി നടത്തിയ സയാഹ്ന കൺവെൻഷൻ കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി സംസ്ഥാന വക്താവ് ഫാ. ചാക്കോ കുടിപ്പറമ്പിൽ ഉദ്ഘാടനം ചെയ്തു. മദ്യക്കച്ചവടവും അന്നദാതാവായ കർഷകനെ കൊല്ലാക്കൊല ചെയ്ത് ദ്രോഹിക്കുന്നതും തിന്മയാണെന്നും അവരുടെ അവകാശങ്ങൾക്ക് നിയമപരീരക്ഷയുണ്ടാകണമെന്നും അദ്ദേഹം പറഞ്ഞു. പ്രസിഡണ്ട് ജോസ് ചിറ്റേട്ട്, അധ്യക്ഷത വഹിച്ചു. ലിസി മേമടത്തിൽ, ഷെൽസി കാവനാടി, ജോർജ് പിണക്കാട്ട്, ജിൻസി കുഴിമുള്ളിൽ, ജോയ് പെരുമ്പുഴ, മാണി കണിയാരോലിക്കൽ എന്നിവർ പ്രസംഗിച്ചു.

## SFO

ചെമ്പേരിയിൽ 1964 ൽ ബഹു: ലിയോ അച്ചനാൽ സ്ഥാപിതമായതാണ് ഫ്രാൻസിസ്ക്കൻ അൽമായ സഭ. ആരംഭകാലത്ത് ശ്രീ കുര്യാക്കോസ് പുതിയേടത്ത് പറമ്പിൽ (സീനിയർ) ആയിരുന്നു മൂന്നാംസഭയുടെ പ്രസിഡണ്ട്. തുടർന്ന് ഓരോ കാലഘട്ടത്തിലും വിവിധ ഭാരവാഹികൾ എസ്.എഫ്.ഒ. യെ നയിച്ചു. പി.എം. മാനുവൽ, കെ.എ. തോമസ്, കെ.എ. വർക്കി, കെ. എം. മാത്യു, ദേവസ്യ കെ.എ, മേരിക്കുട്ടി അഴകത്ത് തുടങ്ങിയവർ സഭയെ നയിച്ചു. ഇപ്പോൾ പി.കെ. കുര്യാക്കോസ് പുതിയേടത്ത്പറമ്പിൽ സഭയെ നയിക്കുന്നു.

വർഷങ്ങളായി നടത്തിവരുന്ന ശവപ്പെട്ടി നിർമാണത്തിൽ നിന്നും ലഭിക്കുന്ന വരുമാനം കൊണ്ട് വിവാഹം, വിദ്യാഭ്യാസം, ചികിത്സ, ഭവന നിർമാണം തുടങ്ങിയ സഹായങ്ങൾ ചെയ്തു വരുന്നു. ഈ എസ്.എഫ്. ഓ.യിൽ ചേർന്ന് പ്രവർത്തിക്കാൻ താല്പര്യമുള്ളവരെ സ്വീകരിക്കാൻ ഞങ്ങൾ തയ്യാറാണ്

എന്ന്, എസ്.എഫ്.ഒ. പ്രസിഡണ്ട് പി.കെ. കുര്യാക്കോസ്.

# സെന്റ് വിൻസെന്റ് ഡി പോൾ

വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ ചെമ്പേരി ശാഖയായ ലൂർദ്മാതാ കോൺഫറൻസിന്റെ സുവർണ്ണജൂബിലി ആഘോഷങ്ങൾക്ക് തുടക്കം കുറിച്ചു. ചെമ്പേരി അൽഫോൻസ ഓഡിറ്റോറിയത്തിൽ നടന്ന സമ്മേളനത്തിൽ സൊസൈറ്റിയുടെ തലശ്ശേരി അതിരൂപത പ്രസിഡണ്ട് സണ്ണി നെടിയകാലായിൽ ഒരു വർഷം നീളുന്ന ആഘോഷപരിപാടികൾ ഉദ്ഘാടനം ചെയ്തു. യൂണിറ്റ് പ്രസിഡണ്ട് സണ്ണി മൂക്കനോലിക്കൽ അധ്യക്ഷത വഹിച്ചു.

ചെമ്പേരി ഏരിയ കൗൺസിൽ പ്രസിഡണ്ട് ഇമ്മാവുവൽ ചെമ്പനാംതടത്തിൽ ആമുഖപ്രഭാഷണവും ചെമ്പേരി അസി.വികാരി റവ.ഫാ. ജെറിൻ മരശ്ശേരി അനുഗ്രഹ പ്രഭാഷണവും നടത്തി. അതിരൂപതാ സെക്രട്ടറി ജോൺസൺ കുട്ടിയാനിയിൽ, മോളി ചെമ്പനാംതടത്തിൽ എന്നിവർ പ്രസംഗിച്ചു. സംഘടനയുടെ അഖിലേന്ത്യ വനിതാ പ്രതിനിധി ജോളി സെബാസ്റ്റ്യൻ കാരക്കുന്നേൽ സുവർണജൂബിലിയുടെ ഒരു വർഷത്തെ കർമ പദ്ധതി വിശദീകരിച്ചു. ജോസ് പൈങ്ങോട്ട്, ജോസ് ചിറ്റേട്ട്, ജോസഫ് പനയ്ക്കൽ, സെബാസ്റ്റ്യൻ കാരക്കുന്നേൽ എന്നിവർ നേതൃത്വം നൽകി.





# നവദമ്പതികൾ

**ഡോൺ ബോസ്കോ(ഷാരോൺ)**
S/o ഫ്രാൻസീസ് & മറിയാമ്മ
കണ്ണകുളത്ത്

**ജോസ് മരിയ (അഞ്ജു)**
D/o ജോസഫ് & ജെമ്മ
ദീപഗിരി

**10.04.2023**

**തോമസ് (ആഷിദ്)**
S/o സാജു & ലിസി
പുളിക്കൽ

**തെരേസ് (സൂര്യ)**
D/o ജോസഫ് & ബിന്ദു
പോരൂർ

**ജോർജ് (ജോയൽ)**
S/o ജോയി & ഗ്രേസി
പെരുമാലിൽ

**നിർമല (അനു)**
D/o സെബാസ്റ്റ്യൻ & മിനി
തുണ്ടത്തിൽ
ചെമ്പേരി

**22.04.2023**

**ജോൺ (ജോബിൽ)**
S/o സണ്ണി & റോസ്‌ലി
കൊട്ടുകാപ്പള്ളിൽ

**അന്നമ്മ (അലന)**
D/o ആന്റണി & ജോവമ്മ
പടുപ്പ്

**01.05.2023**

**ജോസഫ് (മനോജ്)**
S/o ചാക്കോ & ലില്ലിക്കുട്ടി
പാറപ്ലാക്കൽ

**മേരി (ജൂലി)**
D/o ജോസ് & മേരി
അങ്ങാടിക്കൽ
പുഞ്ച

**22.05.2023**

**നിജോ (തോമസ്)**
S/o ദേവസ്യ & ത്രേസ്യ
പുതുപ്പറമ്പിൽ, ചങ്ങനാശ്ശേരി

**ത്രേസ്യ (ഡിൽന)**
D/o ബാബു & ലിസമ്മ
കുര്യന്താനത്ത്

**ജോസ്ബിൻ (ജോസഫ്)**
S/o കുരുവിള & റോസമ്മ
പാറമുണ്ടയിൽ, പൈസക്കരി

**സാന്ദ്ര (മരിയ)**
D/o അഗസ്റ്റിൻ & ലിസ്സി
കാപ്പിൽ

**ഷിന്റോ (സെബാസ്റ്റ്യൻ)**
S/o ചാക്കോ & അന്നമ്മ
പേരിയകൂട്ടിൽ, പേരാവൂർ

**അഞ്ജു (കൊച്ചുത്രേസ്യ)**
D/o ജോസ് & മോളി
കുഴിമുള്ളിൽ

**ജിതിൻ (കുര്യൻ)**
S/o തോമസ് & മേരി
മാന്തറ, ചരൾ

**അഞ്ജു (മറിയം)**
D/o വർഗീസ് & ബീന
തെറ്റയിൽ



## നവദമ്പതികൾ

**ആൽബിൻ (സെബാസ്റ്റ്യൻ)**
S/o ബേബി & മോളി
ഈന്തനാംകുന്നേൽ
നെല്ലിക്കുറ്റി

**അഖിൽ (ജോർജ്)**
S/o മാത്യു & ഏലിയാമ്മ
പേമലയിൽ
പടുപ്പ്

**സൂരജ്‌ലാൽ (തോമസ്)**
S/o ബെന്നി & സലോമി
കുളത്തുങ്കൽ, പേരാവൂർ

**ജിനു (ജോസഫ്)**
S/o ചാക്കോ & വൽസമ്മ
ഏഴുപറയിൽ
പാലാവയൽ

**ജോമോൻ (തോമസ്)**
S/o കൊച്ചുമോൻ & സിമിലി
കുഴിയുഴത്തിൽ
താവളം, പാലക്കാട്

**മെർളിൻ (മേരി)**
D/o വിൻസെന്റ് & ആൻസമ്മ
ഞാവള്ളിൽ

**പിങ്കി (അന്നമ്മ)**
D/o സെബാസ്റ്റ്യൻ & ലിസ്സി
കല്ലറങ്ങാട്ട്

**അഞ്ജു (മേരി)**
D/o വിൻസന്റ് & ഷൈന
കടൂക്കുന്നേൽ

**റിഞ്ചു (എലിസബത്ത്)**
D/o ജോസ് & റോസ്‌ലിൻ
തുണ്ടത്തിൽ


**നീതു (എലിസബത്ത്)**
D/o തോമസ് & മേരി
മുള്ളൻകുഴിയിൽ


## വിവാഹ ഒരുക്ക സെമിനാർ - 2023
## MPC 2023

| | | |
|---|---|---|
| August | 17 -19 | (Thursday, Saturday) Thalassery |
| September | 21-23 | (Thursday, Saturday) Padannakkkad |
| October | 19-21 | (Thursday, Saturday) Thalassery |

അന്വേഷണങ്ങൾക്ക് – 0490 2966974, 9400206974 website : www.familytly.com

# സ്വർഗ്ഗാരോപിതയായ മാതാവിന്റെ ചിത്രം നിറംകൊടുത്ത് മനോഹരമാക്കാം



**നിറംകൊടുക്കൂ..... ആകർഷകമായ സമ്മാനങ്ങൾ നേടൂ.!**

15 വസ്സിൽ താഴെയുള്ള കുട്ടികൾക്ക് മാത്രം.

**അവസാന തീയ്യതി 2023 ആഗസ്റ്റ് 31**

*(പേപ്പർ മുറിച്ചെടുത്ത് ബഹു:കൊച്ചച്ചന്റെ പക്കൽ ഏൽപ്പിക്കുക)*

പേര് : ..........................................................................................

അഡ്രസ്സ് : ..........................................................................................

...................................................................ഫോൺ: ...................................

വയസ്സ് : ..................................



# അനുദിന സുവിശേഷം

## ആഗസ്റ്റ് 2023



| ഞായർ | തിങ്കൾ | ചൊവ്വ | ബുധൻ | വ്യാഴം | വെള്ളി | ശനി |
|---|---|---|---|---|---|---|
| | | വി.അൽഫോൻസ് ലിഗോരി<br>**1**<br>റോമ: 8:1 - 11<br>മർക്കോ: 12:28 - 31 | **2**<br>2കോറി:5:15 - 21<br>മത്താ:1:16 - 20 | **3**<br>യാക്കോ5:13 - 20<br>മത്താ: 10:5 - 15 | **4**<br>1സാമൂ:21:1 - 16<br>എസെ:36:22 - 27<br>2 കോറി:1:3 - 7<br>മത്താ:9:35 - 10:1 | **5**<br>യാക്കോ:4:13 - 17<br>ലൂക്കാ:9:49 - 56 |
| നമ്മുടെ കർത്താവിന്റെ രൂപാന്തരീകരണം<br>**6**<br>പുറ:19:1 - 18<br>20+18:21<br>ശ്ലീഹ:1:15 - 26<br>ഹെബ്രാ:12:18 - 29<br>മത്താ:17:1 - 9 | **7**<br>യാക്കോ:5:1 - 6<br>ലൂക്കാ:18:25 - 10 | വി. ഡൊമിനിക് പു.<br>**8**<br>1 കോറി:2:1 - 10<br>ലൂക്ക:9:57 - 62 | **9**<br>2 കോറി:13:1 - 4<br>മത്താ:9:35 - 10:1 | **10**<br>യാക്കോ:4:7 - 12<br>ലൂക്ക:12:49 - 53 | വി.ക്ലാര ക.<br>**11**<br>നിയ:17:2 - 9<br>ഏശ: 62:1 - 15<br>ഫിലി:3:8 - 14<br>മത്താ19:27 - 29 | **12**<br>2 തെസ 2:5 - 12<br>മത്താ:11:20 - 24 |
| കൈത്താ 5 - ാം ഞായർ<br>**13**<br>ലേവ്യ23:33 - 44<br>ഏശ:28:14 - 22<br>2കോറി:12:14- 21<br>ലൂക്ക:16:19 - 31 | വി. മാക്സ് മില്ല്യൺ കോൾബെ<br>**14**<br>1പത്രോ:3:14 - 17<br>ലൂക്ക:9:23 - 26 | പരി.മാതാവിന്റെ സ്വർഗ്ഗാരോപണം<br>**15**<br>പുറ:15:11 - 18<br>ശ്ലീഹ:1:6 - 14<br>റോമ:16:17 - 27<br>യോഹ:2:1 - 12 | **16**<br>1 തിമോ:6:17 - 21<br>മത്താ:7:15 - 20 | **17**<br>2പത്രോ:1:10 - 15<br>മർക്കോ:10:35 - 45 | വി.ശ്മോനിയും 7 മക്കളും<br>**18**<br>2മക്ക:7:1 - 9<br>ശ്ലീഹ:7:54 - 60<br>ഹെബ്രാ:11:32 - 12:2<br>മത്താ:10:16 - 25 | **19**<br>2 തെസ2:1 - 4<br>മർക്കോ:13:3 - 13 |
| കൈത്താ 6 - ാം ഞായർ<br>**20**<br>ലേവ്യ 19 - 14<br>ഏശ:29 - 19 - 24<br>1തെസ:2:1 - 12<br>ലൂക്ക:17:11 - 19 | വി. പത്താംപിയൂസ് മാർപാപ്പ<br>**21**<br>1രാജാ:19:3 - 18<br>സുഭാ:9:1 | **22**<br>1തെസ:3:2 - 6<br>മത്താ:9:18 - 26 | **23**<br>1തെസ:5:1 - 11<br>മത്താ:24:37 - 44 | ബർത്തലോമിയ ശ്ലീഹ<br>**24**<br>നിയ:18:15 - 19<br>ഏശ:22:15 - 22<br>15:23<br>1കോറി:12:27 - 31<br>ലൂക്ക:6:12 - 19 | വി.ശിമയോൻ ബർസാബയും സഹരക്തസാക്ഷികളും<br>**25**<br>ദാനി:3:25 - 28<br>36 - 42<br>ശ്ലീഹ:6:8 - 15 | **26**<br>1 യോഹ:2:1 - 6<br>ലൂക്കാ21: 5 - 36<br>20:24 |
| കൈത്താ 7 - ാം ഞായർ<br>**27**<br>ലേവ്യ: 19:15:18<br>ഏശ: 33:1 - 15<br>1 തെസ:2:14 - 20<br>ലൂക്ക:18:1 - 8 | വി. അഗസ്റ്റ്യൻ മേ.മ<br>**28**<br>നിയ:10:12 - 17<br>ജ്ഞാനം:7:10 - 14<br>2കോറി:5:14 - 21 | **29**<br>ഉല്പ:12:1 - 4<br>പ്രഭാ:2:1 - 6<br>1തെസ:4:1 - 8<br>മർക്കോ:10:35 - 45 | **30**<br>റോമ: 14:7 - 9<br>മർക്കോ:5:1 - 13 | **31**<br>2 തെസ:3:6 - 12<br>മത്താ:13:10 - 12 | | |



# അനുദിന സുവിശേഷം

## സെപ്റ്റംബർ 2023

| ഞായർ | തിങ്കൾ | ചൊവ്വ | ബുധൻ | വ്യാഴം | വെള്ളി | ശനി |
|---|---|---|---|---|---|---|
| | | | | | **1**<br>റോമ8:26 - 30<br>മർക്കോ:10:13:16 | ഏലിയാശ്ലീവ മൂശാക്കാലം<br>**2**<br>2തെസ:3:13:18<br>മർക്കോ:2:13 - 17 |
| ഏലിയാ ശ്ലീവ മൂശ 1-ാം ഞായർ<br>**3**<br>നിയ:6:20 - 25<br>ഏശ:31:4 - 9<br>തെസ:1:3 - 10<br>ലൂക്ക:18:35 - 43 | **4**<br>2 കോറി:12:1 - 6<br>ലൂക്ക:12:35 - 40 | കൊൽക്കത്തിലെ വി.മദർ<br>**5**<br>യാക്കോ:2:14 - 17<br>മത്താ:25:31 - 40 | **6**<br>ഗലാ:4:8 - 11<br>ലൂക്ക:12:41 - 48 | **7**<br>1 പത്രോ:1:22 - 35<br>ലൂക്ക:17:20 - 37 | പ.ക.മറിയത്തിന്റെ പിറവിത്തിരുനാൾ<br>**8**<br>ഉല്പ: 17:15:22<br>ഏശ:43:1 - 7<br>വെളി:12:1 - 6<br>മത്താ: 1:1 - 16 | **9**<br>2പത്രോ:3:18 - 13<br>മത്താ:13:44 - 51 |
| ഏലിയാ ശ്ലീവ മൂശ 2-ാം ഞായർ<br>**10**<br>നിയ:7:17 - 11<br>ഏശ:30:18 - 26<br>2തെസ2:14 - 3:3<br>മത്താ:13:1 - 9<br>18 - 23 | **11**<br>വെളി:7:9 - 17<br>മത്താ:19:27 - 10 | **12**<br>2തിമോ:2:14 - 17<br>യോഹ:16:20 - 34 | **13**<br>എഫേ:4:1 - 7<br>11:13<br>മർക്കോ:4:1 - 9 | **14**<br>സംഖ്യ:21:4 - 9<br>ഏശ: 42:13 - 17<br>1 കോറി:1:18 - 25<br>ലൂക്ക:24:13 - 37 | **15**<br>1പത്രോ:2:19 - 25<br>ലൂക്ക:13:6 - 9 | **16**<br>1 പത്രോ:2:11 - 19<br>മത്താ:8:5 - 13 |
| ഏലിയാ ശ്ലീവ മൂശ 3-ാം ഞായർ<br>**17**<br>ഏശ:33:13 - 24<br>ഫിലി:2:1 - 11<br>മത്താ: 4:12 - 17 | **18**<br>ഫിലി: 4:10 - 14<br>മത്താ:5:43 - 48 | **19**<br>2 പത്രോ:3:1 - 7<br>മത്താ:23:29 - 36 | **20**<br>1 തെസ:4:13 - 18<br>മത്താ:24:29 - 36 | വി.മത്തായി ശ്ലീഹ<br>**21**<br>1 ദിന29:10 - 19<br>എസെ:1:1 - 14<br>ഹെബ്രാ:<br>11:23 - 26<br>മത്താ:9:9 - 13 | **22**<br>2 തിമോ:2:1 - 7<br>ലൂക്ക:4:31 - 37 | **23**<br>കൊളൊ:1:24 - 29<br>ലൂക്ക:15:1 - 7 |
| ഏലിയാ ശ്ലീവ മൂശ 4-ാം ഞായർ<br>**24**<br>നിയ: 9:1- 6<br>ഏശ: 25:1 - 8<br>ഫിലി: 3:1 - 11<br>മത്താ: 17:14 - 21 | **25**<br>1യോഹ:5:13 - 21<br>യോഹ:8:39 - 47 | **26**<br>റോമ:3:1 - 8<br>മത്താ:10:26 - 33 | വി.വിൻസെന്റ് ഡി പോൾ<br>**27**<br>നിയ:24:10 - 18<br>ഏശ:42:1 - 19<br>1കോറി:1:<br>26 - 31<br>മത്താ:9:35 - 35 | **28**<br>2 പത്ര:2:20 - 22<br>മത്താ:11:11 - 19 | മാലാഖാമാരായ വി.മിഖായേൽ, ഗബ്രിയേൽ, റഫായേൽ<br>**29**<br>വെളി:12:7 - 12<br>യോഹ:1:43 - 51 | വി.ജറോം മ.<br>**30**<br>നിയ:7:6 - 11<br>പ്രഭാ:24:12 - 17<br>2 തിമോ:3:12 - 17<br>മത്താ:3:44 - 52 |




| ഞായർ | തിങ്കൾ | ചൊവ്വ | ബുധൻ | വ്യാഴം | വെള്ളി | ശനി |
|---|---|---|---|---|---|---|
| വി. കൊച്ചു ത്രേസ്യ ക.മ.<br>**1**<br>നിയ:32:8 - 12<br>ഏശ: 66:12 - 18<br>എഫേ:3:14 - 19<br>മത്താ: 18:1 - 5 | കാവൽ മാലാഖ<br>**2**<br>ശ്ലീഹ:12:6 - 11<br>മത്താ:18:10 - 24 | **3**<br>തീത്തോ2:11 - 14<br>മർക്കോ:9:42 - 48 | വി. ഫ്രാൻസീസ് അസ്സീസി<br>**4**<br>നിയ: 15:7 - 11<br>ഏശ: 6:1 - 7<br>ഗലാ: 6:14 - 17<br>മത്താ:11:25 - 30 | **5**<br>2തിമോ:3:1 - 7<br>മത്താ:8:1 - 4 | **6**<br>തീത്തോ:2:6 - 10<br>ലൂക്ക:11:5 - 13 | **7**<br>2 തിമോ:4:6 - 8<br>മത്താ:26:6 - 13 |
| ഏലിയാ ശ്ലീവ മൂശ 6 -ാം ഞായർ<br>**8**<br>നിയ:10:12 - 20<br>ഏശ:33:2 - 10<br>മത്താ:18:1 - 9<br>1കോറി14:26 - 33 | **9**<br>2 തിമോ:2:8 - 13<br>മർക്കോ:6:18 - 29 | **10**<br>2തിമോ:2:21 - 26<br>മത്താ:5:13 - 16 | **11**<br>ഹെബ്രാ:2:1 - 4<br>ലൂക്ക:20:20 - 26 | **12**<br>2യോഹ:4 - 11<br>യോഹ:5:39 - 47 | **13**<br>2 തിമോ 1:1 - 7<br>ലൂക്ക 21:7 - 19 | ആവിലായിലെ വി.ത്രേസ്യ<br>**14**<br>നിയ:11:13 - 17<br>ഏശ:61:10 - 11<br>കൊളൊ:2:20 - 3:4<br>യോഹ:14:18 - 24 |
| ഏലിയാ ശ്ലീവ മൂശ 7 -ാം ഞായർ<br>**15**<br>നിയ:11:1 - 9<br>ഏശ:40:12 - 17<br>2കോറി:2:12 - 17<br>മത്താ:20:1 - 6 | വാഴ്ത്തപ്പെട്ട തേവർപറമ്പിൽ കുഞ്ഞ ച്ചൻ<br>**16**<br>ഉല്പ: 12:1 - 4<br>ഏശ:4 - 1:4<br>1പ്ത്രോ:4:12 - 19<br>യോഹ:10:1 - 15 | അന്ത്യോക്യായിലെ വി.ഇഗ്നേ ഷ്യസ്<br>**17**<br>2സാമു:22:31:35<br>ജ്ഞാനം 3:1 - 6<br>റോമ: 8:35 - 39<br>യോഹ:12:20:26 | വി.ലൂക്ക സുവിശേ ഷകൻ<br>**18**<br>തോബി:12:6 - 15<br>പ്രഭാ:38:1 - 9<br>കൊളൊ:4:10 - 15<br>ലൂക്ക:9:23 - 26 | **19**<br>ഹെബ്രാ:10:1 - 10<br>ലൂക്ക:9:28 - 36 | **20**<br>1 പത്രോ:3:1 - 7<br>ലൂക്ക:20:27 - 40 | മാതാവിന്റെ വിമല ഹൃദയം<br>**21**<br>ഫിലി:2:12 - 16<br>യോഹ:4:46 - 54 |
| മിഷൻ ഞായർ<br>**22**<br>1 കോറി:9:13 - 18<br>മത്താ: 10:1 - 15 | **23**<br>ഹെബ്രാ:10:19 - 25<br>മത്താ:18:10 - 14 | **24**<br>ഗലാ:6:11 - 10<br>ലൂക്ക: 4:38 - 44 | **25**<br>ഹെബ്രാ:11:11 - 22<br>ലൂക്ക:11:37 - 42 | **26**<br>റോമ:14:10 - 13<br>മത്താ:25:1:13 | **27**<br>ഹെബ്രാ:2:9<br>ലൂക്ക:16:1 - 8 | ശിമയോൻ യൂദാ തദ്ദേവൂസ് ശ്ലീഹൻമാർ<br>**28**<br>പുറ: 15:11 - 13<br>ജ്ഞാനം:10:15 - 21<br>എഫേ:6:10 - 17<br>യോഹ: 15:18 - 25 |
| ഏലിയാ ശ്ലീവ മൂശ 9 -ാം ഞായർ<br>**29**<br>നിയ: 13:12 - 18<br>ഏശ: 41:8 - 16<br>ഗലാ: 6:1 - 10<br>മത്താ: 8:23 - 34 | **30**<br>ഹെബ്രാ:2:10 - 18<br>മത്താ:24:3 - 14 | **31**<br>1 തെസ: 4:9 - 12<br>യോഹ:11:1 - 6 | | | | |



5 ലക്ഷത്തിന് തളിപറമ്പിൽ
വീട് വാങ്ങുമ്പോൾ
4 ലക്ഷത്തിന്റെ ALTO കാർ സമ്മാനം!!
5 ലക്ഷം* അഡ്വാൻസ് നൽകി
ആദ്യം ബുക്ക് ചെയ്യുന്ന 4 പേർക്ക്
ഓരോ ALTO കാർ സമ്മാനം*
*ബാക്കി 15 വർഷ ലോൺ സൗകര്യം **നിബന്ധനകൾ ബാധകം
സ്വിമ്മിംഗ്പൂൾ ഉൾപ്പെടെ
ആധുനിക സൗകര്യങ്ങളുള്ള വില്ലകൾ
55 ലക്ഷം മുതൽ
5 സെന്റ്
1350 Sq.Ft.
3 ബെഡ്റൂം
ഇന്ന് തന്നെ ബുക്ക് ചെയ്യൂ... വീടിനൊപ്പം കാറും നേടൂ....
കരുവഞ്ചാലിലും
പണി പൂർത്തിയായ വിവിധ
ഡിസൈനുകളിൽ വീടുകൾ
വായാട്ടുപറമ്പ് പള്ളിക്ക് സമീപം
9 സെന്റിൽ 3 ബെഡ്റൂം
പുതിയ വീട്
25 ലക്ഷം മുതൽ
2 ലക്ഷം അഡ്വാൻസ്
ബാക്കി
15 വർഷത്തെ
ലോൺ സൗകര്യം
CMR
VILLA PROJECT
Taliparamba, Kannur
www.cmrdevelopers.com
സൈറ്റ്
സന്ദർശനത്തിനും
ബുക്കിംഗിനും
വിളിക്കുക
8078 230 000
7891 011 798
9446 475 555



ST. JUDE HEAVY MOTOR
DRIVING SCHOOL
ബസ്സ്റ്റാന്റിന് സമീപം, ചെമ്പേരി
9495 041 875 9495 261 463 0460 2085 463
ST. JUDE
TATA
WAGONR
ഉത്തരവാദിത്വത്തോടെയുള്ള ഡ്രൈവിംഗ് പരിശീലനം
വനിതകൾക്ക് വനിതാ ഇൻസ്ട്രക്ടർ ഉണ്ടായിരിക്കും
ഡ്രൈവിംഗ് പഠിച്ചവർക്കും തുടർന്ന് വാഹനം ഓടിക്കുന്ന-തിനുള്ള പരിശീലനവും നിർദ്ദേശവും കൊടുക്കുന്നു.
STOP
CHOOSE RIGHT WAY
60
ALTO
ബസ്, ലോറി, ജീപ്പ്, ഓട്ടോമാറ്റിക് കാർ, ഓട്ടോറിക്ഷ, സ്കൂട്ടി, മോട്ടർ സൈക്കിൾ
എന്നിവ ഉത്തരവാദിത്വത്തോടെ ലൈസൻസ് എടുക്കുവാൻ പ്രാപ്തരാക്കുന്നു.